2011 April - June

GEORGIAN MIRROR

kt_lmZc·mÀ
Hs¯mcpan¨p
hkn¡p¶X

ജോർജിയൻ മിറർ
മലങ്കരയുടെ സത്യദർശനം

പു.3 ലക്കം 2 ▪ 2011 ഏപ്രിൽ – ജൂൺ

രക്ഷാധികാരി
ഡോ. യാക്കോബ് മാർ ഐറേനിയോസ്

ചീഫ് എഡിറ്റർ
ഫാ. ബിജു എബി മാത്യൂസ്

എഡിറ്റർ
പി. എ. അലക്സാണ്ടർ

മാനേജിംഗ് എഡിറ്റർ
സജു സി. ഡാനിയൽ

കോ-ഓർഡിനേറ്റിങ്ങ് എഡിറ്റർ
അഡ്വ. വർഗീസ് പി. തോമസ്

ഫോട്ടോ എഡിറ്റർ
ഏബ്രഹാം തരകൻ

മാർക്കറ്റിംഗ് മാനേജർ
പി. ഐ. ബാബു

സർക്കുലേഷൻ മാനേജർ
പി. എം. പീറ്റർ

ക്യാമ്പെയിൻ മാനേജർ
സി. വി. ബഞ്ചമിൻ

ഫൈനാൻസ് മാനേജർ
ജേക്കബ് ഡാനിയേൽ പി.

പ്രോഗ്രാം മാനേജർ
അഡ്വ. പി. സി. ചാക്കോ

എഡിറ്റോറിയൽ ബോർഡ്
ഫാ. ഡോ. കുര്യാക്കോസ് തണ്ണിക്കോട്ട്,
മാത്യു അലക്സാണ്ടർ,
പ്രൊഫ. തോമസ് പി. വർഗീസ്,
സി.വി. സോളമൻ, പി.എ. ജോർജ്

അഡ്വൈസറി ബോർഡ്
ഫാ. സൈമൺ ജോസഫ്,
ബാബു സി. ജോർജ്, ജോർജ് വർഗീസ്,
ലീലാമ്മ കുര്യൻ, റെച്ചൽ ലാബി,
റെജി വി. ഡാനിയേൽ

ടെക്നിക്കൽ കൺസൾട്ടന്റ്
മാത്യൂ ആൻഡ്രൂസ്

Georgian Mirror is published trimonthly by St. George Orthodox Valiyapally, Palarivattom, Kochi-25.
© All rights reserved. Reproduction in any manner without permission is prohibited.
Printed and Published by:
Mathew Alexander for St. George Orthodox Valiyapally, Palarivattom, Kochi-682 025

Editor : P.A. Alexander, Responsible for selection of news under the PRB Act

Editorial Office:
Georgian Mirror, St. George Orthodox Valiyapally
Palarivattom, Kochi-682 025. Phone: 0484-2346096
E-mail: gmirror2009@yahoo.com
Chief Editor: 98475 44477, Editor: 98475 44046

Church Website: www.sgovp.com

Printed at Viani Printings, Lisie Hospital Road, Kochi-682 018. Phone: 0484-2401635

MISSION STATEMENT

To fight for the MOST HOLY FAITH that God has once for all entrusted to His Saints (St. Jude 3,20)



വിശുദ്ധന്മാർക്ക് ഒരിക്കലായിട്ട് ഭരമേൽപിച്ചിരിക്കുന്ന അതിവിശുദ്ധ വിശ്വാസത്തിനു വേണ്ടി പോരാടേണ്ടതിന് (വി. യൂദാ 3,20)

ഉള്ളടക്കം

4 രക്ഷാധികാരിയുടെ കത്ത്

5 **കവർസ്റ്റോറി: സഭാഐക്യം**

Hcp IÀ¯mhpw Hcp hnizmkhpw
Hcp amt½mZokmbpw
• ഫാ. ഡോ. റജി മാത്യൂ

7 **സുപ്രീംകോടതിവിധി സഭയുടെ ഏകത്വം നിലനിർത്താൻ**
• ജസ്റ്റിസ് കെ. ജോൺ മാത്യു

9 **സമാധാനം ആവശ്യമുണ്ടോ?**
• ഫാ. ഡോ. കെ. എം. ജോർജ്

10 **സഭാതർക്കം സ്വത്തുക്കൾ ഭാഗിച്ചാൽ പരിഹരിക്കപ്പെടുമോ**
• ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്

13 **സഭാസമാധാനം: പരിഹാരം വഴിപിരിയലോ, യോജിപ്പോ?**
• തോമസ് പോൾ റമ്പാൻ

17 **നമുക്കു വേണ്ടത് സമാധാനത്തിന്റെ സുവിശേഷം**
• ലെജു പി. തോമസ്

18 **യോജിപ്പാണ് നല്ല മാർഗം**
• ഫാ. വി.എം.ഗീവർഗീസ് കല്ലൂപ്പറമ്പിൽ

20 **Why the Peace of 1958 Foundered**
• Georgy S. Thomas

25 k`mkam[m\w tbmPn¸neqsS am{Xw
• തോമസ് ചാണ്ടി

26 **അടിയിലെ ആസാമി**
• ഡോ. എം. കുര്യൻ തോമസ്

34 **വിശ്വാസ സത്യങ്ങൾ**
• പ്രൊഫ. തോമസ് പി. വർഗ്ഗീസ്

37 **സമകാലീന ചിന്തകൾ – മതവും രാഷ്ട്രീയവും**
• ഫാ. ജോൺസൺ പുഞ്ചക്കോണം

38 **കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങൾ**
• ജോസ് കുര്യൻ പുലിയേറിൽ

40 **ജീവകാരുണ്യം**
സഖറിയാ മാർ അന്തോണിയോസ് കാരുണ്യനിലയം
• ഫാ. സൈമൺ ജോസഫ്

43 **ജാലകം** • പോൾ മണലിൽ

44 **വേദവിചാരം**
• ഫാ. ഡോ. കുര്യാക്കോസ് തണ്ണിക്കോട്ട്

45 **ഇരുളും വെളിച്ചവും**
• ഫാ. ഡോ. ഓ. തോമസ്

46 **മെൽത്തോ**

48 tkh\cwKw:
k`b¡ Hcp hnhmlthZn
• ^m.]n.F. ^nen¸

50 **സഭാ വാർത്തകൾ**

51 **ഇടവക വാർത്തകൾ**

52 **വിശേഷദിവസങ്ങൾ**

53 **Letters**

കവർ: ഇതാ, സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവുമാകുന്നു ! (സങ്കീ. 133:1)
ഉള്ളിൽ പ്രകാശമുള്ളവർക്ക് മാത്രമേ മറ്റുള്ളവരെ സ്നേഹിക്കാനും അവരുമായി ഒത്തൊരുമിക്കുവാനും കഴിയൂ. ശില്പം: **ജിനൻ സി.ബി.** ഫോട്ടോ: **സജു ഡാനിയേൽ**
നന്ദി: **ടൂറിസം വകുപ്പ്**, കേരള സർക്കാർ



k`mkam[m\¯nsâ hgnIÄ

സമാധാനം!

എത്ര സുന്ദരമായ പദം! സഭാ വ്യവഹാരങ്ങൾ കോടതിമുറികളിലൂടെ ഇഴയുമ്പോൾ ന്യായാധിപൻ ചോദിച്ചു: "ഇതു പുറത്തുവച്ചു പറഞ്ഞുതീർത്തുകൂടെ? പുറത്തുനിന്നുള്ള മദ്ധ്യസ്ഥനാരുമാകാമല്ലോ." ഇത് ഉത്തരവായിരുന്നില്ല; ഒരു നിർദ്ദേശവും അഭിപ്രായവും മാത്രം. ഇരുഭാഗവും അനുകൂലിച്ചാൽ മാത്രം അത്തരമൊരു മദ്ധ്യസ്ഥ ചർച്ചയ്ക്ക് കോടതി സംവിധാനമുണ്ടാക്കും. ജസ്റ്റിസ് മളീമഠിന്റെ മേൽനോട്ടത്തിൽ പരുമലയിൽ അസോസിയേഷൻ നടത്തിയതുപോലെ.

ഇത്തരം നിർദ്ദേശങ്ങളിലും ചർച്ചകളിലും പുതുമയില്ല. മദ്ധ്യസ്ഥരുടെ സാന്നിധ്യത്തിലും അല്ലാതെയും ഒട്ടനവധി ചർച്ചകൾ മുമ്പും നടന്നിട്ടുണ്ട്. അവിടെയൊന്നും അനുരഞ്ജനമുണ്ടായില്ല. അനുരഞ്ജനമേ ഉണ്ടായില്ല എന്നതു തീർത്തും ശരിയല്ല. 1958 മുതൽ 1970 കളുടെ പ്രാരംഭം വരെ ഒരു ശാന്തത കാണുന്നുണ്ട്. അതിനെ'സമാധാന'മെന്നു വിളിക്കാമെങ്കിൽ, അതിനു നിമിത്തമായത് നേരിട്ടോ അല്ലാതെയോ ഉള്ള സന്ധി സംഭാഷണങ്ങളല്ല, മറിച്ച് 1958 ൽ ഒരു കക്ഷിക്ക് പൂർണ്ണ പരാജയം നൽകിക്കൊണ്ട് അശനിപാതം പോലെയെത്തിയ സുപ്രീംകോടതി വിധിയാണ്. വീണ്ടും പന്ത്രണ്ടു വർഷം കഴിഞ്ഞ് 'കാലഹരണ'മായപ്പോൾ ഉണ്ടായ 'സമാധാനം' അലിഞ്ഞില്ലാതായി.അപ്പോൾ 1958 ൽ ഉണ്ടായത് സമാധാനമല്ലേ? അതെങ്ങനെതകർന്നു? അന്നു നടന്ന പരസ്പര സ്വീകരണം 'കബളിപ്പിക്കൽ' ആണെന്നു പറയുന്നവർ പോലുമുണ്ട്!! തർക്കങ്ങളും കയ്യേറ്റങ്ങളും മൂർച്ഛിച്ചു കൊലപാതകം വരെയെത്തി. വീണ്ടും ഇതാ സമാധാനത്തിനുള്ള ആഹ്വാനം!

എന്താണ് ഈ തർക്കത്തിലെ കാതലായ വിഷയം? അതറിയാതെ, 'എങ്ങനെയെങ്കിലും സമാധാനം' എന്ന് ഉരുവിടുന്നതിൽ കഴമ്പില്ല. **വി. മാർതോമ്മാ ശ്ലീഹാ സ്ഥാപിച്ചു വളർത്തിയ മലങ്കരസഭയുടെ മക്കൾക്ക്, ദൈവനിയോഗപ്രകാരം മറ്റു സഭകൾക്കുള്ളതുപോല, അവരുടെ ഭാഗധേയം നിർണ്ണയിക്കാൻ സ്വാതന്ത്ര്യമുണ്ടോ, ഇല്ലയോ? ഇതാണ് വിഷയം.**

പത്രോസ് III എന്ന സിറിയൻ പാത്രിയർക്കീസ് മലയാളക്കരയിൽ കാൽവച്ച നാൾമുതൽ കേൾക്കുന്ന ഒരു വാദഗതി ഇങ്ങനെയാണ്: 'ആദിമുതലേ മലങ്കരസഭ അന്ത്യോക്യാ പാത്രിയർക്കീസിന്റെ വരുതിയിലായിരുന്നു'. ചരിത്രപരമായ ഇത് അവാസ്തവവും അസംബന്ധവുമാണെങ്കിലും ഒരു വിഭാഗം ഇത് ആവർത്തിച്ചുകൊണ്ടിരുന്നു; ഇപ്പോഴും തുടരുന്നു. സിറിയൻ സഭാദ്ധ്യക്ഷന്മാരുടെ അദ്ധ്വാനഫലമാണ് മലങ്കരസഭ എന്നാണ് ആ വാദം. മലങ്കരസഭ അങ്ങനെ സിറിയൻ സഭയുടെ ഒരു കോളനി മാത്രം!

നിലവിലുള്ള ഭിന്നതയെ പലരും പലതരത്തിലാണ് വ്യാഖ്യാനിക്കുന്നത്. 'സ്വത്തിനു വേണ്ടിയുള്ള തർക്കം', 'ആരാധനാ സ്വാതന്ത്ര്യം', 'ശവസംസ്കാര തർക്കം', 'മുടക്കപ്പെട്ടവർ പുറത്ത്'... ഇങ്ങനെ പോകുന്നു വായ്ത്താരികൾ!

റോമൻ കത്തോലിക്കാ സഭ, സഭകളുടെ സഹകരണത്തിനും ഐക്യത്തിനും വേണ്ടിയുള്ള ഡബ്ല്യൂ.സി.സിയിൽ ഔദ്യോഗിക അംഗമല്ല. എങ്കിലും എക്യുമെനിസത്തെപ്പറ്റി അവർക്ക് ഒരു കാഴ്ചപ്പാടുണ്ട്. സമസ്ത ക്രിസ്ത്യാനികളും റോമാ സഭാദ്ധ്യക്ഷനായ പാപ്പായുടെ വരുതിയിൽ വരണം എന്നതാണ് ആ കാഴ്ചപ്പാട്. (ഉദയംപേരൂർ സുന്നഹദോസിൽ ഈ നിലപാട് സ്ഥാപിക്കാനുള്ള തത്രപ്പാടായിരുന്നു.) മറ്റൊരു സഭയും ഈ അഭിപ്രായത്തോടു യോജിക്കുന്നില്ല. രസകരമായ മറ്റൊരു മുഖം:

സഭാതർക്കം ഇതര സഭാദ്ധ്യക്ഷന്മാരും സമുദായ നേതാക്കന്മാരുമുൾപ്പെടുന്ന മദ്ധ്യസ്ഥ സമിതിക്കു വിടണം എന്ന് ഒരു കക്ഷി പരസ്യമായി പറയാൻ തുടങ്ങിയിട്ട് കുറെക്കാലമായി, മദ്ധ്യസ്ഥരുടെ തീരുമാനം എന്തായാലും സ്വീകരിച്ചുകൊള്ളാമത്രെ! കേൾക്കാൻ സുഖമുള്ള അഭിപ്രായം!

മഞ്ഞനിക്കരെ കബറടങ്ങിയിരിക്കുന്ന ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ 79-ാം ചരമദിനം പ്രമാണിച്ച് 2011 ഫെബ്രുവരി 10 ന് പ്രസിദ്ധീകരിച്ച മലയാള മനോരമയുടെ "മഞ്ഞനിക്കര പെരുന്നാൾ സപ്ലിമെന്റ്" രണ്ടാം പേജിൽ വെരി. റവ. ജേക്കബ് തോമസ് കോർ എപ്പിസ്കോപ്പയുടെ ലേഖനത്തിൽ ഇങ്ങനെ കാണുന്നു:

"1931 മാർച്ച് ആറാം തീയതി കറാച്ചിയിൽ നിന്നും ട്രെയിൻമാർഗ്ഗം ഡൽഹിയിൽ എത്തി വൈസ്രോയിയെ സന്ദർശിച്ചു. വൈസ്രോയിയുമായുള്ള സംഭാഷണത്തിൽ സഭാ സമാധാനത്തിനു വേണ്ടി ഇതര സഭാദ്ധ്യക്ഷന്മാർ ഉൾപ്പെടുന്ന ഒരു ആർബിട്രേഷൻ ബോർഡ് വാദം കേൾക്കുന്നതിനെപ്പറ്റി വൈസ്രോയി പ്രസ്താവിച്ചപ്പോൾ പരിശുദ്ധ (പാത്രിയർക്കീസ്) ബാവാ ഇപ്രകാരം പറഞ്ഞു: 'അല്ലയോ പ്രഭുവേ! അങ്ങയുടെ മഹാമനസ്കതയെ ഞാൻ അങ്ങേയറ്റം ശ്ലാഘിക്കുന്നു. എങ്കിലും സുറിയാനി സഭയുടെ പാത്രിയർക്കീസ് എന്ന നിലയിൽ അങ്ങയുടെ അഭിപ്രായത്തോടു യോജിക്കുവാൻ നമുക്കു സാധിക്കുന്നില്ല. നമ്മുടെ സഭയുടെ സത്യവിശ്വാസം ഇതര സഭാദ്ധ്യക്ഷന്മാർക്കു വിട്ടുകൊടുത്ത് ഇഷ്ടംപോലെ തീരുമാനിക്കപ്പെടാവുന്നതല്ലല്ലോ. വിശുദ്ധ സഭയുടെ മേലദ്ധ്യക്ഷനായ നാം സഭയിലെ എല്ലാ വിശ്വാസാചാരങ്ങൾക്കും സ്ലീബാ സാക്ഷിയായി ദൈവമുമ്പാകെ ഏറ്റുപറഞ്ഞിട്ടുള്ളതാണ്. ഇതിനെതിരായി ഒന്നിനും അനുകൂലിക്കുവാൻ നമുക്കു നിവൃത്തിയില്ല' എന്നായിരുന്നു പരിശുദ്ധ ബാവായുടെ മറുപടി. ഇതാണ് നിലപാടെങ്കിൽ, പിന്നെ മദ്ധ്യസ്ഥന്മാർ വേണം എന്ന് ഇപ്പോൾ പറയുന്നത് എന്തുകൊണ്ടാണാവോ?

മലങ്കരസഭയിലെ ശാശ്വത സമാധാനത്തിന്റെ വഴി 'ഭാഗിച്ചു പിരിയുകയോ', ഭാഗികമായി അനുരഞ്ജനപ്പെടുകയോ അല്ല. **മലങ്കരസഭ പൗരാണികത്വവും സ്വയംശീർഷകത്വവുമുള്ളതായ ഒരു അപ്പോസ്തോലിക സഭയാണെന്നും, പുരാതനമായ മറ്റുസഭകൾക്കു തുല്യമായ എല്ലാ അധികാരാവകാശങ്ങളും സ്വാതന്ത്ര്യവും അതിനു ജന്മസിദ്ധമാണെന്നും അംഗീകരിക്കുമ്പോൾ 'സമാധാനമായി'.** ഇത്രയും പറയുന്നത് മറ്റാരെയെങ്കിലും ചെറുതാക്കിക്കാണിക്കാനല്ല. **മലങ്കര സഭാ മക്കളാണെന്ന് അവകാശപ്പെടുകയും മറ്റൊരു പ്രാദേശിക സഭയുടെ കീഴിലാണെന്ന് "അഭിമാനം" കൊള്ളുകയും ചെയ്യുന്ന അപൂർവ്വ പ്രതിഭാസമാണ് സമാധാനത്തിന്റെ ശത്രു.** ഇതിന്റെ പേരിൽ ആക്രോശങ്ങളും അക്രമങ്ങളും നടത്തുന്നത് ക്രിസ്തീയവുമല്ല.



ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ



Hcp IÀ¯ mhpw Hcp hnizmkhpw Hcp amt½mZokmbpw

▪ ^m. tUm. dPn amXyp

ക്രിസ്തീയ സഭകളുടെ ഭിന്നതകൾ സമൂഹത്തിൽ ചർച്ചയായിട്ടുള്ള ഒരു വിഷയമാണ്. സഭയ്ക്കുള്ളിലുള്ളവർക്ക് ഇത് പലപ്പോഴും വേദനാജനകമായി ഭവിയ്ക്കുകയും സഭയ്ക്കു പുറത്തുള്ളവർക്ക് ഇത് മനസ്സിലാക്കുവാൻ ബുദ്ധിമുട്ടുള്ള ഒരു യാഥാർത്ഥ്യമായി തീരുകയും ചെയ്തിട്ടുണ്ട്. ചരിത്രപരമായി പറഞ്ഞാൽ ക്രിസ്തീയ സഭയുടെ വലിയ വിഭജനങ്ങൾ തുടങ്ങിയത് ക്രിസ്തുവർഷം അഞ്ചാം നൂറ്റാണ്ടിലാണ്. എ. ഡി. 451ലെ കൽക്കദൂൻ സുന്നഹദോസിൽ വച്ച് യേശുക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും തമ്മിലുള്ള യോജിപ്പിനെ സംബന്ധിച്ചുള്ള തർക്കങ്ങൾ സഭയെ ഒരു വശത്ത് കൽക്കദോന്യ വിഭാഗമായും (Chalcedonians) മറുവശത്ത് കൽക്കദോൻ അംഗീകരിക്കാത്തവരായും (Non-Chalcedonians) വിഭജിച്ചു. രണ്ടാമത്തെ കൂട്ടത്തിൽ കോപ്റ്റിക്, സിറയൻ, അർമ്മീനിയൻ, ഇന്ത്യൻ, എത്യോപ്യൻ, എറിത്രിയൻ സഭകളാണ് ഇന്നുള്ളത്. മറുവശത്താകട്ടെ ഇന്നത്തെ ബാക്കിയുള്ള സഭകളുടെയൊക്കെ ഒരു കൂട്ടമായിരുന്നു. ഈ കൂട്ടം എ. ഡി. 1054ലാണ് റോമൻ എന്നും ബൈസന്റയിൻ എന്നും രണ്ടായി പിരിഞ്ഞത്. കിഴക്കൻ യൂറോപ്പിലെ ഗ്രീക്ക്, റഷ്യൻ, റുമേനിയൻ, ബൾഗേറിയൻ, സെർബിയൻ മുതലായ പതിന്നാല് സ്വതന്ത്ര ഓർത്തഡോക്സ് സഭകൾ ബൈസെന്റയിൻ പാരമ്പര്യം ഇന്നും പിൻതുടരുന്നു. റോമൻ സഭ 1516 ൽ മാർട്ടിൻ ലൂഥർ ആരംഭിച്ച നവീകരണ പ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടെയാണ് റോമൻ കത്തോലിക്കാസഭയെന്നും പ്രൊട്ടസ്റ്റന്റ് സഭകളെന്നും രണ്ടായി പിളർന്നത്. പ്രൊട്ടസ്റ്റന്റ് സമൂഹത്തിൽ തുടക്കത്തിൽ ജർമ്മനിയിലെ ലൂഥറൻ സഭയും, ജനീവയിലെ കാൽവിനിസ്റ്റ് സഭയും, ഇംഗ്ലണ്ടിലെ ആംഗ്ലിക്കൻ സഭയുമാണുണ്ടായിരുന്നത്. ഇരുപതാം നൂറ്റാണ്ടിൽ പ്രൊട്ടസ്റ്റന്റ് സഭയിൽ ധാരാളം ഉൾപ്പിരിവുകളുണ്ടായി. ബാപ്റ്റിസ്റ്റ്, പ്രെസ്ബെറ്റീരിയൻ, മെഥഡിസ്റ്റ്, എപ്പിസ്ക്കോപ്പൽ എന്നീ സഭകളെ കൂടാതെ ധാരാളം പെന്തിക്കോസ്ത് സഭകളും ഇക്കാലത്തുണ്ടായി. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലുടലെടുത്ത Inter-denominational സഭകളും കൂടിയായപ്പോൾ പ്രൊട്ടസ്റ്റന്റ് സമൂഹം എണ്ണിയാലൊടുങ്ങാത്ത സഭകളുടെ കൂട്ടമായി പരിണമിച്ചു. എന്തായിരുന്നാലും സഭകളെ പൊതുവായി

തരം തിരിക്കുമ്പോൾ ഓർത്തഡോക്സ്, കത്തോലിക്കാ, പ്രൊട്ടസ്റ്റന്റ് എന്നീ മൂന്നു വിഭാഗങ്ങളെപ്പറ്റിയാണ് പറയുന്നത്. അഞ്ചാം നൂറ്റാണ്ടു കഴിഞ്ഞുള്ള സഭാവിഭജനത്തെപ്പറ്റിയാണല്ലോ നാം പറഞ്ഞുവന്നത്. അതിനർത്ഥം അഞ്ചാം നൂറ്റാണ്ടുവരെ ക്രിസ്തീയ സഭകളുണ്ടായിരുന്നയിടങ്ങളിലൊക്കെ വിശ്വാസത്തിലും ആരാധനയിലും ആചാര്യമര്യാദകളിലും ഒരൊറ്റ രീതിയാണുണ്ടായിരുന്നത് (homogenous nature) എന്നല്ല. ആദിമസഭയിൽ അടിസ്ഥാനപരമായ വിശ്വാസങ്ങളിൽ (ഉദാ. ത്രിത്വം, മനുഷ്യരക്ഷ, സഭ എന്നീ വിഷയങ്ങൾ) ഏകത്വമാണുണ്ടായിരുന്നതെങ്കിലും ഇവയെ സംവേദിക്കുന്ന രീതിയിലും ഭാഷയിലും മാത്രമല്ല ആരാധനാകാര്യങ്ങളിലും പ്രാദേശികമായ വ്യത്യാസങ്ങൾ ഉണ്ടായിരുന്നു എന്നതാണ് സത്യം. എന്നാൽ ഈ വ്യത്യാസങ്ങളുടെ നടുവിലും സഭയുടെ ഐക്യം കാത്തുസൂക്ഷിച്ചു എന്നതാണ് ആദിമസഭയുടെ പ്രത്യേകത. ഈ മാതൃക ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ നമുക്കവലംബിക്കുവാൻ സാധിക്കുമോ? എക്യുമിനിക്കൽ പ്രസ്ഥാനങ്ങളിലൂടെ സഭകളുടെ ഐക്യം ഏതറ്റംവരെ ചെന്നു ചേരും? ഇക്കാര്യങ്ങൾക്കുത്തരം പറയുന്നതിന് മൂമ്പ് ആദിമ സഭയിലെ ഐക്യത്തിനുള്ളിലെ നാനാത്വം (unity in diversity) എടുത്തുകാട്ടുന്ന ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടാം.

1. **നാലു സുവിശേഷങ്ങളുടെ പ്രസക്തി:** യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള കാര്യങ്ങൾ വിവരിക്കുന്നതാണല്ലോ സുവിശേഷങ്ങൾ. എന്നാൽ എന്തുകൊണ്ട് നാലു വ്യത്യസ്ത സുവിശേഷങ്ങൾ ഉണ്ടായി എന്നു നാം ചോദിക്കേണ്ടതായിട്ടുണ്ട്. ഒരു സുവിശേഷം അപര്യാപ്തമായതുകൊണ്ടാണല്ലോ നാലു സുവിശേഷങ്ങളും പുതിയ നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവ നാലും തമ്മിൽ അടിസ്ഥാനപരമായ ഐക്യം കാത്തുസൂക്ഷിക്കുമ്പോൾ തന്നെ നാലിനും തമ്മിൽ വലിയ വ്യത്യാസങ്ങളുണ്ട്. യേശുവിന്റെ ജനനം സംബന്ധിച്ചുള്ള വിവരങ്ങൾ തന്നെ ഉദാഹരണം. വി. മത്തായിയുടെയും വി. ലൂക്കോസിന്റെയും സുവിശേഷങ്ങളിലാണ് നാമിതു കാണുന്നത്. വി. യോഹ

ന്നാൻ യേശുവിന്റെ മനുഷ്യാവതാരത്തിന്റെ ദൈവശാസ്ത്രം പറയുന്നതല്ലാതെ ബേതലഹേമിലെ സംഭവങ്ങൾ അറിഞ്ഞതായി ഭാവിക്കുന്നില്ല. വി. മർക്കോസാകട്ടെ യേശുവിന്റെ സ്നാനം മുതൽ മാത്രമാണ് തന്റെ സുവിശേഷ വിവരണമാരംഭിയ്ക്കുന്നത്. ഇതു കൂടാതെ ധാരാളം വ്യത്യാസങ്ങൾ നാലു സുവിശേഷങ്ങൾ തമ്മിലുണ്ട്. എന്നാൽ യേശുക്രിസ്തുവിന്റെ രക്ഷാകരപ്രവൃത്തിയുടെ അടിസ്ഥാനപ്രമാണങ്ങളിൽ നാലുപേരും തമ്മിൽ യോജിപ്പുണ്ട്. സഭകളുടെ ഐക്യത്തിന് ഇതുവലിയ ഒരു മാതൃകയായിത്തീരേണ്ടതുണ്ട്.

2. ആത്മീയതയുടെ പരിസമാപ്തി: ഒരു മനുഷ്യന്റെ ആത്മീയ ജീവിതത്തിന്റെ പരിസമാപ്തിയെ സംബന്ധിച്ചു പറയുമ്പോൾ പുതിയനിയമത്തിലെ ഗ്രന്ഥകാരന്മാർ ഉപയോഗിച്ചിരിക്കുന്നത് വ്യത്യസ്തങ്ങളായ ഭാഷാ പ്രയോഗങ്ങളാണ്. എന്നാൽ അവയെ വിവരിക്കുമ്പോൾ ഇവ തമ്മിൽ അടിസ്ഥാനപരമായ ഒരു ഐക്യം നിലനിർത്തുന്നുമുണ്ട് എന്നു കാണാം. നമുക്ക് വളരെ പരിചയമുള്ള "രക്ഷ" എന്ന വാക്കു തന്നെയെടുക്കാം. പുതിയനിയമത്തിൽ എത്ര പുസ്തകങ്ങളിൽ ഈ വാക്ക് ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. ഒരു മനുഷ്യന്റെ ആത്മീയ ജീവിതത്തിന്റെ ലക്ഷ്യമായി ഇതിനുപകരം ഏതൊക്കെ വാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നത്? ഈ രണ്ടു ചോദ്യങ്ങളും വളരെ പ്രസക്തമായിട്ടുള്ളതാണ്. കാരണം "നീ രക്ഷിക്കപ്പെട്ടിട്ടുണ്ടോ?" എന്ന ചോദ്യം ക്രിസ്തീയ സഭകളിൽ എല്ലാവരും ചോദിക്കുന്നില്ല എന്നുള്ളതാണ്. "രക്ഷ" എന്ന വാക്ക് മുകളിൽ പറഞ്ഞയർത്ഥത്തിൽ കൂടുതലും ഉപയോഗിച്ചിരിക്കുന്നത് അപ്പോസ്തോല പ്രവൃത്തികളിലാണ്. ആദ്യത്തെ മുന്നു സുവിശേഷങ്ങളിൽ ഇതിനുപകരമായി "സ്വർഗ്ഗരാജ്യം" എന്നും വി. യോഹന്നാന്റെ സുവിശേഷത്തിൽ "നിത്യജീവൻ" എന്നും കാണുന്നു. ഒരു വിശ്വാസി സ്വർഗ്ഗരാജ്യത്തിൽ പ്രവേശിച്ചുവെന്നോ നിത്യജീവൻ അവകാശമാക്കിയെന്നോ പറയുന്നത് "രക്ഷിക്കപ്പെട്ടു" എന്നയർത്ഥത്തിൽ തന്നെയല്ലേ? വി. പൗലോസ് തന്റെ റോമാലേഖനത്തിൽ ഇതിനുപകരമായി "നീതികരിക്കപ്പെട്ടു" എന്നാണു പറയുന്നതെങ്കിൽ എബ്രായലേഖനത്തിൽ "വിശ്രമത്തിൽ പ്രവേശിച്ചു" (എബ്രാ.3:4) എന്നെഴുതിയിരിക്കുന്നു. ചുരുക്കത്തിൽ, ഭാഷാപരമായി മുകളിൽ പറഞ്ഞ വാക്കുകളൊക്കെ തമ്മിൽ പല വ്യത്യാസങ്ങളും നിലനിർത്തുമ്പോൾ തന്നെ ആത്മീയ ജീവിതത്തിന്റെ പരിസമാപ്തി എന്ന തലത്തിൽ ഈ വാക്കുകളെല്ലാം പറയുന്നത് ഒരൊറ്റ അവസ്ഥയെപ്പറ്റിയാണ്.



3. പൗലോസ് സ്ഥാപിച്ച സഭകളുടെ നാനാത്വം: പരിശുദ്ധ പൗലോസ് ശ്ലീഹാ സ്ഥാപിച്ച സഭകളൊക്കെത്തന്നെയും പ്രാദേശികമായ സ്വഭാവമുൾക്കൊള്ളുന്നവയായിരുന്നു. യേശുക്രിസ്തുവിനെ മനസ്സിലാക്കുന്നതിലും, ആരാധനയനുഷ്ഠിക്കുന്നതിലും, സഭയുടെ ഭരണം നിർവ്വഹിക്കുന്ന രീതിയിലുമൊക്കെ ഈ വ്യത്യസ്തത വളരെ പ്രകടമായി നമുക്ക് കാണുവാൻ കഴിയുന്നുണ്ട്. ചിലപ്പോഴൊക്കെ ഇതു സംഘർഷങ്ങൾക്കും, തർക്കങ്ങൾക്കും വഴിമരുന്നിടുകയും ചെയ്തിട്ടുണ്ട്. അതിനാലാണ് എഫേസ്യലേഖനത്തിൽ അദ്ദേഹം നാനാത്വത്തിലെ ഏകത്വത്തെപ്പറ്റി സംസാരിക്കുന്നത് – "ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ" കാത്തുസൂക്ഷിക്കുവാൻ ആജ്ഞാപിക്കുന്ന അദ്ദേഹം പറയുന്നു: "നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശയ്ക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്ന്, ആത്മാവ് ഒന്ന്, കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്, എല്ലാവർക്കും മീതെയുള്ളവനും, എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ" (എഫെ. 4:4-7). ആത്മാവിന്റെ ഫലങ്ങളെപ്പറ്റി പറയുമ്പോഴും പൗലോസ് വിവിധ കൃപാവരങ്ങൾ പ്രാപിച്ചവരുടെ ഐക്യത്തെപ്പറ്റി പറയുന്നുണ്ട് (റോമ.12:3-9; 1 കൊരി. 12:4-27).

ഇപ്പറഞ്ഞ മാതൃകകളാകട്ടെ നമ്മുടെ ഐക്യത്തിന്റെ അടിസ്ഥാനം. പുരാതനസഭയിൽ അഞ്ചാം നൂറ്റാണ്ടുവരെ ഉണ്ടായിരുന്ന ഐക്യം അടിസ്ഥാനവിശ്വാസപ്രമാണങ്ങളിലായിരുന്നു എന്നത് നാം മറക്കരുത്. **ഇന്നത്തെ സഭകൾ തങ്ങളുടെ വിശ്വാസസംഹിതകൾ പുന:പരിശോധിക്കുകയും അവ അഞ്ചാം നൂറ്റാണ്ടുവരെയുള്ള സഭയുടേതാണോ എന്ന് ഉറപ്പുവരുത്തുകയും ചെയ്യണം.** ഇങ്ങനെ വിശ്വാസത്തിന്റെ ഐക്യം ഉറപ്പാകുന്ന സാഹചര്യത്തിൽ മറ്റു കാര്യങ്ങളിലുള്ള വ്യത്യസ്തതകളെല്ലാം ഉൾക്കൊള്ളുവാനും പരസ്പരം അംഗീകരിക്കുവാനും എല്ലാ സഭകളും തയ്യാറാകണം. "നാനാത്വത്തിൽ ഏകത്വം" എന്ന ആദിമസഭാ പ്രമാണം മുൻനിർത്തി ഒരുമിച്ച് ക്രിസ്തുവിനെ സാക്ഷിക്കുവാൻ നമുക്ക് കടപ്പാടുണ്ട്. ക്രിസ്ത്യാനികളുടെ സംഖ്യ തുലോം കുറവായ ഭാരതത്തിൽ സഭകൾ തമ്മിൽ ഐക്യം കാത്തുസൂക്ഷിക്കുവാൻ ദൈവം നമ്മെ ചുമതലപ്പെടുത്തിയിരിക്കുന്നു എന്ന ബോധവും നമുക്കെല്ലാമുണ്ടാവണം.



സുപ്രീംകോടതിവിധി സഭയുടെ ഏകത്വം നിലനിർത്താൻ

■ ജസ്റ്റിസ് കെ. ജോൺ മാത്യു

മാർത്തോമ്മാ ശ്ലീഹാ എ.ഡി. 52 ൽ മലങ്കരയിൽ സുവിശേഷം അറിയിച്ചുകൊണ്ട് ഭാരതത്തിൽ ക്രിസ്തുമതം സ്ഥാപിച്ചതു മുതൽ ഗോവയിലെ റോമൻ ആർച്ച് ബിഷപ്പ് മെനെസിസ് പോർട്ടുഗീസ് അധീന ശക്തിയുടെ പിന്തുണയോടും പിൻബലത്തോടും കൂടി മലങ്കരയിലെ ക്രിസ്ത്യാനികളെ ഒന്നടങ്കം റോമാ സഭയിൽ ലയിപ്പിക്കുന്നതിന് വേണ്ടി ഉദയംപേരൂർ സുന്നഹദോസ് നടത്തിയ 1599 (ജൂൺ 20-26) വരെയും അവർ ഒറ്റ ജാതിയായി മലങ്കര നസ്രാണികൾ ആയിട്ടാണ് കഴിഞ്ഞുപോന്നത്. കൂനൻകുരിശ് സത്യം നടന്ന 1653 ജനുവരി 3 വരെയും ആ നിലയിൽ തന്നെയായിരുന്നു എന്നു പറയാവുന്നതാണ്. അതിനു ശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞു മാത്രമാണ് മലങ്കര ഓർത്തഡോക്സ് സുറിയാനി (യാക്കോബായ), റോമൻ കത്തോലിക്കാ, സി.എം.എസ്. (പിന്നീട് സി.എസ്.ഐ) മാർത്തോമ്മാ മുതലായ സഭാ വിഭാഗങ്ങൾക്ക് മലങ്കരയിൽ തുടക്കം കുറിച്ചത്.

1840ലെ കൊച്ചിൻ അവാർഡ് മുതൽ മലങ്കര സഭ നേരിടേണ്ടിവന്ന വ്യവഹാരങ്ങൾ ഒഴിവാക്കാമായിരുന്നോ എന്നു പല സഭാ സ്നേഹികളും സംശയിച്ചിട്ടുണ്ട്. സഭാ ചരിത്രഗ്രന്ഥങ്ങളിൽ ഈ വ്യവഹാരങ്ങളുടെ കാരണങ്ങളും അവയുടെ അന്തിമമായ കോടതിവിധികളും പരാമർശിക്കപ്പെട്ടിട്ടുണ്ട്. അവയെപ്പറ്റിയുള്ള വിശകലനം ഈ ചെറുലേഖനത്തിൽ പ്രസക്തമല്ല.

1912ൽ കിഴക്കിന്റെ കാതോലിക്കാ സിംഹാസനം അബ്ദുൽ മിശിഹാ പാത്രിയർക്കീസ് ഭാരതത്തിലേക്കു മാറ്റി സ്ഥാപിച്ചതിനു ശേഷമുണ്ടായ വട്ടിപ്പണക്കേസിന്റെ അവസാനവിധിക്ക് അടിസ്ഥാനമായ കേസ് ഫയൽ ചെയ്തത് 1935 ഓഗസ്റ്റ് 22 ന് കരിങ്ങാശ്ര പള്ളിയിൽ ചേർന്ന പാത്രിയർക്കീസ് പക്ഷത്തെ പള്ളി പ്രതിപുരുഷ പൊതുയോഗം തെരഞ്ഞെടുത്ത മൂന്നു ട്രസ്റ്റികൾ ചേർന്നാണ്. 1958 സെപ്റ്റംബർ 12 ലെ സുപ്രീംകോടതിയുടെ ഈ വിധി പ്രകാരം പാത്രിയർക്കീസ് പക്ഷത്തിന്റെ അന്യായം തള്ളി, എം.ഡി. സെമിനാരിയിൽ കൂടിയ മലങ്കര അസോസിയേഷന്റെ തീരുമാനങ്ങൾ അംഗീകരിച്ചു വിധിച്ചു. ആ യോഗം അംഗീകരിച്ച സഭാ ഭരണഘടന നിയമാനുസൃതമാണെന്നും സഭയിലെ എല്ലാ പള്ളികൾക്കും സ്ഥാപനങ്ങൾക്കും ബാധകമാണെന്നും മറ്റുമുള്ള ഈ വിധിക്ക് ശേഷമാണ് 1958 ഡിസംബർ 16 ന്

കോട്ടയം പഴയസെമിനാരിയിൽ വച്ച് സഭാ സമാധാനം ഉണ്ടായത്. അതിനുശേഷം ഏകദേശം 12 വർഷം കഴിഞ്ഞാണ് സമാധാനലംഘനത്തിനുള്ള കാരണങ്ങൾ കണ്ടെത്താൻ പാത്രിയർക്കീസ് വിഭാഗത്തിനു കഴിഞ്ഞത്. സഭാ ഭരണഘടനയ്ക്കെതിരായി 1974 ലാണ് ഇന്നത്തെ ശ്രേഷ്ഠ കാതോലിക്കായെ തോമസ് മാർ ദീവന്നാസ്യോസ് എന്ന പേരിൽ പാത്രിയർക്കീസ് വാഴിച്ചത്.

പരസ്പര സ്വീകരണത്തിന് അടിസ്ഥാനമാക്കിയിരുന്ന 1934 ലെ മലങ്കര സഭാ ഭരണഘടന ലംഘിച്ചു കൊണ്ടുള്ള ഇത്തരം നടപടികളെ ചോദ്യം ചെയ്ത്, ഔഗേൻ പ്രഥമൻ കാതോലിക്കായും നിയുക്ത കാതോലിക്കാ മാത്യൂസ് മാർ അത്താനാസ്യോസും ചേർന്ന് വിഘടിത മെത്രാൻമാർക്കും മറ്റുമെതിരെ 1974 ജൂൺ 27-ാം തീയതി കോട്ടയം സബ് കോടതിയിൽ ഫയൽ ചെയ്ത കേസിന്റെ അവസാനതീരുമാനം സുപ്രീംകോടതിയുടെ 20-06-1995 വിധിയിലാണ് ഉണ്ടായത്. 1934 ലെ ഭരണഘടനപ്രകാരം സഭ ഭരിക്കപ്പെടണമെന്നു വിധിയുണ്ടായി.

സുപ്രീംകോടതിയുടെ 16-12-1958 ലെ വിധിയും 20-06-1995 ലെ വിധിയും പ്രാതിനിധ്യ വ്യവഹാരങ്ങളിലുണ്ടായ വിധികളാകയാൽ സഭയിലെ എല്ലാ പള്ളികളെയും സ്ഥാപനങ്ങളെയും ജനങ്ങളെ യും സംബന്ധിക്കുന്നതാണ്. കൂടാതെ ഇന്ത്യൻ ഭരണഘടനയുടെ 141 ഉം 142 ഉം ആർട്ടിക്കിൾ പ്രകാരം ഈ വിധികൾ ഇന്ത്യയിലെ എല്ലാ കോടതികൾക്കും മറ്റ് അധികാരികൾക്കും ബാധകമാണ്. ഈ വിധികൾക്ക് സഹായകരമായി പ്രവർത്തിക്കണമെന്ന് എല്ലാ സിവിൽ, നീതിന്യായ അധികാരികളെയും, ഭരണഘടന 144-ാം ആർട്ടിക്കിളിൽ അനുശാസിക്കുന്നുമുണ്ട്. ഈ നിലയ്ക്ക് മറ്റു തർക്കങ്ങളൊന്നും തന്നെ ഈ വിധികളെപ്പറ്റി ആർക്കും ഉന്നയിക്കാവുന്നതല്ല. സുപ്രീംകോടിവിധി പ്രകാരം 1934 ലെ ഭരണഘടന സ്വീകരിക്കാതെ രാജി ആലോചനനടത്തണമെന്ന ആവശ്യം ഇന്ത്യൻ ഭരണഘടന സ്വീകരിക്കാതെ ആലോചനകൾ നടത്തണമെന്ന പോലെയാണ്.

സഭയിൽ സമാധാനം വരുത്തുന്നതിനു വേണ്ടതായി ഒരു പ്രധാന ആവശ്യം ഇപ്പോൾ ഉന്നയിക്കപ്പെടുന്നത് ഇരുവിഭാഗവും രണ്ടു സഭകളായി തുടരാൻ ഉള്ള മാർഗ്ഗങ്ങൾ ആരായണമെന്നതാണ്. ഇക്കാര്യത്തിലും സുപ്രീംകോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിക്കുന്നതിന് എല്ലാവർക്കും ബാദ്ധ്യതയുണ്ട് എന്നതിനു സംശയമില്ല.

സുപ്രീംകോടതിയിലെ ബഹുമാനപ്പെട്ട സിംഗിൾ ജഡ്ജിയുടെ വിധിയോട് മറ്റു രണ്ടു ജഡ്ജിമാർ ഭിന്നാഭിപ്രായം പ്രകടിപ്പിച്ചത് 1934 ലെ ഭരണഘടനാ പ്രകാരം മലങ്കര അസോസിയേഷനിൽ പള്ളികളുടെ പ്രാതി

നിധ്യം സംബന്ധിച്ചാണ്. ഇതേപ്പറ്റി ബഹുമാനപ്പെട്ട സിംഗിൾ ജഡ്ജി ഇപ്രകാരമാണ് വിധിയിൽ പറഞ്ഞിട്ടുള്ളത് "ഒരു മത സമിതി രൂപവൽക്കരിച്ച ഭരണഘടനയ്ക്ക് ഏതെങ്കിലും ഭേദഗതി നിർദ്ദേശിക്കാനുള്ള ഈ കോടതിയുടെ അധികാരത്തെയും, അത്തരം ഭേദഗതി നീതിപൂർവകമാണോ എന്നത് ഈ കോടതിക്ക് തീരുമാനിക്കാവുന്നതാണോ എന്നതിനെയും പറ്റിയാണ് നേരിയ അഭിപ്രായവ്യത്യാസം ഉയർന്നിരിക്കുന്നത്." ഭൂരിപക്ഷ വിധിപ്രകാരം പള്ളികളിൽനിന്നുള്ള പ്രാതിനിധ്യത്തിന് വ്യത്യാസം വരുത്തി ഭരണഘടനയുടെ പ്രസക്ത വകുപ്പുകൾ ഭേദഗതി ചെയ്തതിനാൽ ഈ അഭിപ്രായവ്യത്യാസത്തിന് ഇപ്പോൾ പ്രാധാന്യമില്ല. പക്ഷേ അതിന് ഉപോൽബലകമായ കാരണത്തിനാണ് പ്രാധാന്യം. ആ കാരണങ്ങളെപ്പറ്റി ഭൂരിപക്ഷ വിധിയിൽ പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്.

"മേൽപ്പറഞ്ഞ തീയതി (1970 ഡിസംബർ 31 – അതിന്റെ തൊട്ടടുത്ത 1971 ജനുവരി 1-നാണ് മാർ അത്താനാസ്യോസിനെ നിയുക്ത കാതോലിക്കായായി മലങ്കര അസോസിയേഷൻ തെരഞ്ഞെടുത്തത്) അവലംബമാക്കിക്കൊണ്ടുള്ളതാണ് ഇനിയും പറയാൻ പോകുന്ന നിർദ്ദേശങ്ങൾ. രണ്ടു മൽസര കക്ഷികൾക്കിടയിൽ അനുരഞ്ജനം കൈവരുത്തി മലങ്കര സഭയിൽ സമാധാനം സ്ഥാപിക്കുന്നതിൽ വിജയിക്കുമെന്ന പ്രത്യാശയോടുകൂടിയാണ് ഈ നിർദ്ദേശങ്ങൾ വയ്ക്കുന്നത്. നല്ലതു വരണമെന്ന് ആഗ്രഹിക്കുന്ന എല്ലാ സഭാംഗങ്ങളുടെയും ആഗ്രഹം ഇതായിരിക്കണം. എന്തായാലും ഇരുകക്ഷികൾക്കുമിടയിൽ അനുരഞ്ജനത്തിനുള്ള അടിസ്ഥാനങ്ങൾ നിർദ്ദേശിക്കുന്നതിനു മുമ്പ് ഈ കേസിൽ ഞങ്ങൾ സ്വീകരിക്കുന്ന സമീപനത്തെപ്പറ്റി സൂചിപ്പിക്കാം." ഇന്ത്യയിൽ സുപ്രീംകോടതിക്കു മാത്രം ഭരണഘടന നൽകിയിരിക്കുന്ന പ്രത്യേകാധികാര പ്രകാരം നൽകിയതാണ് ഈ നിർദ്ദേശങ്ങൾ എന്നു വ്യക്തമാണ്.

സഭാ കാര്യങ്ങളിലെ ദുർഭരണം തടയുന്നതിനും മെത്രാപ്പോലീത്തമാരുടെ ഏകാധിപത്യം നിയന്ത്രിക്കുന്നതിനും സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ എന്ന പേരിൽ സമുദായത്തിന് ആകമാനമായി ഒരു സംഘടന ഉണ്ടായിരിക്കേണ്ടത് ആവശ്യമാണെന്നും അങ്ങനെ സഭയുടെ എല്ലാ കാര്യങ്ങളിലുമുള്ള ഭരണത്തിനാണ് മലങ്കര അസോസിയേഷൻ രൂപവൽക്കരിച്ചതെന്നും സുപ്രീംകോടതി നിരീക്ഷിക്കുകയും ചെയ്ത ശേഷം ഇപ്രകാരം തുടരുന്നു. "ഒറ്റയ്ക്കുള്ള പള്ളികൾക്കോ ഇടവക പള്ളികൾക്കോ അല്ല മലങ്കര സഭയിലെ ജനങ്ങൾക്കാണ് പ്രത്യേക ഊന്നൽ നൽകപ്പെട്ടിരിക്കുന്നത്" ഇക്കാരണത്താലാണ് പള്ളികളിൽനിന്നുള്ള പ്രതിനിധികളുടെ സംഖ്യ മൊത്തം അംഗസംഖ്യയ്ക്കനുസരണമായിരിക്കുമെന്നുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി ഭരണഘടന മാറ്റണമെന്ന നിർദ്ദേശം നൽകിയത്.

1995 ജൂൺ 20 ലെ വിധിക്കു ശേഷം ഇരുകക്ഷികളുടെയും സമ്മതപ്രകാരം സുപ്രീംകോടതി നിയമിച്ച നിരീക്ഷകനായ ജസ്റ്റിസ് മളീമഠിന്റെ സാന്നിദ്ധ്യത്തിൽ 20-03-2002 ൽ മലങ്കര അസോസിയേഷൻ പരുമലയിൽ യോഗം ചേർന്ന് മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവ മലങ്കര മെത്രാപ്പോലീത്ത ആണെന്നു തീരുമാനിച്ചു.

പുതിയ മാനേജിങ് കമ്മിറ്റി അംഗങ്ങളെയും തെരഞ്ഞെടുത്തു. യോഗ നടപടികൾ സുപ്രീംകോടതി അംഗീകരിക്കയും ചെയ്തു.

സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2002 ആഗസ്റ്റ് 9, 10 തീയതികളിൽ മാനേജിങ് കമ്മിറ്റി ചേർന്ന് ഭദ്രാസനവിഭജനം നടത്തി. പാത്രിയർക്കീസ് വിഭാഗം മെത്രാപ്പോലീത്തമാർ 1934 ലെ സഭാ ഭരണഘടന അംഗീകരിക്കാൻ വിസമ്മതിച്ചതിനാൽ അവർക്ക് ഭദ്രാസനങ്ങൾ നൽകിയില്ല. കേസ് നിലവിലിരുന്നപ്പോൾ സുപ്രീംകോടതി നൽകിയിരുന്ന 05-02-1997 ലെ 'തൽസ്ഥിതി' ഉത്തരവിന്റെ ആനുകൂല്യം അങ്ങനെ അവർക്കു നഷ്ടമാകുകയും ചെയ്തു. 1997 ൽ തൽസ്ഥിതി ഉത്തരവു പ്രകാരം അവരവരുടെ സ്ഥാനങ്ങളിൽ തുടരാൻ ആഗ്രഹിക്കുന്നവർ സഭാ ഭരണഘടനയ്ക്ക് വിധേയരായിരിക്കയും സഭാ ഭരണഘടനയോടു കൂറു പ്രഖ്യാപിക്കുകയും ചെയ്യണമെന്ന സുപ്രീംകോടതിയുടെ ഉത്തരവു പ്രകാരം കൂറു പ്രഖ്യാപിച്ചവരാണ് ഇപ്രകാരം പ്രവർത്തിച്ചത് എന്നും ഓർക്കേണ്ടതുണ്ട്. പാത്രിയർക്കീസ് വിഭാഗത്തോടു സമാധാനസംഭാഷണങ്ങൾ നടത്തുന്നവരുടെ ശ്രദ്ധയ്ക്ക് ഇക്കാര്യം പരാമർശിച്ചെന്നേയുള്ളു.

ഓർത്തഡോക്സ് സഭ പുതിയ സഭയായി എന്ന വാദം കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് വിധിയിൽ പോയിന്റ് നമ്പർ 19 ആയി പരിഗണിച്ച് തള്ളിയിട്ടുള്ളതാണ്. പാത്രിയർക്കീസിനോടു കൂറു പുലർത്തുന്നതും കാതോലിക്കായോടു കൂറു പുലർത്തുന്നതുമായി രണ്ടു സഭകൾ ഉണ്ടെന്നായിരുന്നു തർക്കം. മലങ്കര സഭ ഒന്നു മാത്രമേ ഉള്ളൂ എന്നും സമുദായം മുഴുവനും അസ്സോസിയേഷനും മെത്രാപ്പോലീത്താമാരും വൈദികരും ഇടവകാംഗങ്ങളും സഭാ ഭരണഘടനാ വ്യവസ്ഥകൾക്കു വിധേയരാണെന്നും ആണ് കോടതിയുടെ കണ്ടെത്തൽ. സുപ്രീംകോടതിയിൽ ഈ നിഗമനവും ചോദ്യം ചെയ്തു എങ്കിലും വിധി ഇന്നും നിലനിൽക്കുന്നു.

ഈ നിലയ്ക്ക് 2002 ൽ പുത്തൻകുരിശിൽ പാത്രിയർക്കീസ് ഭാഗം പുതിയ ഭരണഘടന അംഗീകരിച്ചതു മൂലമുണ്ടായ സ്ഥിതിവിശേഷത്തെപ്പറ്റി ഈ വിഭാഗത്തിന് രണ്ടു നിലപാടു മാത്രമേ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. **ഒന്ന്,** ആ ഭരണഘടന ഏതാനും പള്ളികൾക്കു വേണ്ടിയുള്ള ഒരു സൊസൈറ്റിയുടെ ഭരണഘടനയാണ്. 1934 ലെ സഭാ ഭരണഘടനക്ക് ഇതു ബാധകമല്ല. **രണ്ട്,** ഭരണഘടന യാക്കോബായ സഭ എന്ന സഭയുടെ ഭരണഘടനയാണ്. **സുപ്രീംകോടതിയുടെ വിധികളെ ഇതിൽ ഏതു നിലപാടെടുത്താലും മറികടക്കാൻ അസാദ്ധ്യമാണ്.** ഇന്ത്യയുടെ പരമാധികാര കോടതിയുടെ വിധികൾ ആർക്കും മറികടക്കാൻ കഴിയുകയില്ല. അതു രാഷ്ട്രത്തിന്റെ ഭരണഘടനയ്ക്കെതിരാകും. സുപ്രീംകോടതി വിധിയിൽ പറഞ്ഞിരിക്കുന്ന പ്രകാരം സഭയുടെ ഏകത്വം നിലനിർത്താനും സഭയിൽ സമാധാനം നിലനിർത്താനും ഉദ്ദേശിച്ചു നൽകിയ വിധി സഭാംഗങ്ങൾ അനുസരിച്ചേ പറ്റൂ. അല്ലെങ്കിൽ അവർ സഭയ്ക്ക് ഇതരരായി എന്ന് സ്വയം പ്രഖ്യാപിക്കേണ്ടതായി വരും.



സമാധാനം ആവശ്യമുണ്ടോ?

▪ ഫാ. ഡോ. കെ. എം. ജോർജ്

ഒരു സമൂഹത്തിൽ പിളർപ്പ് ഉണ്ടാവുകയും, രണ്ട് കക്ഷികൾ ഉടലെടുക്കയും ചെയ്യുമ്പോൾ, അവിടെ അനുരഞ്ജനവും ഐക്യവും ഉണ്ടാകണമെങ്കിൽ ഇരുകക്ഷികളും അത് ആഗ്രഹിക്കയും അതിനായി പരിശ്രമിക്കയും ചെയ്യണം. ഒരു കക്ഷി ഐക്യത്തിനുവേണ്ടി വാദിക്കയും മറുകക്ഷി പിളർപ്പിനെ ന്യായീകരിക്കയും ചെയ്തുകൊണ്ടിരുന്നാൽ ആർക്കും അവിടെ സമാധാനമുണ്ടാക്കാൻ ആവില്ല. പ്രത്യേകിച്ചും ഒരു ക്രിസ്തീയ സമൂഹത്തിൽ ഇതു സംഭവിക്കുമ്പോൾ, ഭിന്നത ദൈവേഷ്ടമല്ല എന്നു വിശ്വസിച്ചുകൊണ്ട്, പിളർപ്പിനെ ന്യായീകരിക്കാതെ, നീതിയോടുകൂടിയ സമാധാനം സൃഷ്ടിക്കാൻ ഉറച്ച തീരുമാനമെടുക്കുന്ന നേതൃത്വം ഇരുപക്ഷത്തും ഉണ്ടായിരിക്കണം. ചുരുക്കത്തിൽ നേതൃനിരയിലുള്ളവർക്ക് പൂർണ്ണമായ ഉദ്ദേശ്യശുദ്ധിയുണ്ടെങ്കിലേ അനുരഞ്ജനം നടക്കുകയുള്ളൂ. സഭാഗാത്രത്തെ പിളർത്തിയാൽ, തനിക്കു ഒരു വിഭാഗത്തിന്റെ അനിഷേധ്യ നേതാവാകാം എന്ന് ആരെങ്കിലും ചിന്തിച്ചാൽ ഐക്യമോ സമാധാനമോ ഉണ്ടാവില്ല.

മലങ്കരസഭയിലെ ചോദ്യം അതിലളിതമായി പറഞ്ഞാൽ എന്താണ്? ഒരു വശത്ത് അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായ്ക്ക് മലങ്കരസഭയിലുള്ള ചുമതലയും സ്ഥാനവും. മറുവശത്ത് മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച മലങ്കരസഭയുടെ തനിമയും സ്വാതന്ത്ര്യവും. ഇവ തമ്മിൽ ഒരിക്കലും പൊരുത്തപ്പെടുകയില്ലെന്നും ഒന്നു മറ്റതിനെപൂർണ്ണമായും നിഷേധിക്കണമെന്നും എങ്കിലേ സമാധാനം ഉണ്ടാവുകയുള്ളു എന്നും തീവ്രമായി വിശ്വസിക്കുന്ന ഒരു ചെറുസംഘം ഇരുഭാഗത്തും ഉണ്ടായിരിക്കാം. എങ്കിലും ബഹുഭൂരിപക്ഷം വരുന്ന വിശ്വാസികളും സുബോധമുള്ള നേതാക്കളും വിശ്വസിച്ചിരുന്നത് ഇവയെ പൊരുത്തപ്പെടുത്താമെന്നാണ്. ചരിത്രപരമായി അങ്ങനെ ഒരുപൊരുത്തപ്പെടൽ കുറച്ചു നാളേയ്ക്ക് എങ്കിലും ഉണ്ടാവുകയും ചെയ്തു. അതിന്റെ സൽഫലങ്ങൾ അനുഭവിച്ച സത്യനിഷ്ഠയുള്ള ആരും അതിനെ നിഷേധിക്കയില്ല. ഇരുകക്ഷികളും അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായും സ്വീകരിച്ച് നടപ്പിൽ വരുത്തിയ ആ ഐക്യത്തിൽ എല്ലാ നല്ല മനുഷ്യരും സന്തോഷിച്ചു. ആ ഏകീകരണ പ്രക്രിയയിൽ എന്തെങ്കിലും അനീതിയോ പക്ഷപാതമോ വിജയഭേരിയോ ശ്രദ്ധക്കുറവോ ഏതെങ്കിലും ഭാഗത്തുനിന്ന് ഉണ്ടായിരുന്നെങ്കിൽ, നമുക്ക് ഒരുമിച്ച് നിന്ന് അതിന് പരിഹാരം ഉണ്ടാക്കാമായിരുന്നു. നല്ല ഉദ്ദേശത്തോടെ ഒരുമിച്ച് ചർച്ച ചെയ്താൽ തീരാത്ത പ്രശ്നങ്ങളായിരുന്നില്ല 1964 ലെ ഐക്യത്തിനുശേഷം ഉടലെടുത്തത്. മലങ്കരസഭയുടെ ചരിത്രം, പൗരസ്ത്യ ക്രിസ്തീയ സഭാ വിജ്ഞാനീയം, കോടതിവിധികൾ, ഭരണഘടന, ജനങ്ങളുടെ സമാധാനം എന്നിവയെല്ലാം മാർഗ്ഗനിർദ്ദേശകങ്ങളായി എടുത്തുകൊണ്ട്, തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ നമുക്ക് അത് സാദ്ധ്യമായിരുന്നു. പക്ഷേ അപ്പോഴേക്കും പിളർപ്പിന്റെ പടഹധ്വനികളുമായി സ്വാർത്ഥ സമർത്ഥരായ നേതാക്കൾ രംഗം കയ്യടക്കി കഴിഞ്ഞു. അതുകൊണ്ടാണ് അനുരഞ്ജനസാധ്യതകൾ ലോകയുക്തിയനുസരിച്ച് അസാധ്യമായിരിക്കും എന്നു സൂചിപ്പിച്ചത്.

തങ്ങളുടെ വാളുകളെ കൊഴുക്കളായും കുന്തങ്ങളെ വാക്കത്തികളായും അടിച്ചുതീർക്കും (യെശ. 2:4)

ഇപ്പോൾ ഇരുകക്ഷികളിലും ജനങ്ങൾക്ക് ദുർവഹമായ വിധം മെത്രാന്മാരുടെ എണ്ണം വർധിച്ചുകഴിഞ്ഞു. മൽസരബുദ്ധ്യാ അത് തുടരുകയും ചെയ്യുന്നു. മാലാഖമാർക്ക് പറക്കാനാവാത്ത വിധം ചെങ്കോട്ടകൾ വാനോളം ഉയർന്നാൽ പിളർപ്പ് അനിവാര്യമാണ് എന്ന് ചരിത്രം സാക്ഷിക്കുന്നു. മാത്രമല്ല കുരുക്ഷേത്രഭൂമിയിൽ വീഴുന്ന ചുടുരക്തം രുചിച്ചും അതിൽ ഉരുണ്ടുകളിച്ചും ചെഞ്ചായമണിയുന്ന സൃഗാലസംഘങ്ങളും അനുദിനം തഴയ്ക്കുന്നു.

ഫ്രാൻസിലോ റഷ്യയിലോ ജർമ്മനിയിലോ ഉണ്ടായതുപോലെ നമ്മുടെ വിശ്വാസികൾ വിപ്ലവത്തിനൊന്നും അധികം പോവില്ല. അവർ നിശ്ശബ്ദമായി ഒഴിഞ്ഞുമാറും. പുതിയ പുതിയ കൂട്ടായ്മകളിൽ ചേക്കേറും. സഭയിൽ സമാധാനമില്ലല്ലോ എന്നു ദുഃഖിക്കും. അത്രമാത്രം!

ഇപ്പറഞ്ഞതൊക്കെ മനുഷ്യയുക്തിയാണ്. അതു വച്ചുകൊണ്ട് പ്രത്യാശ കൈവിടാൻ ക്രിസ്ത്യാനിക്ക് അവകാശമില്ല. 'ദൈവത്തിന് ഒന്നും അസാധ്യമല്ല' എന്നാണ് സുവിശേഷം ഉദ്ഘോഷിക്കുന്നത്. **സമാധാനം ആവശ്യമില്ല എന്നു പറയാൻ ആർക്കാണധികാരം?**

സമാധാനത്തിന്റെ വിത്തുകൾ

കഴിഞ്ഞ ഒക്ടോബർ മാസത്തിന്റെ തുടക്കത്തിലും ഒടുക്കത്തിലുമായി രണ്ടു പ്രാവശ്യം പ. സക്കാ പ്രഥമൻ പാത്രിയർക്കീസ് ബാവായെ സന്ദർശിക്കുന്നതിന് ഈ ലേഖകന് അവസരമുണ്ടായി. വളരെ യാദൃച്ഛികമായിരുന്നു അത്. (പാത്രിയർക്കീസ് ബാവാ പുതിയ അരമന/സെമിനാരി പണിതിരിക്കുന്നത് ഡമാസ്കസിൽ നിന്ന് ഏതാണ്ട് 20 കി.മീ. അകലെയുള്ള ഒരു മലഞ്ചരുവിലാണ്. 'മഅറാത്ത് സയ്ദ്നായ' എന്നറിയപ്പെടുന്ന ആ ഗ്രാമപ്രദേശത്ത് ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായ്ക്ക് പ്രസിദ്ധമായ സന്യാസാശ്രമങ്ങളും മഠങ്ങളുമുണ്ട്. സുറിയാനി പാത്രിയർക്കീസ് ബാവായുടെ അരമനയുടെ രണ്ടു മൂന്നു കി.മീ. ദൂരത്തിൽ അടുത്ത കുന്നിൽ ഗ്രീക്കുകാർക്ക് ഒരു നല്ല കോൺഫറൻസ് സെന്റർ ഉണ്ട്. അവിടെവച്ച് രണ്ടു വ്യത്യസ്ത ഡബ്ല്യു.സി.സി. മീറ്റിങ്ങുകളിൽ ക്ഷണിക്കപ്പെട്ടാണ് ഞാൻ പോയത്. അവിടെനിന്നു നോക്കിയാൽ സക്കാ പ്രഥമൻ ബാവായുടെ കെട്ടിടവും മറ്റും നന്നായി കാണാം.) പാത്രിയർക്കീസ് ബാവാ വളരെ ഹൃദ്യമായി എന്നെ സ്വീകരിക്കയും കുശലം ചോദിക്കയും ചെയ്തു. പക്ഷേ പലരും ചുറ്റും

സഭാതർക്കം സ്വത്തുക്കൾ ഭാഗിച്ചാൽ പരിഹരിക്കപ്പെടുമോ

■ ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്

മലങ്കരസഭയുടെ അന്ത്യോഖ്യൻ ബന്ധം 17-ാം നൂറ്റാണ്ടിൽ ആരംഭിച്ചതാണ്. ആദ്യകാലങ്ങളിൽ ഈ ബന്ധം സൗഹാർദ്ദപരമായിരുന്നു. എന്നാൽ പിന്നീട് നമ്മുടെ നാട്ടിൽ വന്ന അന്ത്യോഖ്യൻ മെത്രാന്മാരിൽ ചിലർ കുറ്റങ്ങൾ കണ്ടുപിടിച്ച് വിവാദങ്ങൾ സൃഷ്ടിക്കുന്നതിൽ ഉത്സുകരാകുവാൻ തുടങ്ങി. ചിലപ്പോൾ അത് ആചാരാനുഷ്ഠാനങ്ങളെ സംബന്ധിച്ചുള്ള വിമർശനങ്ങളായിരുന്നു എങ്കിൽ മറ്റു ചില അവസരങ്ങളിൽ വേഷ ഭൂഷാദികളെ സംബന്ധിച്ച തർക്കങ്ങളായിരുന്നു. അഞ്ചാം മാർത്തോമ്മായുടെയും 6-ാം മാർത്തോമ്മായുടെയും കാലത്ത് മലങ്കര മെത്രാന്മാരുടെ പട്ടത്വത്തിന്റെ സാധുതയെ സംബന്ധിച്ച് അന്ത്യോഖ്യൻ മെത്രാന്മാരുമായുണ്ടായ ഭിന്നത പ്രശ്നങ്ങൾക്കു കാരണമായി, എങ്കിലും അന്ന് സഭയിൽ ഒരു പിളർപ്പ് ഉണ്ടാകാതെ ദൈവം കാത്തു. എന്നാൽ പത്രോസ് III പാത്രിയർക്കീസിന്റെ കാലം മുതൽ മലങ്കര സഭയുടെ മേൽ അന്ത്യോഖ്യക്കാർ കൂടുതൽ അധികാര അവകാശങ്ങൾ സ്ഥാപിക്കുവാൻ ശ്രമിച്ചത് പ്രശ്നങ്ങൾ രൂക്ഷമാക്കി. പക്ഷെ പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് V ന് പ്രതിസന്ധി തരണം ചെയ്യുവാനും കാര്യങ്ങൾ പൂർണ്ണ നിയന്ത്രണത്തിൽ കൊണ്ടുവരാനും സാധിച്ചു. അടുത്ത തലമുറയിൽ മലങ്കര മെത്രാൻ സ്ഥാനത്തേക്കു വന്ന മാർ ദിവന്നാസ്യോസ് VIന്റെ കാലത്ത് ആരംഭിച്ച കലഹങ്ങൾ സഭയെ ഒരു പിളർപ്പിന്റെ വക്കോളം എത്തിച്ചു. എന്നാൽ ഭാഗ്യവശാൽ 1958 ലെ സുപ്രീം കോടതി വിധിയെ തുടർന്നു സഭയിൽ വീണ്ടും സമാധാനം പുനസ്ഥാപിതമായി.

എല്ലാം ക്രമീകൃതമായ സാഹചര്യത്തിൽ, സഭ അതിശീഘ്രം പുരോഗമിച്ചുകൊണ്ടിരിക്കുമ്പോഴാണ് 1970 മുതൽ വീണ്ടും അസ്വസ്ഥതകൾ തല പൊക്കുവാൻ തുടങ്ങിയത്. പ്രശ്നം പഴയതു തന്നെ ആയിരുന്നു. അന്ത്യോഖ്യ പാത്രിയർക്കീസിന് മലങ്കര സഭയുടെ മേൽ വ്യക്തമായ ആധിപത്യം വേണം എന്നാവശ്യപ്പെടുന്ന ഒരു സംഘം സഭയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുവാൻ തുടങ്ങി. എന്നാൽ മലങ്കര സഭയുടെ 1934 ലെ ഭരണഘടനഅനുസരിച്ച്, അന്നു വരെ കാര്യങ്ങൾ നടന്നിരുന്നതിന് വ്യത്യസ്ഥമായി ഒന്നും ചെയ്യുവാൻ അനുവദിക്കയില്ല എന്ന് മലങ്കര സഭയുടെ നേതൃത്വം ഉറച്ചു തീരുമാനിച്ചു. അധികം താമസിയാതെ മലങ്കര സഭയിലെ ഏതാനും വൈദികരെ അനധികൃതമായി പാത്രിയർക്കീസ് മെത്രാന്മാരായി വാഴിച്ചു. അവർ ഇന്നാട്ടിലെത്തി വിഘടിത വിഭാഗത്തിനു നേതൃത്വം നൽകി. കാര്യങ്ങൾ കലഹങ്ങളിലേക്കും കേസുകളിലേക്കും ചെന്നെത്തി.

മുൻകാല വഴക്കുകളിൽ നിന്ന് ഈ പ്രശ്നത്തിന് ഒരു പ്രത്യേകത ഉണ്ടായിരുന്നു. അത് ആരംഭിച്ച കാലം മുതൽ വഴക്കിന് കാരണഭൂതരായിത്തീർന്ന പാത്രിയർക്കീസ് വിഭാഗത്തിന് ഒരു കാര്യം വളരെ വ്യക്തമായി അറിയാമായിരുന്നു. 1958 ലെ സുപ്രീം കോടതി വിധിയുടെയും, അന്നു മുതൽ സഭയിലാകമാനം പ്രാബല്യത്തിൽവന്ന 1934 ലെ സഭാ ഭരണഘടനയുടെയും പശ്ചാത്തലത്തിൽ തങ്ങളുടെ പക്ഷത്ത് നീതിയില്ല. നിയമപരമായി തങ്ങൾക്ക് യാതൊരു പിൻബലവും ലഭിക്കില്ല എന്ന് വ്യക്തമായി അറിഞ്ഞുകൊണ്ടു തന്നെയാണ് പാത്രിയർക്കീസ് പക്ഷത്തെ നേതൃത്വം ഈ വഴക്കിന് തുടക്കം കുറിച്ചത്. അതുകൊണ്ടു തന്നെ ആദ്യം മുതലേ അസത്യങ്ങളും, അർദ്ധ സത്യങ്ങളും കൂട്ടിച്ചേർത്ത് പല വിശ്വാസ സംഹിതകളും അവർ സ്വയം ഉണ്ടാക്കി. കഴിയുന്നത്ര ജനങ്ങളെ ഈ തെറ്റുകൾ പഠിപ്പിച്ച് അനുയായികളുടെ എണ്ണം കൂട്ടുക എന്നതായിരുന്നു അവരുടെ പ്രധാന ലക്ഷ്യം. ഈ പ്രശ്നങ്ങൾ കോടതിയിലല്ല തീർക്കേണ്ടത്, കോടതിക്കു പുറത്താണ് എന്ന ദൂത് ആദ്യം മുതലേ പരത്തുവാനും അവർ ശ്രദ്ധിച്ചിരുന്നു. നിയമപരമായി യാതൊരു സാ

നിൽക്കുമ്പോൾ സഭാ കാര്യങ്ങൾ സംസാരിക്കാൻ പ്രയാസമുണ്ടായിരുന്നു. സമാധാനത്തെ സംബന്ധിച്ചും മറ്റുമുള്ള എന്റെ എളിയ അഭിപ്രായങ്ങൾ ഒരു കത്തിൽ രേഖപ്പെടുത്തി ഞാൻ അദ്ദേഹത്തെ ഏൽപ്പിച്ചു. കേരളത്തിൽ സമാധാനസ്നേഹികളായ ഒരുകൂട്ടം ചെറുപ്പക്കാർ തയ്യാറാക്കിയ ചില നിർദ്ദേശങ്ങളും (കോപ്റ്റിക് - എത്യോപ്യൻ സഭകളുടെ സമാധാന ഉടമ്പടിയുടെ മാതൃകയിലുള്ളത് 'വിശ്വസ്നേഹദർശനം' മാസികയിൽ പ്രസിദ്ധീകരിച്ചത്) അദ്ദേഹത്തിന് നൽകി. അവ തീർച്ചയായും അദ്ദേഹം വായിച്ചു കാണണം. 1998 നു ശേഷം പല അവസരങ്ങളിൽ ജനീവയിലെ ഡബ്ല്യു.സി.സി. ആസ്ഥാനത്തു വച്ചു കാണുമ്പോഴൊക്കെ കൂടുതൽ ഉൽസാഹത്തോടെ അദ്ദേഹം സഭാ കാര്യങ്ങളെക്കുറിച്ച് സൂചിപ്പിക്കുമായിരുന്നു.

എന്നാൽ നിർഭാഗ്യകരവും നിർണായകവുമായ ചില നടപടികൾ അദ്ദേഹം മലങ്കരയിൽ എടുത്ത ശേഷം അങ്ങനെ ഒന്നും സഭാകാര്യങ്ങൾ സംസാരിക്കാറില്ലായിരുന്നു. ഒരിക്കൽ ഞാൻ ആവർത്തിച്ച് ചില ചോദ്യങ്ങൾ മലങ്കരസഭയുടെ ഭാവിയെ സംബന്ധിച്ച് ചോദിച്ചപ്പോൾ ദുഃഖഭാവത്തോടെ 'ഞാൻ എട്ടു വർഷം കാത്തിരുന്നു' എന്നു മാത്രം പറഞ്ഞു. മലങ്കരയിലെ പാത്രിയർക്കീസ് കക്ഷിയുടെ നേതൃത്വത്തിന്മേൽ അദ്ദേഹത്തിനുണ്ടായിരുന്ന നിയന്ത്രണവും അധികാരവും നഷ്ടപ്പെട്ടതിൽ അദ്ദേഹം വളരെ ദുഃഖിതനാണെന്ന് ചുറ്റുപാടുകളിൽ നിന്ന് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ഇതിൽ അദ്ഭുതമൊന്നുമില്ല. കാര്യങ്ങൾ ഇങ്ങനെയൊക്കെ ആയിത്തീരും എന്നു സാഹചര്യങ്ങളെക്കുറിച്ച് അറിവുള്ള പലരും മുൻകൂട്ടി പറഞ്ഞിരുന്നതാണ്. ഏതായാലും സമാധാനം സംബന്ധിച്ച് അവിടെനിന്ന് എന്തെങ്കിലും ഉദ്യമങ്ങൾ ഉണ്ടായാലും ഇന്ത്യയിൽ അവ നിർവീര്യമാക്കപ്പെടും. എങ്കിലും ദൈവത്തിന് അദ്ഭുതങ്ങൾ പ്രവർത്തിക്കാൻ കഴിയും എന്ന് 'ആശയ്ക്ക് എതിരെ ആശയോടെ' നമുക്കു കാത്തിരിക്കാം. സുവിശേഷവിഹിതമായത് സമാധാനവും ഐക്യവും ആയതുകൊണ്ട് അതിനുവേണ്ടിയുള്ള നല്ല പരിശ്രമങ്ങളെ ദൈവം അവഗണിക്കയില്ലെന്ന് വിശ്വസിക്കാം. ചിലപ്പോൾ നമ്മുടെ പ്രാർത്ഥനയുടെയും പരിശ്രമത്തിന്റെയും ഫലം ഉണ്ടാവുന്നത് ഉടനെ ആവണമെന്നില്ല, നൂറോ ഇരുന്നൂറോ വർഷങ്ങൾ കഴിഞ്ഞാലും ഇപ്പോൾ പാകിയ ചില നല്ല വിത്തുകൾ കിളിർത്തേക്കാം.

ധുതയും ഇല്ലാത്ത ഒരു വിഭാഗം കോടതി വിധികളിൽ യാതൊരു വിശ്വാസവും അർപ്പിക്കാത്തതിൽ അതിശയിക്കാനില്ലല്ലോ. ഓരോ കോടതി വിധിയും വരുമ്പോൾ അതിനെ അനുസരിക്കാതിരിക്കാനും, അവ തങ്ങൾക്കനുകൂലമാണ് എന്ന് ദുർവ്യാഖ്യാനം ചെയ്യാനും അവർ ബദ്ധശ്രദ്ധരായിരുന്നു. കോടതിവിധിമൂലം പോത്താനിക്കാട് ഉമ്മിണിക്കുന്ന് പള്ളിയും കണ്യാട്ടുനിരപ്പു പള്ളിയും കത്തിപ്പാറത്തടം പള്ളിയും കോലഞ്ചേരി പള്ളിയും എല്ലാം കൈവിട്ടു പോകുന്നത് ദുഃഖത്തോടെ അവർ നോക്കിനിന്നു. അപ്പോഴാണ് ഓണക്കൂർ സെഹിയോൻ പള്ളി കേസിൽ ജഡ്ജിമാരുടെ ഒരു നിർദ്ദേശം അവർക്കു പിടിച്ചുതൂങ്ങാൻ പറ്റിയ കച്ചിത്തുരുമ്പായി തീർന്നത്.

ഓണക്കൂർ സെഹിയോൻ പള്ളി സംബന്ധിച്ച് കേരള ഹൈക്കോടതിയുടെ നിർദ്ദേശം എന്തായിരുന്നു എന്നു മനസ്സിലാക്കേണ്ടതുണ്ട്. മത സംഘടനകളും മറ്റും തമ്മിൽ നടക്കുന്ന വിഷമം പിടിച്ച കേസുകൾ കാലതാമസം കൂടാതെ എളുപ്പത്തിൽ പരിഹരിക്കാൻ ഒരു ശ്രമം എന്ന നിലയിൽ വേണമെങ്കിൽ കോടതിക്കു പുറത്ത് മദ്ധ്യസ്ഥന്മാരുടെ നേതൃത്വത്തിൽ പ്രശ്നപരിഹാരത്തിനു ശ്രമിക്കാം എന്ന ഒരു നയം സുപ്രീംകോടതി തന്നെ സ്വീകരിച്ചിട്ടുണ്ട്. Alternate Dispute Redressal mechanism (ADR) എന്നാണ് ഇതിന് കോടതി പേരു നല്കിയിരിക്കുന്നത്. ഇരു വിഭാഗത്തിനും സുസമ്മതരായ മദ്ധ്യസ്ഥന്മാരെ കണ്ടുപിടിച്ച് അവരുടെ നേതൃത്വത്തിൽ ചർച്ചകൾ നടത്തി ഇരുവിഭാഗവും അംഗീകരിക്കുന്ന ഒത്തുതീർപ്പു വ്യവസ്ഥകൾ ഉണ്ടാവുകയാണെങ്കിൽ അതിനനുസരിച്ച് കേസ് അവസാനിപ്പിക്കാം. എന്നാൽ ഏതെങ്കിലും ഒരു കക്ഷി സമ്മതിക്കാതിരിക്കയോ, ഒത്തുതീർപ്പ് ഉണ്ടാകാതിരിക്കയോ ചെയ്താൽ മേല്പറഞ്ഞ നടപടി മുഴുവൻ പാഴാവുകയും കോടതിയിൽ കേസ് തുടരുകയും ചെയ്യും. ഓണക്കൂർ പള്ളിയിൽ ADR സംവിധാനം നടപ്പാക്കുന്നതു സംബന്ധിച്ച് ഇരുവിഭാഗത്തിന്റെയും അഭിപ്രായം കോടതി ചോദിച്ചു. ഈ അഭിപ്രായം ചോദിച്ച പരാമർശത്തെയാണ് ഒരു കോടതിയുടെ അന്തിമതീർപ്പെന്ന വിധം പാത്രിയർക്കീസ് വിഭാഗം പർവ്വതീകരിച്ച് കാണിക്കുന്നത്. കോടതിയിൽ കൂടെ പ്രശ്നം തീരുകയില്ല എന്നോ, കോടതിക്കു പുറത്തുള്ള എഗ്രിമെന്റ് മാത്രമാണ് പ്രശ്നപരിഹാരത്തിനുള്ള ഏക മാർഗ്ഗം എന്നോ ഒന്നും കോടതി പറഞ്ഞിട്ടില്ല. വേണമെങ്കിൽ ഈ മാർഗ്ഗം ഒന്നു പരീക്ഷിച്ചു നോക്കാം എന്നു മാത്രമേ കോടതി ഉദ്ദേശിച്ചുള്ളു. പക്ഷെ പാത്രിയർക്കീസ് ഭാഗത്തിന്റെ വക്താക്കൾ പറയുന്നു കോടതിയിൽ കൂടെ കാര്യം പരിഹൃതമാകില്ല എന്ന് ജഡ്ജിമാർ കണ്ടെത്തിയെന്ന്. നുണയുടെ മറ്റൊരു രൂപം എന്നു മാത്രമേ ഇതിനെകുറിച്ച് പറയാനുള്ളു.

ഈ കാര്യത്തിൽ ഓർത്തഡോക്സ് സഭയുടെ നിലപാട് വളരെ വ്യക്തമാണ്. 1995 ലെ സുപ്രീം കോടതി വിധിയിൽ പറഞ്ഞിരിക്കുന്നത് 1934 ലെ ഭരണഘടന ഇരുവിഭാഗവും അനുസരിച്ച് അതിന്റെ അടിസ്ഥാനത്തിൽ സഭയിൽ സമാധാനം ഉണ്ടാകണമെന്നാണ്.



സുപ്രീം കോടതിയുടെ തീർപ്പ് ഓരോ ഇൻഡ്യൻ പൗരനും അനുസരിക്കാൻ ബാദ്ധ്യസ്ഥനാണ്. അപ്പോൾ അത് അനുസരിക്കാത്തവരുമായി പിന്നെ എന്തിന് ചർച്ച നടത്തണം. സുപ്രിം കോടതി വിധിക്കെതിരായി 2002 ൽ പുതിയ ഭരണഘടന ഉണ്ടാക്കിയവർ സഭയ്ക്ക് പുറത്താണ്. ഈ സഭയുടെ സ്വത്തുക്കളിന്മേൽ അവർക്ക് യാതൊരു അവകാശവുമില്ല. മേൽപറഞ്ഞ അടിസ്ഥാനതത്വങ്ങൾ പാത്രിയർക്കീസ് വിഭാഗം സ്വീകരിക്കുന്നു എങ്കിൽ മാത്രമേ ഒരു അനുരഞ്ജന ചർച്ചയ്ക്കു എന്തെങ്കിലും പ്രസക്തിയുള്ളു.

മേല്പറഞ്ഞ കാര്യങ്ങളോട് ചേർന്ന് പോകുന്ന മറ്റൊരു വശം കൂടെ ഈ പ്രശ്നത്തിനുണ്ട്. കോടതിക്കു പുറത്ത് എന്തെങ്കിലും എഗ്രിമെന്റ് ഉണ്ടായാൽ തന്നെ അത് പാലിക്കപ്പെടും എന്നതിന് എന്താണ് ഉറപ്പ്? നാളിതുവരെ എത്രയോ എഗ്രിമെന്റുകൾ ഉണ്ടായിട്ടുണ്ട്. അവയിൽ ഒന്നും തന്നെ കൃത്യമായി പാലിക്കപ്പെട്ടതായി അറിവില്ല. ഏതാനും ഉദാഹരണങ്ങൾ മാത്രം പറയാം. 1982 ൽ പിറവം വലിയ പള്ളിയെ സംബന്ധിച്ച് എറണാകുളം ജില്ലാ കളക്ടറുടെ മദ്ധ്യസ്ഥതയിൽ ഉണ്ടായ എഗ്രിമെന്റിൽ പാത്രിർക്കീസ് വിഭാഗത്തിലെ മെത്രാന്മാർ പിറവം വലിയ പള്ളിയിൽ പ്രവേശിക്കില്ല എന്നു സമ്മതിച്ചിട്ടുള്ളതാണ്. ഇത് പാലിക്കപ്പെടുന്നുണ്ടോ? വീണ്ടും 2008 ൽ മൂവാറ്റുപുഴ RDO യുടെ മദ്ധ്യസ്ഥതയിൽ ഉണ്ടായ ഒത്തുതീർപ്പ് പാത്രിയർക്കീസ് വിഭാഗം പാലിക്കാഞ്ഞതുകൊണ്ടാണല്ലോ പിറവത്ത് വലിയ പ്രശ്നങ്ങളും ലാത്തിചാർജ്ജും നടന്നത്. 2002 ൽ ഓർത്തഡോക്സ് സഭയിലെ മെത്രാപ്പോലീത്തമാർ കോലഞ്ചേരിയിൽ ഉപവാസം കിടന്ന സാഹചര്യത്തിൽ മൂന്ന് മന്ത്രിമാരുടെ മദ്ധ്യസ്ഥതയിൽ ഉണ്ടായ എഗ്രിമെന്റ് ഒരു ദിവസം കഴിഞ്ഞപ്പോൾ ലംഘിക്കപ്പെട്ടു. 2005 ൽ ആലുവ തൃക്കുന്നത്തു സെമിനാരിയെ സംബന്ധിച്ച് അന്നത്തെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിലെ എഗ്രിമെന്റും നിരന്തരം ലംഘിക്കപ്പെടുന്നു. ഇവയെല്ലാം പാത്രിയർക്കീസ് വിഭാഗം തന്നെ ഏകപക്ഷീയമായി ലംഘിക്കയാണ് ചെയ്യുന്നത്. ഇതുവരെ ഉണ്ടായ എഗ്രിമെന്റുകൾ പാലിക്കാത്തവരുമായി പുതിയ എഗ്രിമെന്റുകൾ ഉണ്ടാക്കുന്നതിൽ അർത്ഥമുണ്ടോ?

കോടതിക്കു പുറത്ത് പ്രശ്നങ്ങൾ തീർക്കണം എന്നു പാത്രിയർക്കീസ് വിഭാഗം പറയുമ്പോൾ തന്നെ പള്ളികളും സ്വത്തുക്കളും വിഭജിക്കണം എന്നാണ് അവർ അർത്ഥമാക്കുന്നത്. വീതം വയ്ക്കുന്നതിന് ഏക മാനദണ്ഡം ഭൂരിപക്ഷ ജനസംഖ്യ എന്നതാകണം എന്നും അവർ പ്രതീക്ഷിക്കുന്നു. ഭൂരിപക്ഷമനുസരിച്ച് വിഭജിക്കണം എന്ന തത്വം അംഗീകരിക്കപ്പെട്ടാൽ, യാതോരവകാശവും ഇല്ലാത്തവരാണെങ്കിലും കുറേ പള്ളികളെങ്കിലും യാതൊരു തടസവും കൂടാതെ തങ്ങൾക്കു ലഭിക്കും. പിന്നെ ഏതാനും സ്ഥലങ്ങളിൽ പാവം ജനങ്ങളെ കത്തി കാണിച്ചും, ബോംബു കാണിച്ചും തങ്ങളുടെ പക്ഷത്താക്കി വിജയം വരിക്കാം എന്നൊരു പ്രതീക്ഷയും അവർക്കുണ്ട്. ഒന്നിനും അവകാശമില്ലാത്ത അവസ്ഥയിൽ, കിട്ടുന്നത് ലാഭം എന്ന തത്വമാണ് അവരുടെ നിലപാടിന്റെ അടിസ്ഥാനം.

ഒരു കുഞ്ഞിന്റെ മാതൃത്വം അവകാശപ്പെട്ടുകൊണ്ട് രണ്ടു സ്ത്രീകൾ ശലോമോൻ രാജാവിന്റെ അടുക്കൽ

വന്ന കഥയാണ് ഓർമ്മ വരുന്നത്. കുഞ്ഞിനെ വെട്ടിമുറിക്കാം എന്ന രാജകല്പനകേട്ട് ഞെട്ടിപ്പോയ സ്ത്രീ കുഞ്ഞിന്റെ യഥാർത്ഥ അമ്മയാണെന്ന് രാജാവ് മനസിലാക്കി. **മലങ്കര സഭയുടെ യഥാർത്ഥ നേതൃത്വത്തിന് സഭയെ വെട്ടിമുറിക്കാൻ ഒരിക്കലും അനുവദിക്കാൻ സാധിക്കില്ല.** യഥാർത്ഥ അവകാശികൾ പാത്രിയർക്കീസ് വിഭാഗമെങ്കിൽ മുഴുവൻ അവർക്കു നല്കിക്കൊൾക – ഇതാണ് മലങ്കര സഭയുടെ നിലപാട്.

ഒരു ക്രൈസ്തവ ദേവാലയത്തിലെ ഭൂരിപക്ഷം അംഗങ്ങളും ഹിന്ദുക്കളായി തീർന്നാൽ ആ ദേവാലയം അമ്പലമായി മാറുകയില്ല. അത് എന്തിനുവേണ്ടി സ്ഥാപിക്കപ്പെട്ടുവോ ആ ഉദ്ദേശ്യത്തിൽ തന്നെ നിലകൊള്ളും. ഇത് രാജ്യത്തെ നിയമമാണ്. ഏതാനും പേർ ചേർന്നു ഒരു മതസ്ഥാപനം ഉണ്ടാക്കിയാൽ അവർക്കു അതിന്മേൽ വ്യക്തിപരമായ നിയന്ത്രണം ഇല്ല. ഉണ്ടാക്കിയ സ്ഥാപനത്തിന്റെ നിയമാവലി അനുസരിച്ച് അതു ഭരിക്കപ്പെടണം. അതിൽ ഏതാനും പേരുടെ അഭിപ്രായം ഒരു സുപ്രഭാതത്തിൽ വ്യത്യാസപ്പെട്ടു എന്നുവച്ച് ആ സ്ഥാപനം അവർക്ക് കൊണ്ടുപോവുക അസാധ്യമാണ്.

മലങ്കര സഭയിലെ പള്ളികൾ അന്ത്യോഖ്യ പാത്രിയർക്കീസിനെ ആരാധിക്കുവാൻ സ്ഥാപിതമായവയല്ല. ദൈവാരാധനയ്ക്കു വേണ്ടി ഉണ്ടാക്കപ്പെട്ടവയാണ്. സഭയിലെ പ്രധാന പള്ളികൾ മിക്കതും അന്ത്യോഖ്യൻ ബന്ധം ആരംഭിക്കുന്നതിനു മുൻപേ സ്ഥാപിക്കപ്പെട്ടവയുമാണ്. 1958 ലെയും 1995 ലെയും സുപ്രീം കോടതി വിധികളിൽ ഈ പള്ളികൾ എങ്ങനെ ഭരിക്കപ്പെടണമെന്നു വ്യക്തമാക്കിയിട്ടുണ്ട്. 1934 ലെ ഭരണഘടനയാണ് അതിന്റെ നിയമാവലി. അതനുസരിക്കാൻ പറ്റാത്തവർ അന്തസായി പുറത്തുപോവുകയാണ് വേണ്ടത്. അതിനുവേണ്ടി ഒരു കഷണം ആവശ്യപ്പെടുന്നത് നീതിക്കു നിരക്കുന്ന കാര്യമല്ല.

കോടതികളിൽകൂടിത്തന്നെ ഈ പ്രശ്നം പരിഹരിക്കപ്പെടണം എന്ന വാശിയൊന്നും മലങ്കരസഭ നേതൃത്വത്തിനില്ല. ഉഭയകക്ഷി ചർച്ചകളാകാം. പക്ഷേ അതിനുമുമ്പ് പരസ്പരവിശ്വാസം വളരേണ്ടിയിരിക്കുന്നു. ശാശ്വതസമാധാനമാണ് ഇരു വിഭാഗങ്ങളും ആഗ്രഹിക്കുന്നതെന്നും, അതിനുവേണ്ടി വിട്ടുവീഴ്ചകൾ ചെയ്യുവാൻ എല്ലാവരും തയ്യാറാണെന്നും പരസ്പരവിശ്വാസമുണ്ടാകണം. ഇപ്പോൾ അത്തരത്തിൽ വിശ്വാസമില്ല. എഗ്രിമെന്റുകൾ സ്വന്തലാഭത്തിനുവേണ്ടി ലംഘിക്കുകയും, കോടതിവിധികൾ നടപ്പാക്കാൻ ശ്രമിക്കുന്ന വൈദികരെ ഉപദ്രവിക്കുവാൻ തയ്യാറായി നിൽക്കുകയും ചെയ്യുന്ന ഒരു എതിർ വിഭാഗത്തെയാണ് ഓർത്തഡോക്സ് സഭ മുന്നിൽ കാണുന്നത്. മാധ്യമങ്ങളിൽകൂടെ എന്തുവിട്ടുവീഴ്ചയ്ക്കും തയ്യാറാണെന്ന് നിരന്തരം പ്രസ്താവിക്കുകയും, യാഥാർത്ഥ്യത്തോട് അടുക്കുമ്പോൾ ആ പ്രസ്താവനകൾക്ക് കടകവിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു വിഭാഗവുമായി ചർച്ചകൾനടത്തുവാൻ ആരെങ്കിലും തയ്യാറാവുമോ? പാത്രിയർക്കീസ് വിഭാഗത്തിന്റെ ലക്ഷ്യം സംശുദ്ധമെങ്കിൽ ഇതുവരെ ഉണ്ടായ എഗ്രിമെന്റുകൾ അവർ ആദ്യം പാലിക്കട്ടെ.

അന്യോന്യം ശത്രുതാമനോഭാവത്തോടെ നിൽക്കുന്ന വിഭാഗങ്ങൾ തമ്മിൽ പള്ളികൾ വീതിച്ചു പിരിഞ്ഞാലും പ്രശ്നം ശാശ്വതമായി പരിഹരിക്കപ്പെടുമോ? പിറ്റേദിവസം മുതൽ ഇരുവിഭാഗവും “ആടുമോഷണ”ത്തിനുള്ള ശ്രമം ആരംഭിക്കാതിരിക്കുമോ. ഒരു പള്ളിയിൽ പ്രശ്നം സൃഷ്ടിക്കുന്ന ഒരാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചാൽ അയാൾ തൊട്ടടുത്ത്, അതേവിശ്വാസ ആചാരാനുഷ്ഠാനങ്ങൾ പാലിക്കുന്ന അടുത്ത പള്ളിയിലേക്ക് ചേക്കേറുകയില്ലേ. അതുകൊണ്ടു നശിക്കുന്നത് ഇരുവിഭഗത്തിന്റെയും പൊതുവായ അച്ചടക്കമായിരിക്കും. ഒരു സഭയിൽ അച്ചടക്ക ലംഘനത്തിന് ശിക്ഷിക്കപ്പെടുന്നയാൾ മറുഭാഗത്തു ചെന്നാൽ അദ്ദേഹത്തെ അവിടെ സ്വീകരിക്കയില്ല എന്നൊരു തത്വം എല്ലാവരും സ്വീകരിച്ച് ആത്മാർത്ഥമായി നടപ്പാക്കുമോ ?

മേൽപറഞ്ഞ കാര്യങ്ങൾ പരിഗണിക്കാതെ പള്ളികളും സ്വത്തുക്കളും വീതം വച്ചാൽ മലങ്കരസഭയുടെ പ്രശ്നങ്ങൾ ശാശ്വതമായിപരിഹരിക്കപ്പെടും എന്നു ചിന്തിക്കുന്നത് അർത്ഥശൂന്യമാണ്.

GEORGIAN MIRROR

മലങ്കരയുടെ സത്യവെളിച്ചം

സത്യവെളിച്ചം വീശുന്ന പഠനങ്ങൾ, വേദചിന്തകൾ,
ചരിത്രബോധം വളർത്തുന്ന ലേഖനങ്ങൾ, ആനുകാലിക വിഷയങ്ങളെക്കുറിച്ചുള്ള ചിന്തോദ്ദീപകങ്ങളായ വിശകലനങ്ങൾ, സഭാവാർത്തകൾ എന്നിവ ഉൾക്കൊള്ളുന്ന കാലത്തിന്റെ കണ്ണാടി.!
ക്രിസ്തീയ/സഭാ നേതാക്കളും വേദശാസ്ത്രജ്ഞരും , ചരിത്രപണ്ഡിതരും വളരുന്ന എഴുത്തുകാരും ഒരുമിച്ചു സമ്മേളിക്കുന്ന വേദി!
സത്യവിശ്വാസം, ചരിത്രം, പാരമ്പര്യം, പ്രായോഗിക ക്രിസ്തീയദർശനം എന്നിവ പുതിയ തലമുറയ്ക്ക് ലളിത ഭാഷയിൽ പകർന്നു നല്കുന്ന മലങ്കര ഓർത്തഡോക്സ് സഭയിലെ ഉത്തമ പ്രസിദ്ധീകരണം!
മലങ്കരയിലെ സത്യവിശ്വാസികൾക്ക് കൊച്ചി പാലാരിവട്ടം
സെ. ജോർജ് ഓർത്തഡോക്സ് വലിയപള്ളി ഒരുക്കുന്ന സമ്മാനം!

വരിക്കാരാവുന്നതിന് ഇപ്പോൾ സുവർണാവസരം!!!

വരിസംഖ്യ: 1 കോപ്പി 40/- രൂപ : 1 വർഷം (4 കോപ്പികൾ തപാലിൽ) 150/– രൂപ
വിദേശത്തേയ്ക്ക്: 500/– രൂപ

Account No. : 617302010000662   Union Bank of India, Palarivattom

For Editorial Matters & Other Correspondence: **EDITOR**, Mob: 98475 44046
St. George Orthodox Valiyapally, Palarivattom, Cochin-682 025
Ph: 0484-2346096 (Church Office)

For Advertisements: **MARKETING MANAGER**, Mob: 94461 35081
St. George Orthodox Valiyapally, Palarivattom, Cochin-682 025
Ph: 0484-2346096 (Church Office)

For Subscription & Copies: **CIRCULATION MANAGER**, Mob: 94478 19048
St. George Orthodox Valiyapally, Palarivattom, Cochin-682 025
Ph: 0484-2346096 (Church Office)

e-mail ID: gmirror2009@yahoo.com

സഭാസമാധാനം: പരിഹാരം വഴിപിരിയലോ, യോജിപ്പോ?

▪ തോമസ് പോൾ റമ്പാൻ

ക്രൈസ്തവ സഭാചരിത്രത്തിൽ, പ്രത്യേകമായി മലങ്കര സഭാചരിത്രത്തിൽ ഏറെ നിർണ്ണായകമായ കാലഘട്ടമായി മാറുവാൻ ഒരുങ്ങുകയാണ് 21-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിന്റെ അന്ത്യകാലവും രണ്ടാം ദശകത്തിന്റെ ആരംഭവും. സഭയെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിന്റെ ആജ്ഞ എത്ര മാത്രം നീതിപൂർവ്വകമായി നടപ്പിലാക്കുവാനാകും എന്നതാണ് ചർച്ച. പലപ്പോഴും ക്രിസ്തു കൽപ്പിച്ചതൊന്നും നാം പിന്തുടരുന്നത് മറ്റൊന്നും എന്നത് വിഷമത്തോടെ മാത്രം ഓർക്കേണ്ട സംഗതിയാണ്.

സഭയുടെ നിലനിൽപ്പിനെപ്പറ്റി ചിന്തിക്കുമ്പോൾ രണ്ടു പ്രബല ചിന്തകളാണ് പരിഗണിക്കേണ്ടത്. സഭകൾ പിളർന്ന് പലതാകണമോ യോജിച്ച് നീങ്ങണമോ? എക്യുമെനിക്കൽ ബന്ധങ്ങൾ ശക്തമാക്കുവാൻ കഴിയുന്നത്ര ഘടകങ്ങളിൽ വ്യക്തിത്വവും വിശ്വാസവും നഷ്ടപ്പെടാതെ യോജിപ്പിന്റെ മേഖലകൾ കണ്ടെത്തുന്ന സമയമാണല്ലോ ഇത്. വിശ്വാസ ഐക്യമില്ലാത്ത സഭകൾ തമ്മിൽ എക്യുമെനിക്കൽ ബന്ധങ്ങളാവാം. ഒരേ വിശ്വാസവും ഒരേ ആചാരവും ഒരേ പാരമ്പര്യവുമുള്ള ഒരു സഭയുടെ മക്കൾ തമ്മിൽ എക്യുമെനിക്കൽ ബന്ധത്തിനപ്പുറമായ ആത്മാർത്ഥമായ വൈകാരിക ബന്ധം ആവശ്യപ്പെട്ടാൽ അത് തിരസ്കരിക്കുവാൻ ഒരമ്മപെറ്റ മക്കൾക്കാകുമോ? ഇല്ല എന്നുത്തരം.

കർത്താവ് അപ്പമെടുത്ത് വാഴ്ത്തി വണ്ഡിച്ച് തന്റെ കൂടെയിരുന്നവർക്ക് നൽകിയിട്ട് പറഞ്ഞു - ഇത് എന്റെ ശരീരമാകുന്നു. നിങ്ങൾ ഇത് പങ്കുവച്ച് അനുഭവിക്കണം. കർത്താവ് പറഞ്ഞില്ല, ഇത് നിങ്ങൾ സ്വീകരിച്ച് പലതായി പിരിഞ്ഞുപോവുക എന്ന്. അപ്പനും മക്കളും പല വ്യക്തികളാണെങ്കിലും അവരുടെ ഇടയിൽ അദൃശ്യമായി നിലനിൽക്കുന്ന ബന്ധത്തെ നമുക്കു മുറിച്ചുമാറ്റുവാനാകുമോ? നിങ്ങൾ പലതായി നിൽക്കുമ്പോഴും എന്റെ ശരീരത്തിൽ - ഒന്നായിനിൽക്കുവാനാണ് ഇത് നിങ്ങൾക്ക് തരുന്നത് എന്നല്ലേ കർത്താവ് പറഞ്ഞത്. അദൃശ്യമായ ബന്ധത്താൽ തന്റെ ശിഷ്യന്മാർ തന്നിൽതന്നെ ഒന്നായി നിൽക്കണമെന്ന് കർത്താവ് ആഗ്രഹിച്ചത് നിഷേധിക്കുവാൻ - പലതായി വിഘടിക്കണമെന്നാഗ്രഹിക്കുവാൻ നമുക്കാകുമോ? ഏക ശരീരത്തിന്റെ ഭാഗമായി നിൽക്കുമ്പോൾ എങ്ങനെ വിഭജിക്കപ്പെടാനാകും? ഒരേ കുടുംബത്തിലെ ഒരമ്മപെറ്റ മക്കൾക്ക് താൽക്കാലികമായ സൗന്ദര്യപ്പിണക്കങ്ങളല്ലാതെ ശാശ്വതമായ വൈരത്തിൽ കഴിയാനാകുമോ? ആത്യന്തികമായി നാമൊന്നാണെന്ന സത്യവും ചിന്തയും പ്രബലപ്പെടുമ്പോൾ വിഭജനമല്ല യോജിപ്പാണ് കരണീയമെന്ന് ബോദ്ധ്യപ്പെടും.

വിഭജനത്തെ തുണയ്ക്കുവാൻ കച്ചകെട്ടുന്നവർ ചില മിഥ്യാധാരണകളോടെയാണതിന് മുതിരുന്നത്. അവരുടെ ചിന്തകൾ വിശകലനം ചെയ്യുമ്പോൾ മനസ്സിലാകുന്നത് ബാലിശമായ ചില ചിന്തകളെ യാഥാർത്ഥ്യമെന്നു വരുത്തിതീർക്കുക, അതു മുഖാന്തിരം ന്യൂനപക്ഷത്തിന്റെ താൽപര്യങ്ങളെ ഭൂരിപക്ഷ താൽപര്യങ്ങളായി ചിത്രീകരിച്ച് ന്യൂനപക്ഷത്തിന്റെ നീതിപൂർവകമല്ലാത്ത സ്ഥാനങ്ങൾ നിലനിർത്തുക എന്നുള്ളതുമാണ്.

1. വടക്ക് മൃഗീയ ഭൂരിപക്ഷം യാക്കോബായ വിഭാഗത്തിനാണ്.

വടക്കുള്ള എല്ലാ പള്ളികളിലും കാതോലിക്കാ പക്ഷത്തോടും യാക്കോബായാ പക്ഷത്തോടും ആഭിമുഖ്യമുള്ള ഒരു ന്യൂനപക്ഷമുണ്ടെന്നത് യാഥാർത്ഥ്യമാണ്. ആ യാഥാർത്ഥ്യം നിലനിൽക്കുമ്പോൾ തന്നെ വളരെ 'പാസീവ്' ആയ ബഹുഭൂരിപക്ഷമാണ് വിശ്വാസികൾ. അവർക്ക് പാരമ്പര്യ മലങ്കരസഭയിലുള്ള വിശ്വാസമല്ലാതെ ഏതെങ്കിലും വിഭാഗത്തോട് മമതയോ കൂറോ ഇല്ല എന്നതാണ് യാഥാർത്ഥ്യം. തങ്ങളുടെ കൗദാശിക ആവശ്യങ്ങൾ നടത്തികിട്ടണമെന്നും സമാധാനത്തോടെ ആരാധനയിൽ സംബന്ധിക്കണമെന്നുമുള്ളതിൽ കവിഞ്ഞ് അവർക്ക് മറ്റെന്തെങ്കിലും താൽപര്യങ്ങളുണ്ടെന്നു കരുതേണ്ടതില്ല. അതുകൊണ്ടാണല്ലോ പ്രാർത്ഥനാ യജ്ഞങ്ങളോടും ശക്തിപ്രകടനങ്ങളോടും വടക്കുള്ളവർ വിമുഖതയോടെ പെരുമാറുന്നത്. ആലുവാടൗൺ ഹാളിൽ വച്ച് യാക്കോബായ വിഭാഗം നടത്തിയ മഹാസമ്മേളനത്തിലേക്ക് (2010 ഓഗസ്റ്റ് 8) പ്രതീക്ഷിക്കപ്പെട്ടത് അൻപതിനായിരവും എത്തിച്ചേർന്നത് രണ്ടായിരത്തിൽ താഴെയും ആളുകളായിരുന്നു. ഒരുകാലത്ത് അന്ത്യോക്യാ വികാരമുയർത്തി ആളെ കൂട്ടുവാൻ ഒരു വിഭാഗത്തിന് കഴിഞ്ഞു എങ്കിൽ ഇന്നത് സാധിക്കാത്തത് ജനങ്ങളുടെ മനോഭാവം വ്യക്തമായി മാറിക്കഴിഞ്ഞതു മൂലമാണ്. ഏതച്ചൻ വി.കുർബാന അർപ്പിക്കുന്നുവോ ആ അച്ചനോട് ചേർന്നുനിൽക്കുവാൻ മഹാഭൂരിപക്ഷം വരുന്ന സാധാരണക്കാർ തയ്യാറാകുമ്പോൾ, ആ സംവിധാനത്തിൽ നിൽക്കുന്നവരെല്ലാം അച്ചന്റെ വിഭാഗത്തോടു മാത്രം മമതയുള്ളവരാണെന്ന ചിന്ത തെറ്റാണെന്ന് പറയുവാനാണ് ശ്രമിച്ചത്.

2. മലബാർ മോഡൽ വിഭജനമാണാവശ്യം

വിഘടനവാദികളുണർത്തുന്ന മറ്റൊരു ചിന്ത മലബാർ മോഡലിൽ പള്ളികൾ വിഭജിക്കണമെന്നാണ്. മലബാറിൽ നമ്മുടെ സഭയുടെ ചരിത്രം എന്താണ്? കഴിഞ്ഞ പത്തോ അൻപതോ വർഷത്തിനിടയിൽ കുടിയേറിയവരാണ് മലബാറിലുള്ളവർ. അവർക്കു വിഭജിച്ചു പിരിയുക ബുദ്ധി

മുട്ടില്ല. കാരണം കാരണവന്മാരുടെ അന്ത്യവിശ്രമം ആ പള്ളികളിലല്ലല്ലോ. വൈകാരിക ബന്ധമില്ലാത്ത സാഹചര്യത്തിൽ, നിലവിലുള്ളതിനേക്കാൾ നല്ല പുതിയ പള്ളി കിട്ടിയാൽ അവിടേക്കു മാറാൻ കൂടുതൽ താൽപര്യപ്പെടുന്നവരാണ് അവർ എന്നതും യാഥാർത്ഥ്യമാണ്. പുതിയ വീട് പണിത് അവിടേക്കു താമസം മാറ്റുന്ന ലഘുത്വമേ ഇതിനുള്ളു. പുതിയവയോടും കാലോചിതമായി പുതുക്കിപ്പണിയുന്നതിനോടുമുള്ള താൽപര്യം മൂലം വിഭജിച്ചു പിരിയുക അഭികാമ്യമെന്ന് അവർ കരുതിയാൽ തെറ്റുപറയാനാവില്ല. പുരാതന ദേവാലയങ്ങളുടെ അവസ്ഥ വ്യത്യസ്തമാണ്. പലപ്പോഴും കക്ഷി താൽപര്യത്തേക്കാൾ ഇടവക പള്ളിയോടുള്ള താൽപര്യമാണ് പഴയ പള്ളികളിൽ മുന്നിട്ടുനിൽക്കുന്നത്.

3. 'പാത്രിയർക്കീസ്' വികാരം

ഭാരതത്തിന് എന്നും സ്വീകരിച്ച ചരിത്രമേയുള്ളൂ. ഏവരെയും ഉൾക്കൊള്ളുന്ന മനോഭാവം. ഹൃദയവിശാലത എന്നും ഭാരതീയരുടെ രക്തത്തിൽ അലിഞ്ഞുചേർന്നിട്ടുള്ള ഭാവമാണ്. ഇഷ്ടപ്പെട്ടതിനെ കലവറ കൂടാതെ സ്വീകരിക്കുവാനും നമുക്കായിട്ടുണ്ട്. ഈ മനോഭാവം പലപ്പോഴും അപരിഹാര്യമായ നഷ്ടങ്ങൾക്ക് ഇടനൽകിയിട്ടുണ്ടെന്നതും ചരിത്രവസ്തുതയാണ്. സൗന്ദര്യത്തിലും ആകാര സവിശേഷതയിലും ആകൃഷ്ടരായവർ ആരാധനാ മനോഭാവത്തോടെ വിദേശികളെ കണ്ടിരുന്നു എന്നതും മറച്ചുവയ്ക്കുവാനാവാത്ത സത്യമാണ്.

പാത്രിയർക്കീസ് ബാവായേയും വിദേശി മെത്രാന്മാരേയും കാണുമ്പോൾ കാമ്പിനേക്കാൾ കൂടുതലായി ബാഹ്യമോടികളിൽ ആകൃഷ്ടരായവർ, പറുദീസായിലെ ഫലം തിന്നുന്നതുകൊണ്ടാണ് തൊലി വെളുത്തതെന്നും സൗന്ദര്യം ലഭിച്ചതെന്നും തെറ്റിദ്ധരിച്ചിട്ടുണ്ടെങ്കിൽ അവരെ കുറ്റം പറയുവാനാവില്ലല്ലോ. ഈ നിഷ്കളങ്കഭാവത്തെ കാലാകാലങ്ങളിൽ ഭാരതത്തിലേക്കു വന്ന വിദേശികൾ ആവോളം ചൂഷണം ചെയ്തിട്ടുണ്ട്. ഖേദകരമെന്നു പറയട്ടെ, മലങ്കര സഭാമക്കളും ഈ ബലഹീനതയ്ക്ക് അടിപ്പെട്ടിരുന്നു. ഇവിടുന്ന് ലഭിക്കുന്നതു മുഴുവൻ കടത്തിക്കൊണ്ടുപോകുവാൻ മാത്രം ശ്രദ്ധിച്ചിരുന്ന വിദേശ ചൂഷകരുടെ ഒരു മുഖം മത സംവിധാനത്തെയും മനസമാധാനത്തേയും ബാധിച്ചിരുന്നു. അത് തിരിച്ചറിയുവാൻ വൈകിയ ഒരു ജനത ഇവിടെ ഉണ്ടായിരുന്നെന്നും ഒരു വിഭാഗം വിദേശിചിന്ത ശ്രേഷ്ഠമായി മനസിൽ കരുതുന്നു എന്നുള്ളതും സഭാ യോജിപ്പ് സാധിതമാക്കുവാൻ തടസ്സമായി നിൽക്കുന്നു. ഇതൊരു വികാരമായി നിലനിർത്തുവാൻ അധികാരമോഹികളായ ഒരു സംഘം ഇന്നും യത്നിക്കുന്നത് ലജ്ജാവഹമാണ്. അടിമപ്പെടലിനെ ലഹരിയായി കരുതുന്നവരെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കെത്തിക്കുക ശ്രമകരമാണ്. തലമുറ തലമുറയായി സാവധാനമേ ഇവ മാറ്റിയെടുക്കാനാവുകയുള്ളൂ.

മേൽ സൂചിപ്പിച്ച പഠിപ്പിക്കലുകളെ കൂടാതെ പണവും പ്രതിലോമ ശക്തികളുടെ ഇടപെടലും വിഭാഗീയ ചിന്തയുടെ പ്രസരണത്തെ അനുകൂലമായി ബാധിച്ചിട്ടുണ്ട്. വി. പത്രോസിന്റെ പേരിൽ ആരംഭിച്ച കൂലിപ്പടയുടെ തേരോട്ടം ഒരു ഘട്ടത്തിൽ യഥാർത്ഥ വിശ്വാസികളെ അടിച്ചൊതുക്കുവാൻ പ്രയോജനപ്പെട്ടു. കേഫയ്ക്കു കഴിയാതിരുന്നത് ചെയ്യിക്കുവാൻ ക്വട്ടേഷൻ സംഘങ്ങളെ നിയോഗിക്കുവാൻ സഭാതലവന് പ്രയാസമുണ്ടാകാതിരുന്നതും സഭാ വളർച്ചയ്ക്കായി വിവക്ഷിക്കപ്പെട്ടു. ഓർത്തഡോക്സ് സഭയെ ഒതുക്കുവാൻ ആരെ കൂട്ടുകിട്ടിയാലും ഉപയോഗപ്പെടുത്തുമെന്ന മനോഭാവത്തെ മറ്റു ചില ക്രൈസ്തവ ഗ്രൂപ്പുകളും പ്രോൽസാഹിപ്പിച്ചു. വടക്കൻ മേഖലകളിൽ അത്തരക്കാരുടെ നേതൃത്വം പരസ്യമായി മറുവിഭാഗത്തെ പിന്തുണയ്ക്കുവാൻ തയ്യാറായി. തരംകിട്ടിയാൽ ഈ രണ്ടു സഭയേയും ഉടലോടെ വിഴുങ്ങുവാൻ തയ്യാറായിരുന്നവർ മറുവിഭാഗത്തെ യുക്തിപൂർവ്വം ഉയർത്തിക്കൊണ്ടുവരുവാൻ ശ്രമിച്ചു. ആത്യന്തിക ലക്ഷ്യം വിഘടിപ്പിച്ചു നിർത്തി നിർവീര്യമാക്കുക എന്നതു തന്നെയാണല്ലോ. താരതമ്യേന ബലഹീനസംഘത്തെ കൂട്ടുപിടിച്ച് സഹായിക്കാനെന്ന വ്യാജേന സ്വന്തം സഭയിലെ അംഗങ്ങളാക്കിത്തീർക്കുവാനുള്ള കഴുകൻ കണ്ണുകളെ കണ്ടില്ലെന്നു നടിക്കുന്നതും തന്റെ അജഗണത്തെ മുഴുവൻ ബലി കൊടുക്കുവാൻ തയ്യാറാകുന്നതും സ്വന്തം സ്ഥാനം നിലനിർത്തുക എന്ന ഏക ലക്ഷ്യത്തിലേക്കെത്തുവാനാണെന്നത് ലജ്ജാകരമാണ്.

യോജിപ്പ് എങ്ങനെയാവാം?

യോജിപ്പ് എന്നും പരിപൂർണ്ണമാവണം. ഇന്നത്തെ സാഹചര്യത്തിൽ സാധ്യതകൾ ഏറെയാണ്. ആദ്യഘട്ടത്തിൽ അതാത് മെത്രാൻമാരുടെ ഭദ്രാസനം അവരവർക്കു നൽകുക. ഇത് ഏറെ എളുപ്പമാണ്. കാരണം വിഘടിത വിഭാഗത്തിൽ 95% ഭദ്രാസനങ്ങളും സഭാതലവന്റെ നിയന്ത്രണത്തിലാണ്. രണ്ടോ മൂന്നോ ഭദ്രാസനങ്ങൾക്കേ സ്വതന്ത്ര മെത്രാന്മാരുള്ളൂ. അതുകൊണ്ടുതന്നെ സ്വതന്ത്ര മെത്രാന്മാരില്ലാത്ത ഭദ്രാസനമെല്ലാം മലങ്കര മെത്രാപ്പോലീത്തയുടെ കീഴിലാവണം. അസോസിയേഷനോ കമ്മിറ്റികളോ കൂടാതെ, അതായത് വ്യവസ്ഥാപിതമായി തിരഞ്ഞെടുക്കപ്പെടാത്ത മെത്രാന്മാരെ മുഴുവൻ ഉൾപ്പെടുത്തി മലങ്കര സഭയുടെ കീഴിൽ ഒരു റീത്തായി നിലനിർത്തുവാൻ പരി. മലങ്കരസഭ അനുവാദം നൽകണം. കാലാന്തരത്തിൽ പുതിയ വാഴിക്കലുകൾ നടക്കാത്ത സാഹചര്യത്തിൽ ഇതെല്ലാം ഏക മലങ്കരസഭയുടെ ഭാഗമായി തീരും. ഇതൊരു കീഴടങ്ങലോ ഔദാര്യമോ ആയി ആരും വിലയിരുത്തേണ്ടതില്ല. മുറിവുണ്ടായാൽ ഉണങ്ങുന്നതുവരെയുള്ള അസ്വസ്ഥതയും ബുദ്ധിമുട്ടുകളും ഉണ്ടാവും. അത് അനിവാര്യമാണ്. ഈ കാലഘട്ടം കൊണ്ട് ജനങ്ങൾ പരസ്പരം ഇടപഴകിയും പങ്കുവച്ചും എവിടെയെങ്കിലും തീവ്രതയുണ്ടെങ്കിൽ അവ ശമിപ്പിച്ചും ഏക പരിശുദ്ധ സഭയുടെ ഭാഗമായി തീരും. ഇതോടൊപ്പം സഭയുടെ സെമിനാരികൾ കൂടുതൽ സജീവമാക്കി സെമിനാരി വിദ്യാഭ്യാസം ലഭിക്കാതെ വൈദികരായവരെ ഘട്ടം ഘട്ടമായി സെമിനാരി വിദ്യാഭ്യാസത്തിന് വിധേയരാക്കണം. സഭയെപ്പറ്റി വ്യക്തമായ കാഴ്ചപ്പാടും ബോധ്യങ്ങളും അതുമൂലം വിശാലപ്പെടുവാൻ കാരണമാകും. എത്യോപ്യൻ സഭയോട് കോപ്റ്റിക് സഭയെടുത്ത നിലപാടിനു സമാനമായി മലങ്കര സഭയോട് സിറിയൻ സഭ നിലപാടെടുക്കണം. യോജിപ്പ് പൂർണ്ണം എന്നതുപോലെ സ്വതന്ത്രത പൂർണ്ണമാവണം. അനതിവിദൂര ഭാവിയിൽ ഒരുമിച്ചു നിന്ന് ബലിയർപ്പിക്കുവാനും പരസ്പരം പങ്കുവയ്ക്കുവാനും സഹോദരങ്ങൾക്കാകുന്നത് നന്മയും സൗന്ദര്യവുമായിത്തീരും.

(ലേഖകൻ കോതമംഗലം മാർത്തോമൻ ചെറിയപള്ളി വികാരിയാണ്)

നമുക്കു വേണ്ടത് സമാധാനത്തിന്റെ സുവിശേഷം

■ ലെജു പി. തോമസ്

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പാദങ്ങളിൽ രൂപംകൊണ്ട് പ്രശ്നസങ്കീർണമായി മാറിയ കേരളത്തിലെ ഓർത്തഡോക്സ് ക്രൈസ്തവർക്കിടയിലെ വിഭാഗീയത ഒരു നൂറ്റാണ്ടിനുശേഷവും തുടരുകയാണ്. വിശ്വാസത്തിൽ ക്രൈസ്തവരും പാരമ്പര്യത്തിലും ആചാരാനുഷ്ഠാനങ്ങളിലും ഭാരതീയരുമായ സമൂഹമാണ് ഇന്ത്യയിലെ ന്യൂനപക്ഷമായ ക്രൈസ്തവരിൽപ്പെടുന്ന നസ്രാണി ക്രിസ്ത്യാനികൾ. പലതരത്തിലുള്ള കൊളോണിയൽ അധിനിവേശങ്ങളെയും അഭിമുഖീകരിച്ച ഈ സമൂഹം ഇന്ന് പല ഭിന്നങ്ങളായാണ് നിലനില്ക്കുന്നത്. അതിൽ പൗരസ്ത്യ ഓർത്തഡോക്സ് വിശ്വാസം നിലനിർത്തുന്ന മലങ്കര സുറിയാനി സഭയിലെ കക്ഷിവഴക്കാണ് നൂറ്റാണ്ട് പിന്നിട്ട് ഈ സമൂഹത്തിന്റെ സാക്ഷ്യത്തെയും വിശ്വാസത്തെയും യുക്തിബോധത്തെയും സാംസ്കാരിക അടിത്തറയെയും ഒക്കെ വെല്ലുവിളിച്ച് പള്ളിയിലും തെരുവിലുമായി തുടർന്നുപോരുന്നത്. സാധാരണ വിശ്വാസികൾ തമ്മിലുള്ള ഒരു തർക്കമെന്നതിലുപരി ഇരുകക്ഷികളിലെയും നിക്ഷിപ്തതാൽപര്യക്കാരാണ് വിഭാഗീയതയും വിദ്വേഷവും ഊതിക്കാച്ചിയെടുക്കുന്നത്.

അടിസ്ഥാനത്തിലാണ് മേൽപ്പറഞ്ഞ പ്രസ്താവന) വിദ്യാസമ്പന്നരും വിവിധ ജീവിതമേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചവരുടെ ഒരു വലിയ ഗണമുള്ളതുമായ ഈ സമൂഹത്തിന് ലഭിച്ചിരുന്ന സാമൂഹ്യമായ മുൻതൂക്കം നിലവിലുള്ള വിഭാഗീയതയുടെ ഫലമായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. കേരളത്തിന്റെ പൊതുജീവിതത്തിന്റെ നേതൃത്വപരവും ധാർമ്മികവുമായ സ്വാധീനം ചെലുത്തുവാൻ സഭയ്ക്ക് സാധിക്കണമെങ്കിൽ യോജിപ്പ് അനിവാര്യമാണ്. വോട്ടുബാങ്ക് രാഷ്ട്രീയത്തിനതീതമായി സമൂഹത്തിൽ ക്രിസ്തീയ ധർമ്മം പുലരുവാനുള്ള നീതിസ്വാതന്ത്ര്യത്തെയാണ് ഇവിടെ പരാമർശിക്കുന്നത്. സംഖ്യാബലം കാട്ടി രാഷ്ട്രീയ വിലപേശൽ നടത്തുന്ന മറ്റു ചില സമൂഹങ്ങളുടെ നിലവാരത്തിലേക്ക് തരംതാഴുകയല്ല. മറിച്ച് ശക്തമായ അക്കങ്ങൾ പ്രദർശിപ്പിക്കുവാനുള്ളപ്പോഴും അക്കപ്പോരിന്റെ ഭാഷയെ ആശ്രയിക്കാതെ ധാർമ്മികതയുടെ പാതയിൽ ചരിക്കുന്ന ഒരു സമൂഹത്തിനേദീർഘകാലാടിസ്ഥാനത്തിലുള്ള നിലനിൽപ്പുണ്ടാവുകയുള്ളു.

വിഭജനവാദത്തിന്റെ വക്താക്കൾ ചിന്തിക്കുന്നതുപോലെ ലഘുവായ ഒരു പ്രക്രിയയാവില്ല വിഭജനം. ഇടവകരജിസ്റ്റർ ആരു തയ്യാറാക്കണം എന്നതു മുതൽ ഹിതപരിശോധനഏതു വിധത്തിൽ നടത്തണം എന്നതുവരെയുള്ള ഓരോ ഘട്ടത്തിലും അസംഖ്യം പ്രശ്നങ്ങൾ ഉയർന്നുവരും. വ്യക്തമായ, കൃത്യമായ കോടതിയുത്തരവുകളുടെ കുത്തിലും കോമയിലും പിടിച്ചും തലനാരിഴകീറി വ്യാഖ്യാനിച്ചും പ്രശ്നങ്ങളുണ്ടാകുന്ന ഇടവകകളിൽ നടപ്പാക്കുവാൻ കരുത്തുറ്റ ഒരു മെഷീനറിയില്ലാത്ത ധാരണകൾക്ക് എന്തു സംഭവിക്കുമെന്നറിയുവാൻ പ്രവചനനൽവരത്തിന്റെ ആവശ്യമില്ല. പല സ്ഥലത്തും പലരുടെ മദ്ധ്യസ്ഥതയിൽ നിലവിൽ വരുത്തിയതും കടലാസിലെ മഷിയുണങ്ങുന്നതിനും മുൻപ് ലംഘിക്കപ്പെട്ടതുമായ അനേകം ഉഭയകക്ഷിധാരണകളുടെ സാക്ഷ്യപത്രം ഏവർക്കും മുൻപിലുണ്ട്.

കോടതിവിധികളെ അക്രൈസ്തവം എന്ന് പുച്ഛിക്കേണ്ടതില്ല. സഭയുടെ ചരിത്രത്തിൽ സ്വാധീനം ചെലുത്തിയ അനേകം കോടതിവിധികളുണ്ട്. റോയൽ കോടതിവിധിയും അതിനുമുൻപുള്ള കൊച്ചി പഞ്ചായത്തുവിധിയും നിയമാനുസൃത മലങ്കര മെത്രാപ്പോലീത്തായാരെന്ന് നിർവ്വചിച്ചുകൊണ്ടുള്ള രാജകീയ വിളംബരങ്ങളുമൊക്കെ ചരിത്രത്തിന്റെ ഭാഗമായ ഒരു സഭയ്ക്ക് കോടതി വിധികൾ അലർജി ഉളവാക്കേണ്ട കാര്യമില്ല. അനുകൂലമായ കോടതിവിധികൾ സ്വീകരിക്കുകയും അല്ലാത്തവയ്ക്ക് മദ്ധ്യസ്ഥതീരുമാനം വേണമെന്നും പറയുന്ന നിലപാടുകളാണ് പ്രശ്നത്തിന്റെ കാതൽ. അതു വിസ്മരിച്ചു കൊണ്ടുള്ള സമാധാനശ്രമങ്ങൾ യാഥാർത്ഥ്യങ്ങളിൽ നിന്നുള്ള ഒളിച്ചോടലാണ്.

(അൽമായവേദി ജനറൽ സെക്രട്ടറിയാണ് ലേഖകൻ)



അടിയിലെ ആസാമി

■ ഡോ. എം. കുര്യൻ തോമസ്

ആദ്യമേ പറയട്ടെ, തലക്കെട്ട് ഈ ലേഖകന്റേതല്ല. മലയാളത്തിലെ പ്രമുഖ ഹാസ്യ സാഹിത്യകാരനായ സഞ്ജയൻ (എം. രാമുണ്ണി നായർ) 1940-കളുടെ ആരംഭത്തിൽ എഴുതിയ ഒരു ലേഖനത്തിന്റെയാണ്. (*സഞ്ജയൻ, വാല്യം 2*, മാതൃഭൂമി പ്രസിദ്ധീകരണം, 1986, പുറം 559-62) മലങ്കരസഭാ സമാധാനത്തേപ്പറ്റിയുള്ള ഈ ലേഖനത്തിൽ സഞ്ജയന്റെ ലേഖനത്തിന്റെയും തലക്കെട്ടിന്റെയും പ്രസക്തിയെന്തെന്ന് വഴിയേ വിശദീകരിക്കാം.

മലങ്കര സഭയിൽ ഇന്നുള്ള വിഘടനവാദം ആരംഭിക്കുന്നത് 1970-കളുടെ മദ്ധ്യത്തിലാണ്. 1912-ൽ ആരംഭിച്ച്, 1958-ലെ സഭാ സമാധാനത്തോടെ അവസാനിച്ച പാത്രിയർക്കീസ് കക്ഷിയുടെ പിന്തുടർച്ച വിഘടനവാദികൾ അവകാശപ്പെടുന്നു എങ്കിലും, അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ നാമം ഉപയോഗിക്കുന്നു എന്നതൊഴികെ മറ്റു യാതൊരു താരതമ്യവും ഈ രണ്ടു വിഭാഗങ്ങളും തമ്മിലില്ല.

ഒന്നാമത്തെ അന്തരം വിഘടനവാദികൾക്ക് യാതൊരു താത്വിക അടിത്തറയുമില്ലെന്നതാണ്. അബ്ദുള്ളാ ദ്വിതീയൻ പാത്രിയർക്കീസ്, വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്തായെ മുടക്കിയതിനേത്തുടർന്നുള്ള സംഭവവികാസങ്ങളിൽനിന്നാണ് പാത്രിയർക്കീസ് കക്ഷി ജന്മമെടുത്തത്.

മുടക്ക്, പട്ടത്വം, പാത്രിയർക്കീസിന്റെ ലൗകീക അധികാരം തുടങ്ങിയ താത്വിക പ്രശ്നങ്ങൾ ആദിമുതൽതന്നെ ഈ വിഭാഗം ഉയർത്തിയിരുന്നു. തിരുവിതാംകൂർ റോയൽ കോടതി മുടക്ക് അസാധുവാണന്നു വിധിച്ചതോടെ ആ അദ്ധ്യായം അവസാനിച്ചു. 1934-ൽ മാർ ദീവന്നാസ്യോസ് കാലം ചെയ്തതിനെത്തുടർന്ന് പിന്തുടർച്ചയെപ്പറ്റിയായി തർക്കം. പ. ബസേലിയോസ് ഗീവർഗീസ് ദ്വിതിയൻ കാതോലിക്കായെ മലങ്കര മെത്രാപ്പോലീത്തായായി തിരഞ്ഞെടുത്ത എം.ഡി. സെമിനാരി അസ്സോസിയേഷന്റെയും അതിനു ബദലായി ആലുവായിൽ നടന്ന യോഗത്തിന്റെയും സാധുത്വത്തെപ്പറ്റിയായിരുന്നു പിന്നീടുള്ള നിയമ യുദ്ധം. 1958-ലെ സഭാ സമാധാനത്തോടെ അതും അവസാനിച്ചു സഭ ഒന്നായി.

1974-ൽ വിഘടിത വിഭാഗം ഉണ്ടാക്കിയവർക്ക് അത്തരം യാതൊരു തത്വദീക്ഷയും ഇല്ലായിരുന്നു. ഒരു ഫോട്ടോപ്രശ്നവും, അതുമൂലം സ്വാധീനമുള്ള ഒരു കത്തനാർക്ക് ഇടവക മെത്രാപ്പോലീത്തായോടുണ്ടായ വ്യക്തിവൈരാഗ്യവുമാണ് 1954-ലെ വിഭജനവാദത്തിന്റെ യഥാർത്ഥ കാരണമെന്നത് അരമന രഹസ്യമാണ്. അവസരം മുതലെടുത്ത ചില സ്ഥാനമോഹികൾ അധിനിവേശ കാശ്മീർ ശൈലിയിൽ പള്ളികൾ വെട്ടിപ്പിടിച്ച് സ്വന്തം സാമ്രാജ്യം സ്ഥാപിച്ചു. ഇ. എം. ഫിലിപ്പിന്റെ ഭാഷയിൽ, *അർത്ഥം കിടുകിടുക്കുന്ന* ചില ഇടവകകൾ *അഭരണം* എന്ന നിബന്ധനയിൽ പിന്തുണച്ചത് അവർക്ക് കരുത്തേകി. ഒരു സമാന്തര ഭരണസംവിധാനം നിലവിൽവന്നു എന്നതായിരുന്നു ഇതിന്റെ ആത്യന്തിക ഫലം. തങ്ങളുടെ വ്യക്തിപരമായ നേട്ടം എന്ന ഏക ലക്ഷ്യത്തോടെയല്ലാതെ 1912-58 കാലത്തേപ്പോലെ യാതൊരു തത്വത്തിനും വേണ്ടിയായിരുന്നില്ല വിഘടനവാദികൾ കേസ് നടത്തിയതെന്ന് 1974 മുതലുള്ള കേസുകൾ പരിശോധിച്ചാൽ ബോദ്ധ്യമാകും. അങ്ങേയറ്റം, സ്ഥാനം നിലനിർത്താൻ താൻ 1934-ലെ ഭരണഘടനയ്ക്ക് വിധേയനാണന്ന് കോടതിയിൽ സത്യവാങ്മൂലം നൽകാൻ പോലും വിഘടിത വിഭാഗം നേതാക്കൾ മടിച്ചില്ല.

എന്നാൽ സുപ്രീംകോടതി വിധിയും 2002-ലെ പരുമല സെമിനാരി അസ്സോസിയേഷനും കഴിഞ്ഞതോടെ വിഘടിത വിഭാഗം അപ്രസക്തമായി. 1934-ലെ ഭരണഘടനയും മലങ്കര മെത്രാപ്പോലീത്തായേയും അംഗീകരിക്കുകയല്ലാതെ മറ്റു മാർഗ്ഗങ്ങളൊന്നും അവരുടെ മുമ്പിൽ ഇല്ലാതായി. അതിനേതുടർന്നാണ് സഭ വിഭജിച്ച് പിരിഞ്ഞ് *സമാധാനം* ഉണ്ടാക്കണമെന്ന വാദവുമായി ഇവർ മുമ്പോട്ടു വന്നത്. ഇതിന് *ഹാലേലുയ്യാ* പാടാൻ ചില പ്രമുഖരുമുണ്ടായി.

ഇവിടെയാണ് 1912-58-ലെ പാത്രിയർക്കീസ് വിഭാഗവും ഇന്നത്തെ വിഘടിത വിഭാഗവും തമ്മിലുള്ള കാതലായ വ്യത്യാസം. മുൻ പാത്രിയർക്കീസ് വിഭാഗം ഒരിക്കലും വിഭജനം ആഗ്രഹിച്ചിരുന്നില്ല. തങ്ങളുടെ തത്വസംഹിതയ്ക്കു മലങ്കരസഭയെ പൂർണ്ണമായും വിധേയമാക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. 1958-ൽ ആ ലക്ഷ്യം അപ്രാപ്യമായതോടെ സമാധാനത്തിനും അനുരഞ്ജനത്തിനും മുന്നിട്ടിറങ്ങുകയായിരുന്നു മുൻ പാത്രിയർക്കീസ് വിഭാഗം ചെയ്തത്. കാരണം, അവരുടെ തത്വസംഹിതയിൽ വിഭജിത മലങ്കര സഭ എന്നൊന്നില്ലായിരുന്നു. *ഏക വിശുദ്ധ സഭ* എന്നതായിരുന്നു അവരുടേയും വിശ്വാസ പ്രമാണം.

1958-ൽ ഉപാധികളില്ലാതെയാണ് മുൻ പാത്രിയർക്കീസ് വിഭാഗം മലങ്കര സഭയിൽ ഐക്യപ്പെട്ടത്. ഇരുണ്ടു വെളുത്തപ്പോൾ *വൃദ്ധൻ പുന്നൂസ്* പ. കാതോലിക്കാ ബാവായായി. അദ്ദേഹം കൂദാശ ചെയ്ത *ഖദർ മൂറോന്* പരിമിളവും ശക്തിയും ഉണ്ടായി. കാരണം ഇരു വിഭാഗവും തമ്മിൽ ഭരണകാര്യത്തിലൊഴികെ വിശ്വാസത്തിലോ ആചാരത്തിലോ യാതൊരു വ്യത്യാസവും ഇല്ലായിരുന്നു. ഈ വസ്തുത നേതാക്കൾക്ക് ആദിമുതൽ ബോദ്ധ്യവുമായിരുന്നു.

എന്നാൽ ഈ അവസ്ഥാന്തരം ഒറ്റയടിയ്ക്ക് ഉൾക്കൊള്ളുവാൻ മുൻ പാത്രിയർക്കീസ് വിഭാഗത്തിലെ എല്ലാവർക്കും സാധിച്ചില്ല എന്നതൊരു യാഥാർത്ഥ്യമാണ്. തലേന്നുവരെ *വൃദ്ധൻ പുന്നൂസ്* എന്നുവിളിച്ച് ആക്ഷേപിച്ച വ്യക്തിയെ പ. കാതോലിക്കാ ബാവായായി ഉൾക്കൊള്ളാൻ ബുദ്ധിമുട്ടുണ്ടായ ഒരു ശെമ്മാശനോട് വയലിപ്പറമ്പിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ പറഞ്ഞ രസകരമായ ഒരു ഉദാഹരണമുണ്ട്. *...എടോ, വീട്ടിൽ അപ്പനും അമ്മയും തമ്മിൽ വഴക്കുപിടിക്കുമ്പോൾ അമ്മ അപ്പനെ കാലാ... കാലമാടാ... എന്നൊക്കെ വിളിക്കും. അതപ്പൻ കാലനോ കാലമാടനോ ആയിട്ടാണോ. ഒന്നുമല്ല.*

വഴക്കു പിടിച്ചപ്പോൾ അങ്ങനെയൊക്കെ പറഞ്ഞന്നേയുള്ളു. അതുപോലെയാ ഇതും. അവർക്കൊക്കെ പട്ടവും സ്ഥാനവും ഉള്ളവരാ. ഒരു കുറവുമില്ല. ശെമ്മാശൻ ധൈര്യമായിട്ടു പോ...

ഇത്തരമൊരു സ്ഥിതി ഇന്നില്ല. ഇപ്പോൾ ഇരുവിഭാഗവും പരസ്പരം പട്ടത്വത്തിൽ ന്യൂനത ആരോപിക്കുന്നില്ല. മലങ്കര സഭ അന്ത്യോഖ്യാ പാത്രിയർക്കീസിനെ നിരാകരിച്ചിട്ടില്ല. അദ്ദേഹത്തിന്റെ സ്ഥാനം ഭരണഘടനയിൽ വ്യക്തമാക്കിയിട്ടുണ്ട്. അത് ഇല്ലാതാക്കാൻ ആലോചിക്കുന്നുപോലുമില്ലെന്നു കാതോലിക്കാ ബാവായും, ഉള്ള സ്ഥാനത്തിൽ തൃപ്തനാണെന്ന് പാത്രിയർക്കീസ് ബാവായും വ്യക്തമാക്കിയിട്ടുണ്ട്. 1934-ലെ ഭരണഘടനയ്ക്ക് വിധേയരായാലും ഇടവകപ്പള്ളികളുടെ ലൗകീക ഭരണം ഇടവക പൊതുയോഗമാണ് നടത്തുന്നതെന്ന് മുക്കാൽ നൂറ്റാണ്ടിൽ അധികമായി ആ ഭരണഘടനപ്രകാരം ഭരിക്കപ്പെടുന്ന പള്ളികളിൽനിന്നു വ്യക്തമാണ്. പിന്നീട് എന്താണ് യോജിപ്പിനു തടസ്സമായുള്ള ഘടകം ?

സമീപകാലത്ത് വിഘടിത വിഭാഗത്തിലെ ഒരു മേല്പട്ടക്കാരൻ, ഇരുവിഭാഗവും തമ്മിൽ വിശ്വാസത്തിൽ വ്യത്യാസമുണ്ടെന്നും അതിനാൽ യോജിപ്പ് അസാദ്ധ്യമെന്നും ഒരു ലേഖനം പ്രസിദ്ധീകരിച്ചിരുന്നു. തികഞ്ഞ അജ്ഞതയിൽ നിന്നും ഉടലെടുത്ത ഒന്ന് എന്നു മാത്രമേ ഈ ലേഖനത്തെ വിശേഷിപ്പിക്കാനാവു. മൂന്നു പൊതു സുന്നഹദോസുകളിൽ അധിഷ്ഠിതമായ വിശ്വാസം ഭേദപ്പെടുത്താനോ കൂട്ടിച്ചേർക്കാനോ പാടില്ല എന്നത് കോപ്ടിക്, അന്ത്യോഖ്യൻ, അർമീനിയൻ, ഇന്ത്യൻ, എത്യോപ്യൻ, എറിട്രിയൻ സഭകൾ ഉൾപ്പെടുന്ന ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ അടിസ്ഥാനവിശ്വാസ പ്രമാണമാണ്. 1934-ലെ ഭരണഘടന, *വിശ്വാസം ഭേദപ്പെടുത്താൻ ആർക്കും അധികാരമില്ലായെന്നു* വ്യക്തമാക്കിയിട്ടുമുണ്ട്. അന്ത്യോഖ്യൻ സഭ വിശ്വാസം ഭേദപ്പെടുത്തിയിരുന്നെങ്കിൽ കോപ്ടിക്, അന്ത്യോഖ്യൻ, അർമീനിയൻ സഭകൾ ഉൾപ്പെട്ട മദ്ധ്യേഷ്യൻ കൂട്ടായ്മയിൽ നിന്ന് എന്നേ അവർ പുറത്താകുമായിരുന്നു. ചുരുക്കത്തിൽ സാധാരണക്കാരെ വിഭജനവാദികളാക്കാൻ തട്ടിമൂളിച്ച ഒരു ജല്പനം എന്നതിലുപരി യാതൊരു അടിസ്ഥാനവുമില്ലാത്ത വാദമാണത്.

കേവലം രണ്ടു കല്പനകൾവഴി പാത്രിയർക്കീസും കാതോലിക്കോസും പരസ്പരം അംഗീകരിച്ചു സമാധാനമുണ്ടാക്കിയ 1958 ഡിസംബർ 18-നെക്കാൾ യാതൊരു വിശ്വാസ ഭിന്നതയും അന്ത്യോഖ്യൻ സഭയും മലങ്കര സഭയും തമ്മിൽ 2011-ൽ ഇല്ലാ എന്നത് നിസ്തർക്കമാണ്. ഇപ്പോഴത്തെ പാത്രയർക്കീസ് പോലും *രണ്ടു സഭ* എന്ന ആശയം അംഗീകരിക്കുന്നില്ല. *എന്റെ സഭയിലെ ഇതര വിഭാഗം* എന്നാണ് അദ്ദേഹം മലങ്കര സഭയെ – മറുഭാഗത്തിന്റെ ശൈലിയിൽ മെത്രാൻ കക്ഷിയെ – ആവർത്തിച്ച് വിശേഷിപ്പിക്കുന്നത്.

മലങ്കര സഭ ഒരിക്കലും വിഭജനത്തെ അനുകൂലിക്കുന്നില്ല. അത് അക്രൈസ്തവവും വേദവിപരീതവുമാണ് എന്ന ഉറച്ച നിലപാടിലാണ് മലങ്കര സഭ എന്നും നിലകൊള്ളുന്നത്. 1958-നു മുമ്പുള്ള പാത്രിയർക്കീസ് വിഭാഗവും ഈ നിലപാടാണ് എടുത്തിരുന്നത്. ശലോമോന്റെ മുമ്പിൽ മാതൃത്വാവകാശവാദവുമായെത്തിയ രണ്ടു സ്ത്രീകളിൽ യാഥാർത്ഥ മാതാവ്, കുട്ടിയെ അവകാശമില്ലാത്തവൾക്ക് വിട്ടുകൊടുത്താലും വെട്ടിമുറിക്കരുത് എന്നു പറഞ്ഞ *പെറ്റതള്ളയുടെ വേദനയാണ്* മലങ്കര സഭയ്ക്കും മുൻ പാത്രിയർക്കീസ് വിഭാഗത്തിനും ഉള്ളത്. വെട്ടിമുറിക്കാൻ സമ്മതിച്ച, മാതൃത്വത്തിന്റെ വേദന ഇല്ലാത്ത, അപരയുടെ നിലപാടാണ് ഇന്നത്തെ വിഘടിത വിഭാഗത്തിനുള്ളത്.

എന്താണ് ഐക്യത്തിനു തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ? ഇരുവിഭാഗത്തിലേയും ബഹു ഭൂരിപക്ഷവും ഐക്യത്തിന് എതിരല്ല. തീർച്ചയായും വിഘടിത വിഭാഗത്തിലെ ഒരു വിഭാഗം ഐക്യം ആഗ്രഹിക്കുന്നില്ല. *...അഞ്ഞൂറുരൂപായും മുള്ളൂരുമുണ്ടെങ്കിൽ ആരെയും കൊല്ലാം നാരായണായ നമഃ...* എന്ന പഴയ *സരസൻ* കവിത മട്ടിൽ മെത്രാൻ, കോറി, ഷെവലിയാർ മുതലായ *കൃപകളുടെ* അനർഗ്ഗളമായ പ്രവാഹത്തിന് ഐക്യം തടസ്സമുണ്ടാക്കുമെന്ന് ഈ അതിന്യൂനപക്ഷം ഭയപ്പെടുന്നു. ഈ ഭയം അടിസ്ഥാനരഹിതമല്ലതാനും. എന്നാൽ ഈ പോക്കിൽ സമീപകാലത്ത് പാത്രിയർക്കീസ് ബാവാ ഖിന്നനാണെന്ന വസ്തുത കുഞ്ഞാടുകളിൽനിന്ന് ഇവർ മറച്ചു വയ്ക്കുന്നു. ഐക്യം തങ്ങൾക്ക് സ്ഥാനഭ്രംശം ഉണ്ടാക്കുമെന്നു ഭയക്കുന്ന അപൂർവം ചിലർ മലങ്കര സഭയിലും ഉണ്ടെന്നതും യാഥാർത്ഥ്യമാണ്.

എന്നാൽ വിഭജനവാദത്തിനു പിമ്പിൽ ഈ ആന്തരീക ന്യൂനപക്ഷത്തേക്കാൾ ശക്തമായ ചില ബാഹ്യ ശക്തികൾ പ്രവർത്തിക്കുന്നുണ്ട് എന്നതിനു പ്രത്യക്ഷമായും പരോക്ഷമായും സൂചനകളുണ്ട്. കേരളത്തിൽ സാമ്പത്തികമായും, അതിലുപരി വിദ്യാഭ്യാസപരമായും ഏറ്റവും മുൻപന്തിയിൽ നൽക്കുന്ന സമൂഹമാണ് മലങ്കര സഭ. അവർ ഒന്നിച്ചു നിന്നാൽ കേരളത്തിൽ ഏറ്റവും സമ്മർദ്ദശക്തിയുള്ള സമുദായമായി മാറും. അപൂർവം തുരുത്തുകളൊഴികെ ഏറ്റവും ചുരുങ്ങിയത് വാളകം മുതൽ കീഴില്ലം വരെയുള്ള പ്രദേശത്തിന്റെ രാഷ്ട്രീയ ഗതി നിയന്ത്രിക്കാൻ ഈ സമൂഹത്തിനാവും.

ഇത്തരമൊരു ധ്രുവീകരണത്തെ ഭയക്കുന്ന ചില രാഷ്ട്രീയ – ബിസിനസ് ലോബികളുണ്ട്. മലങ്കര സഭാ പ്രശ്നത്തിൽ കാലാകാലങ്ങളിൽ എണ്ണയൊഴിച്ച് ആളിക്കത്തിച്ച് വിടവ് വർദ്ധിപ്പിക്കുവാൻ ഇവർ പ്രത്യേകം ശ്രദ്ധിക്കുന്നു. കേവലം താൽക്കാലികമായ സ്വാർത്ഥലാഭത്തിനായി മലങ്കര സഭയെ ശാശ്വതമായി വെട്ടിമുറിക്കാനാണ് ഇവരുടെ ഇപ്പോഴത്തെ ശ്രമം.

1665 മുതൽ മലങ്കര സഭയിൽ നിന്നു പിരിഞ്ഞുപോയ സഭകളാണ് മലങ്കര സഭയുടെ ആത്യന്തിക വിഭജനം ആഗ്രഹിക്കുന്ന മറ്റൊരു വിഭാഗം. ഇവയൊക്കയും പാശ്ചാത്യ ശക്തികളുടെ സൃഷ്ടികളാണ്. സാമ്രാജ്യത്വങ്ങളുടെ സമ്മർദ്ദത്തിനു മുമ്പിലും അടിയറവു പറയാതെ ദേശീയത പരിരക്ഷിച്ച മലങ്കര സഭയുടെ അതുല്യ സ്ഥാനത്തിൽ അവർ അസൂയാലുക്കളാണെന്നതാണ് വസ്തുത. മലങ്കരയുടെ വിഭജനം അരാജകത്വം സൃഷ്ടിക്കുകയും, കാലക്രമേണ അവാന്തര വിഭാഗങ്ങൾ രൂപംകൊണ്ട് അധഃപതിക്കുകയും ചെയ്യുമെന്ന് അവർ കണക്കുകൂട്ടുന്നു. വിഭജനത്തിനു മദ്ധ്യസ്ഥരുടെ റോളിലാണ് ഇവരുടെ രംഗപ്രവേശം.

ഈ കണക്കുകൂട്ടലിനെ നിസാരവൽക്കരിക്കാനാവില്ല. അതിനു കാരണം വിഘടിത വിഭാഗത്തിന്റെ ആഭ്യന്തരഘടനയാണ്. പലരും കരു

തുന്നതുപോലെ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴിൽ 2002 -ലെ പുത്തൻകുരിശു ഭരണഘടന പ്രകാരം ഭരിക്കപ്പെടുന്ന ഒരു ഏക മുഖ സമൂഹമല്ല വിഘടിത വിഭാഗം. പൗരസ്ത്യ സുവിശേഷ സമാജം, സിംഹാസനപള്ളികൾ, ക്നാനായ ഭദ്രാസനം, ഹോണോവാർ മിഷൻ മുതലായവയ്ക്കൊക്കെയും വ്യത്യസ്ഥങ്ങളായ ഭരണക്രമങ്ങളാണ്. ഇവയ്ക്കുപരി, *അർത്ഥം കിടുകിടുക്കുന്ന* ഇടവകകൾ സ്വന്തം ഭരണഘടനകൾ ഉണ്ടാക്കിയിട്ടുണ്ട്. ഇവയ്ക്കിടയിലാണ് 2002-ലെ ഭരണഘടനയുടെ സ്ഥാനം. അന്ത്യോഖ്യൻ സഭയുടെ ഭരണഘടനയുമായി കാതലായ അനേകം പൊരുത്തക്കേടുകൾ ഉള്ള 2002 ഭരണഘടന പാത്രിയർക്കീസ് അതേപടി അംഗീകരിക്കാനുള്ള സാദ്ധ്യത തുലോം വിരളമാണ്.

1946-ൽ ഇന്ത്യാ വിഭജനകാലത്ത് അന്നത്തെ വൈസ്രോയി ലോർഡ് ലൂയി മൗണ്ട്ബാറ്റൺ ഒരു പ്രവചനം നടത്തി. നിർദ്ദിഷ്ട പാകിസ്ഥാന്റെ വംശീയ-സാംസ്കാരിക ഘടനകളെക്കുറിച്ച് വ്യക്തമായി പഠിച്ചശേഷമാണ് അദ്ദേഹം ശ്രദ്ധേയമായ ഈ പ്രവചനങ്ങൾ നടത്തിയത്. ഒന്നാമതായി, പൂർവ ബംഗാൾ പാകിസ്ഥാനിൽനിന്നു വിട്ടുപോകും. 1972-ൽ ബംഗ്ളാദേശിന്റെ രൂപീകരണത്തോടെ ഇതു യാഥാർത്ഥ്യമായി. രണ്ടാമതായി, പാകിസ്ഥാൻ ഏഴു കഷണങ്ങളായി ഭിന്നിക്കും. ഒരു രാഷ്ട്രം എന്ന നിലയിൽ പാകിസ്ഥാൻ ഇല്ലാതായിട്ടില്ലെങ്കിലും പല പ്രവിശ്യകളിലും ഇന്ന് കേന്ദ്ര സർക്കാരിനു നിയന്ത്രണമില്ലാത്ത സ്വയം ഭരണമാണ്. മലങ്കര സഭ വിഭജനത്തിനു സമ്മതിച്ചാൽ വിഘടിത വിഭാഗത്തിന്റെ ഗതിയും മറ്റൊന്നാകില്ല.

ഇതിനേക്കാളുപരി വിഘടിത വിഭാഗത്തിന്റെ ബാഹ്യകേരള ഇടവകകൾ ഒന്നൊന്നായി പാത്രിയർക്കീസിന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിലായിക്കൊണ്ടിരിക്കുകയാണ്. ഇത് പാത്രിയർക്കീസിന്റെ ദീർഘകാല പദ്ധതിയുടെ ഭാഗമാണെന്ന് അവർ മനസിലാക്കുന്നില്ല. 1964-ൽ പ. ഔഗേൻ പ്രഥമന്റെ കാതോലിക്കാ സ്ഥാനാരോഹണത്തിൽ പങ്കെടുക്കാനെത്തിയ പ. യാക്കോബ് ത്രിതീയൻ പാത്രിയർക്കീസ്, മദ്ധ്യപൗരസ്ത്യദേശത്തെ ഇടവകകളിൻമേൽ മലങ്കര സഭയ്ക്കുള്ള അധികാരം ഒഴിഞ്ഞുകൊടുക്കണമെന്ന് ആവശ്യപ്പെട്ടു. അന്ന് മലയായിലൊഴികെ ഗൾഫിൽ മാത്രമായിരുന്നു മലങ്കര സഭയ്ക്ക് ഇന്ത്യയ്ക്കു വെളിയിൽ ഇടവകകൾ ഉണ്ടായിരുന്നത്. അവയിലായിരുന്നു പാത്രിയർക്കീസിന്റെ കണ്ണ്. ശീമക്കാരുടെ ഇടവകകളിൽ മലങ്കര സഭയ്ക്ക് താല്പര്യമില്ലന്നും എന്നാൽ ഇന്ത്യൻ വംശജരുള്ളിടത്തെല്ലാം ഇടവകകൾ രൂപീകരിയ്ക്കൻ മലങ്കര സഭയക്ക് അവകാശമുണ്ടന്നും പ. സുന്നഹദോസ് മറുപടി കൊടുത്തു. അപ്രകാരം സംരക്ഷിച്ച ഇടവകകളാണ് ഇന്ന് ഒന്നൊന്നായി പാത്രയർക്കീസിന്റെ നേരിട്ടുള്ള ഭരണത്തിലാകുന്നത്. ഇപ്രകാരം മുഖ്യധാരയിൽനിന്ന് വിടർത്തപ്പെടുന്ന ബാഹ്യഇന്ത്യാ ഇടവകകളും കഷണങ്ങളുടെ എണ്ണം കൂട്ടും. മലങ്കര സഭയുടെ *മേശയിൽനിന്നു വീഴുന്ന കഷണങ്ങൾക്കായി* വായ് പിളർന്നിരിക്കുന്ന ആളുപിടിയൻ പ്രസ്ഥാനങ്ങൾക്ക് സന്തോഷമാകും.



ഹിസ്സ്...

എന്നാൽ ഇവരേക്കാളൊക്കെ ഉപരിയായി മലങ്കര സഭയുടെ വിഭജനത്തിനായി തീവ്രശ്രമം നടത്തുന്ന മറ്റൊരു വിഭാഗമുണ്ടെന്ന് ചിലർ ആരോപിക്കുന്നു. ധനവും, സ്വാധീനവും, സംഘടനാ ശക്തിയുമുള്ള ഈ വിഭാഗത്തിന് മലങ്കര സഭയെ മൊത്തമായോ ചില്ലറയായോ വിഴുങ്ങുക എന്ന ലക്ഷ്യമാണുള്ളത്. നൂറ്റാണ്ടുകളായി പല രീതിയിൽ ഇതേ ലക്ഷ്യത്തോടെ അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അവരാണ് വിഭജനവാദികൾക്ക് ആളും അർത്ഥവും നൽകുന്നതെന്നും, അവർക്കുവേണ്ടി ആസുത്രണം നടത്തുന്നതെന്നും ഇവർ ആരോപിക്കുന്നു. ആരാണ് ആ *ആസാമി?* എങ്ങിനെയാണ് അവർ ഇതിൽ ഉൾപ്പെടുന്നത്?

ഇവിടെയാണ് തലക്കെട്ടിനാസ്പദമായ സഞ്ജയന്റെ ലേഖനത്തിന്റെ പ്രസക്തി. തനിക്കുണ്ടായ ഒരു സ്വപ്നം എന്ന നിലയിലാണ് സഞ്ജയൻ ഈ ഉപന്യാസം രചിച്ചിരിക്കുന്നത്. സ്വപ്നത്തിൽ അക്കാലത്ത് കൊടുമ്പിരികൊണ്ട പാകിസ്ഥാൻവാദത്തിൻ വേരുകൾ അന്വേഷിച്ചുപോവുകയാണ് ലേഖകൻ. *പാകിസ്ഥാൻ* എന്നെഴുതിയ കരിമ്പാറയുടെ ചുവടു കുഴിച്ചപ്പോൾ അതിനെ താങ്ങിനിർത്തുന്നത് *ഹിന്ദു-മുസ്ളിം ഭിന്നിപ്പ്* എന്നെഴുതിയ മറ്റൊരു പാറയാണെന്നു കണ്ടു. വീണ്ടും കുഴിച്ചപ്പോൾ അതിന്റെ അടിയിൽ മുഹമ്മദാലി ജിന്നയുടെ പ്രതിമയാണ്.

അവിടെനിന്നും വീണ്ടും കുഴിച്ചപ്പോൾ ഒരു രഹസ്യ അറയിൽ നിന്നുകൊണ്ട് മുഹമ്മദാലി ജിന്നയെ താങ്ങി നിർത്തുന്ന വ്യക്തിയെക്കണ്ടു. *...കോളറും, ടൈയും, കോട്ടും, കാലൊറയും, ബൂട്ട്സും ധരിച്ച ഒരു ഭവ്യൻ.* ബ്രിട്ടീഷ് സാമ്രാജ്യത്തെയാണ് സഞ്ജയൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തം. അതുപോലെ മലങ്കര സഭയിലെ വിഭജനവാദികളുടേയും, അതിനെ പ്രോൽസാഹിപ്പിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുന്ന സംഘടനകളുടേയും എല്ലാം പിന്നിൽ ഒരൊറ്റ *ആസാമി* തന്നെയാണന്ന് ഇവർ ചൂണ്ടിക്കാട്ടുന്നു.

സഞ്ജയന്റെ സൂചിത ലേഖനത്തിന്റെ അവസാനവാക്യത്താൽത്തന്നെ ഈ ലേഖനം ഉപസംഹരിക്കാം....*ഇല്ലില്ല. ആ അടിയിലെ ആസാമിയുടെ പേര് കൊന്നാലും ഞാൻ പറയില്ല. എന്നോട് അത് ചോദിക്കുകയും വേണ്ട.*

മലങ്കരസഭാഐക്യം: കൂടുതൽ വായനയ്ക്ക്

മലങ്കരസഭയിലെ സമാധാനവും അനുരഞ്ജനവും ഐക്യവും എന്ന വിഷയത്തെ അടിസ്ഥാനമാക്കി അനേകം ഗ്രന്ഥങ്ങളും ലേഖനങ്ങളും ഇതിനോടകം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ലഭ്യമായവയിൽ പ്രധാനപ്പെട്ടവയെപ്പറ്റിയുള്ള വിവരങ്ങൾ ചേർക്കുന്നു. ഈ വിഷയത്തിൽ താല്പര്യമുള്ളവർക്ക് കൂടുതൽ വായനയ്ക്കായി ഇതു പ്രയോജനപ്പെടുമെന്നു കരുതുന്നു.

മലങ്കരസഭയുടെ ഐക്യവും സ്വാതന്ത്ര്യവും – കാതോലിക്കേറ്റ് അരമന, ദേവലോകം, കോട്ടയം, 2004.

സഭാ ഐക്യം: ഒരു ചരിത്രനിയോഗം – ഡയോസിസൻ പബ്ലിക്കേഷൻസ്, മൂവാറ്റുപുഴ, 1997.

മലങ്കരസഭയിൽ ഇനിയും ഐക്യസാദ്ധ്യത – ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ, സമന്വയ എക്യൂമെനിക്കൽ സ്റ്റഡി & ഡയലോഗ് സെന്റർ, പാമ്പാക്കുട, 2007.

മലങ്കര സഭയിൽ സമാധാനം: യാഥാർത്ഥ്യബോധത്തോടെയുള്ള ഐക്യശ്രമമാണാവശ്യം – ഫാ. ഡോ. ജേക്കബ് കുര്യൻ.

ഒന്നായാൽ നന്നാകും, നന്നായാൽ ഒന്നാകും – വെരി. റവ. ജേക്കബ് മണ്ണാറപ്രായിൽ കോറെപ്പിസ്കോപ്പാ

കക്ഷി-പക്ഷകലഹം കാരണം -നിവാരണം (ലഘുലേഖ) – വെരി. റവ. ബേബി ജോസഫ് കോറെപ്പിസ്കോപ്പ, പോത്താറെ.

വിശ്വസ്നേഹദർശനം (ത്രൈമാസിക) / 2007 ഒക്ടോബർ – ഡിസംബർ

മലങ്കരസഭയിലെ ഐക്യത്തിന് ആരാണ് എതിര്? (പത്രാധിപവീക്ഷണം).

മലങ്കരസഭയിലെ നൂറ്റാണ്ടു യുദ്ധം: ചരിത്രവും വർത്തമാനവും – എം. ഐ. പുന്നൂസ്.

യോജിക്കേണ്ടും സമയമിത് – ടി. പി. ജോർജുകുട്ടി

ഓർത്തഡോക്സ് സഭകൾ അനുരഞ്ജനത്തിന്റെ പാതയിൽ – അലക്സാണ്ടർ വി. മാത്യു.

വിശ്വസ്നേഹദർശനം (ത്രൈമാസിക) / 2008 ജനുവരി – മാർച്ച്

സ്നേഹദർശനചിന്തകൾ.

സഭാപ്രശ്നങ്ങൾ: ധാർമ്മികജീർണ്ണതയുടെ പ്രത്യക്ഷരൂപങ്ങൾ – ഡോ. എം. പി. മത്തായി.

സഭാ ഐക്യം: ജനകീയ സംരംഭങ്ങളും പിന്തിരിപ്പൻ അധികാരവർഗനിലപാടുകളും – ലെജു പി. തോമസ്.

വിശ്വസ്നേഹദർശനം (ത്രൈമാസിക) / 2010 ജനുവരി – മാർച്ച്

സ്നേഹദർശനചിന്തകൾ.

വിഭക്തസഭ മനുഷ്യാവതാരത്തിന് എതിരെയുള്ള ഏറ്റവും മോശപ്പെട്ടസാക്ഷ്യം – പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവ (കല്പന– 1995 ഓഗസ്റ്റ് 1).

വ്യവഹാരങ്ങളിൽ നിന്നും വിദ്വേഷത്തിൽ നിന്നും ദൈവരാജ്യത്തിന്റെ മഹത്വത്തിലേക്ക് മുഖം തിരിക്കണം – പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ (കല്പന– 2002 ജൂലൈ 16).



കോപ്റ്റിക്-എത്യോപ്യൻ ഉടമ്പടി: മലങ്കര സഭാ സമാധാനത്തിന് മാതൃക – ഡോ. തോമസ് മാർ അത്താനാസിയോസ്.

ഐക്യമോ വിഭജനമോ ? – ഫാ. ഡോ. കെ. എം. ജോർജ്.

മലങ്കര-എത്യോപ്യൻ സഭകൾ – ഡോ. എം. കുര്യൻ തോമസ് & വർഗീസ് ജോൺ.

മലങ്കരസഭാ സമാധാനം ഒരു ആഗോള വീക്ഷണം – ജോർജ് അലക്സാണ്ടർ

മലങ്കര സഭയുടെ ഐക്യത്തിന് ചില നിർദ്ദശങ്ങൾ.

ഒറ്റവാക്കിൽ തകർന്നു പോയ മലങ്കര സഭയുടെ ഐക്യം.

Draft proposal for a Protocol between the Syriac Orthodox Church of Antioch (SOCA) and the Malankara Orthodox Syrian Church (MOSC) - prepared by Vipin K. Varghese, Paulson P. Varkey & Verghis John Thottapuzha.

Protocol between the Coptic Orthodox Church (COC) and the Ethiopian Orthodox Tewahido Church (EOTC).

Protocol between the Coptic Orthodox Church and the Eritrean Orthodox Church.

Patriarch of Antioch in the Constitution of the Malankara Orthodox Syrian Church.

Diocesan Bulletin (Special Edition) / 2007 November 15

കോടതിവിധിയേ പരിഹാരമാകൂ (എഡിറ്റോറിയൽ).

ഐക്യം മാത്രം സഭാവഴക്കിന് പരിഹാരം – ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലിത്താ.

മലങ്കരസഭയിൽ സമാധാനം സാദ്ധ്യമോ? – ഫാ. ഡോ. കെ. എം. ജോർജ്

രണ്ട് സാദ്ധ്യതകൾ – ഡോ. ഡി. ബാബു പോൾ

അവനിൽ വിശ്വസിച്ചവരാരും നശിച്ചുപോയിട്ടില്ല – പ്രൊഫ. ഡോ. സിറിയക് തോമസ്.

മലങ്കരസഭയിലെ സമാധാനം ചില അടിസ്ഥാന സമസ്യകൾ – പ്രൊഫ.ഡോ. എം. പി. മത്തായി.

സഭാ ഐക്യം സ്നേഹത്തിന്റെ പൂർത്തീകരണം – തങ്കമ്മ ദാനിയേൽ

കോടതിവിധികൾ സഭായോജിപ്പിന് – ഫാ. ഏലിയാസ് ചെറുകാട്ട്

മലങ്കരസഭാഐക്യം: എക്യൂമെനിക്കൽ കാഴ്ചപ്പാടിൽ – ഫാ. ഏബ്രഹാം കാരാമ്മേൽ

ക്നാനായദീപം / 2011 മാർച്ച്

ഒരു ദർശനം, ഒരു ദൗത്യം – ഡോ. ഡി. ബാബു പോൾ

പുരോഹിതൻ / 2: 2002

മലങ്കരസഭയുടെ ഐക്യം: ചില തത്വങ്ങൾ – ഫാ. കെ.എം. ജോർജ്

മലങ്കരസഭാ വ്യവഹാരം: ട്രസ്റ്റുകളും പ്രതിസന്ധികളും – ഫാ. ജോൺ പണിക്കർ

പുരോഹിതൻ /1: 2003

മലങ്കരസഭ ഉണരണം (എഡിറ്റോറിയൽ) – ഫാ. കെ.എം. ജോർജ്

പുരോഹിതൻ / 3, 4 : 2004

ആർക്കാണ് ജയം? (എഡിറ്റോറിയൽ) – ഫാ. കെ.എം. ജോർജ്

പുരോഹിതൻ / 1 : 2011

മലങ്കരസഭയുടെ സ്വാതന്ത്ര്യവും തനിമയും – ഡോ. മാത്യൂസ് മാർ സേവേറിയോസ്

(സമ്പാദകൻ: വർഗീസ് ജോൺ തോട്ടപ്പുഴ, Ph : 9446412907)



വി. കുർബാന ഒരുപഠനം

വി. കുർബാനസ്ഥാപനശുശ്രൂഷയ്ക്കു ശേഷം തുബ്ദേൻ വരെ

■ പ്രൊഫ. തോമസ് പി. വർഗ്ഗീസ്

വി. കുർബാനസ്ഥാപന ശുശ്രൂഷയ്ക്കു (Words of Institution) ശേഷം വിശ്വാസികളെ ആഹ്വാനം ചെയ്തുകൊണ്ടു പട്ടക്കാരൻ ഇപ്രകാരം പ്രാർത്ഥിക്കുന്നു: ഈ വലിയ രഹസ്യത്തിൽ നിങ്ങൾ സംബന്ധിക്കുമ്പോൾ ഇത് അനുഷ്ഠിച്ചുകൊണ്ട് ഞാൻ വരുന്നതുവരെ എന്റെ മരണത്തെയും പുനരുത്ഥാനത്തെയും ഓർത്തുകൊൾവിൻ. ഈ പ്രാർത്ഥനയെ തുടർന്ന് പട്ടക്കാരൻ ത്രോണോസിന്റെ വടക്കുഭാഗത്തു നിന്ന് ശ്മൂർത്തോ (ചെറിയ സ്പൂൺ) എടുത്ത് മുത്തിയശേഷം തർവോദോയോടുകൂടെ (കുഷ്യൻ) വളരെ വേഗത്തിൽ തെക്കുവശത്തു വയ്ക്കുന്നു.

ഇത് എന്തിനെസൂചിപ്പിക്കുന്നു?

തന്റെ രണ്ടാമത്തെ വരവിൽ കർത്താവ് മിന്നൽപോലെ ആകാശമേഘങ്ങളിൽ പ്രത്യക്ഷനാകുമെന്നതിന്റെ പ്രതീകമായിട്ടാണ് (മത്താ. 24:27) സ്പൂണും കുഷ്യനും പട്ടക്കാരൻ വളരെ വേഗത്തിൽ തെക്കുവശത്തു വയ്ക്കുന്നത്. സ്പൂൺ കർത്താവിന്റെയും കുഷ്യൻ കർത്താവിന്റെ സിംഹാസനത്തിന്റെയും പ്രതീകമായതിനാൽ ഇവ രണ്ടും വേഗത്തിൽ പട്ടക്കാരന്റെ വലതുവശത്തു വയ്ക്കുന്നത് ന്യായവിധിയിൽ പിതാവിന്റെ വലതുഭാഗത്തു സിംഹാസനത്തിൽ ഇരുന്നു താൻ ന്യായവിധി നടത്തും എന്നതിന്റെ സൂചനയാണ്.

തുടർന്ന് ഞാൻ വരുന്നതുവരെ എന്റെ മരണത്തെയും പുനരുത്ഥാനത്തെയും ഓർത്തുകോൾവിൻ എന്ന പട്ടക്കാരന്റെ ആഹ്വാനത്തിനു മറുപടിയായി ജനം 'ഞങ്ങളുടെ കർത്താവേ! നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുകയും........ നിന്റെ അനുഗ്രഹങ്ങൾ എല്ലാവരുടെ മേലും ഉണ്ടായിരിക്കേണമേ' എന്ന് പ്രതിവാക്യമായി ചൊല്ലുകയോ 'നാഥാ നിൻ മൃതിയോർത്തെങ്ങൾ........... വാഴ്വരുളുക - ഞങ്ങൾക്കെന്നും' എന്ന ഗീതം പാടുകയോ ചെയ്യുന്നു.

വിശ്വാസികളുടെ മേൽപ്പറഞ്ഞ പ്രതിവാക്യത്തിനു ശേഷം പട്ടക്കാരൻ കർത്താവേ നിന്റെ രണ്ടാമത്തെ വരവിനെയും, ന്യായവിധിയെയും ഞങ്ങൾ ഓർക്കുന്നു, ആ സമയം നിന്റെ ജനത്തോടു കരുണ തോന്നേണമെയെന്ന് പ്രാർത്ഥിക്കുന്നു. അതിനു മറുപടിയായി ജനം 'സർവ്വശക്തിയുള്ള പിതാവാം ദൈവമെ ഞങ്ങളുടെമേൽ കരുണ തോന്നേണമേ എന്ന്....... ഉത്തമനായുള്ളോവേ കരുണ തോന്നി ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമെ' എന്നു പ്രാർ ത്ഥിക്കുന്നു.

പരിശുദ്ധാത്മാവിന്റെ ആവാസത്തിനായുള്ള പട്ടക്കാരന്റെ പ്രാർത്ഥന

തുടർന്ന് പട്ടക്കാരൻ, യോർദ്ദാൻ നദിയിൽ വച്ച് പ്രാവിന്റെ രൂപത്തിൽ കർത്താവിന്റെ മേലും മാളികയിൽ വച്ച് അഗ്നി നാവുകളുടെ രൂപത്തിൽ ശ്ലീഹന്മാരുടെ മേലും ഇറങ്ങിയവനുമായ നിന്റെ പരിശുദ്ധ റൂഹായെ ഈ അപ്പ് വീഞ്ഞുകളിന്മേൽ അയച്ച് ആവസിപ്പിച്ച് അതിനെ ശുദ്ധീകരിക്കേണമേ എന്നു ചൊല്ലി കൈകൾ കാസാ പീലാസാമേൻ ആഘോഷിക്കുന്നു.

പരിശുദ്ധ റൂഹായെ ക്ഷണിച്ചുകൊണ്ടുള്ള പ്രാർത്ഥനയുടെ (Invocation of the Holy Spirit) പ്രസക്തി എന്താണ്?

പൗരസ്ത്യ സഭകളുടെ വിശ്വാസപ്രകാരം ഏതു കൂദാശയും പൂർണ്ണമാകുന്നത് പരിശുദ്ധ റൂഹായുടെ ആവസിപ്പോടുകൂടിയാണ്. വി. കുർബാനയാണെങ്കിൽ കൂദാശകളുടെ കൂദാശയാണ്. അതിന്റെ പൂർത്തീകരണത്തിനു പരിശുദ്ധ റൂഹായുടെ ആവസിപ്പ് ആവശ്യമാണ്. അതിനാലാണ് പട്ടക്കാരൻ പരിശുദ്ധ റൂഹായെ ക്ഷണിച്ചു പ്രാർത്ഥിക്കുന്നത്. ഈ സമയം വി. കുർബാനയുടെ ഒരു പരമോന്നത അവസ്ഥയാണ്. അതിന്റെ ഗൗരവത്തെ വിശ്വാസികൾക്കു പൂർണ്ണമായി മനസ്സിലാക്കി കൊടുക്കുവാൻ വേണ്ടി ശുശ്രൂഷക്കാരൻ ഇപ്രകാരം ആഹ്വാനം ചെയ്യുന്നു:

“എന്റെ വാൽസല്യമുള്ളവരെ ജീവനുള്ള പരിശുദ്ധ റൂഹാ........ ഈ നാഴിക എത്ര ഭയങ്കരവും എത്ര ഭ്രമിക്കത്തക്കതുമാകുന്നു. നിങ്ങൾ അടക്കത്തോടും ഭയത്തോടുംകൂടി നിന്നുകൊണ്ടു പ്രാർത്ഥിപ്പിൻ.”

സന്ദർഭത്തിന്റെ പ്രാധാന്യത്തെ ഉൾക്കൊണ്ടുകൊണ്ട് വിശ്വാസികൾ പ്രതിവാക്യമായി 'ഞങ്ങളെല്ലാവരോടുകൂടെ സമാധാനവും, ഞങ്ങൾ എല്ലാവർക്കും സംപ്രീതിയും ഉണ്ടായിരിക്കേണമേ' എന്നു പ്രാർത്ഥിക്കുന്നു.

തുടർന്ന് പട്ടക്കാരൻ 'കർത്താവേ എന്നോട് ഉത്തരമരുളണമേ' യെന്ന് ഹൃദയവേദനയോട് മൂന്നു പ്രാവശ്യം പ്രാർത്ഥിക്കുന്നു. ഇതുപോലെ ഒരു പ്രാർത്ഥന 1 രാജാ. 18:37ൽ കർമ്മേൽ പർവ്വതത്തിൽ യാഗപീഠം പണിതു ബലിവസ്തുക്കൾ വച്ചതിനു ശേഷം ഏലിയാ പ്രവാചകൻ നടത്തുന്നതായി വായിക്കുന്നു. “കർത്താവേ! എന്നോട് ഉത്തരം അരുളേണമേ, യഹോവേ നീയാണ് ദൈവം എന്നും, നീ അവരുടെ ഹൃദയങ്ങളെ വീണ്ടും നിങ്കലേക്കു തിരിച്ചുവെന്നും ഈ ജനം അറിയേണ്ടതിന് എനിക്ക് ഉത്തരം അരുളേണമേ” എന്നു പ്രാർത്ഥിക്കുന്നു. ഉടനെ യഹോവയുടെ തീ ഇറങ്ങി ഹോമയാഗവും വിറകും മണ്ണും ദഹിപ്പിച്ചു തോട്ടിലെ വെള്ളവും വറ്റിച്ചുകളഞ്ഞു അതുപോലെ പരിശുദ്ധ റൂഹായെ അയച്ച് ഈ അപ്പവീഞ്ഞുകളെ കർത്താവിന്റെ ശരീരരക്തങ്ങളായി തീർക്കേണമെ എന്നാണ് ഈ പ്രാർത്ഥനയിൽ ആവശ്യപ്പെടുന്നത്. ഇതിനു മറുപടിയായി ജനം ഒന്നടങ്കം കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ എന്ന് മൂന്നു പ്രാവശ്യം നുറുങ്ങിയ ഹൃദയത്തോടെ ചൊല്ലുന്നു.

അതിനു ശേഷം പട്ടക്കാരൻ അപ്പം തന്റെ കൈകളിൽ എടുത്ത്, പരിശുദ്ധാത്മാവിന്റെ ആവസിപ്പിന്റെ പ്രതീകമായി വലതുകരം അപ്പത്തിൻമേൽ ആവസിപ്പിച്ചുകൊണ്ട് പരിശുദ്ധ റൂഹാ ആവസിച്ച് ഈ അപ്പത്തെ ജീവൻ നൽകുന്ന ശരീരവും, രക്ഷാകാരവുമായ ശരീരവും ഞങ്ങളുടെ മ്ശിഹാ തമ്പുരാന്റെ ശരീരവുമാക്കിത്തീർക്കേണമെന്ന് പ്രാർത്ഥിക്കുന്നു. തുടർന്ന് കാസാ തന്റെ കൈകളിൽ എടുത്ത് പട്ടക്കാരൻ ഈ കാസായെ പുതിയ നിയമത്തിന്റെ രക്തവും, രക്ഷാകരമായ രക്തവും ഞങ്ങളുടെ ദൈവമായ മ്ശിഹാ തമ്പുരാന്റെ രക്തവും ആക്കിത്തീർക്കേണമേയെന്ന് പ്രാർത്ഥിക്കുന്നു. പട്ടക്കാരന്റെ മേൽപ്പറഞ്ഞ രണ്ടു പ്രാർത്ഥനകൾക്കും മറുപടിയായി വിശ്വാസികൾ 'ആമ്മീൻ' എന്നു ചൊല്ലുന്നു.

പട്ടക്കാരന്റെ ഈ പ്രാർത്ഥനയോടുകൂടി അപ്പവീഞ്ഞുകൾ തിരുശരീരരക്തങ്ങളായിത്തീരുന്നു.

മണ്ണിൽ നിന്നു മനുഷ്യനെയും ജീവജാലങ്ങളെയും രൂപാന്തരപ്പെടുത്തുകയും, കന്യകയിൽ നിന്നു ജഡം ധരിക്കുകയും ചെയ്ത അതേ ദൈവം തന്നെ അപ്പവീഞ്ഞുകളെ രൂപാന്തരപ്പെടുത്തി മനുഷ്യർക്ക് ആത്മീയ ഭക്ഷണമായിത്തീരുന്നു. ഈ ശരീരരക്തങ്ങൾ അനുഭവിക്കുന്നവർക്കാണ് പാപമോചനവും നിത്യജീവനും വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നത്. ഇതാണ് ഓർത്തഡോക്സ് സഭകളുടെ വിശ്വാസത്തിന്റെ അടിസ്ഥാനം.

തുബ്ദേൻ

തുബ്ദേൻ എന്ന സുറിയാനി വാക്കിന്റെ അർത്ഥം "ആകയാൽ വീണ്ടും"എന്നാണ്. ശുശ്രൂഷക്കാരൻ ഉറക്കെ ചൊല്ലുന്ന ആറു പ്രാർത്ഥനകൾ തുബ്ദേൻ എന്ന വാക്കിൽ ആരംഭിക്കുന്നതിനാൽ അത് ഈ മദ്ധ്യസ്ഥ പ്രാർത്ഥനയുടെ പേരായി. രണ്ടായി മടക്കാവുന്ന പലകകളിലായി, ഒന്നാമത്തെതിൽ ജീവിച്ചിരിക്കുന്നവരുടെയും രണ്ടാമത്തേതിൽ വാങ്ങിപ്പോയവരുടെയും പേരുകൾ എഴുതി വി. കുർബാനയിൽ വായിച്ചിരുന്നതിനാൽ ഗ്രീക്കിൽ ഈ മദ്ധ്യസ്ഥ പ്രാർത്ഥനകളുടെ പേര് Diptych എന്നാണ്. ഓരോ തുബ്ദേന്റെയും അവസാനത്തിൽ ശുശ്രൂഷക്കാരൻ കർത്താവിനോടു നാം പ്രാർത്ഥിക്കണം എന്ന് അപേക്ഷിക്കുന്നു. അതിനു പ്രതിവാക്യമായി വിശ്വാസികൾ കുറിയേലായിസ്സോൻ എന്നു ചൊല്ലുന്നു.

വി. കുർബാനയുടെ മദ്ധ്യഭാഗത്ത് ഈ മദ്ധ്യസ്ഥ പ്രാർത്ഥനകൾ (തുബ്ദേൻ) ഉൾപ്പെടുത്തിയതിന്റെ പ്രസക്തി എന്താണ്?

മദ്ധ്യസ്ഥ പ്രാർത്ഥനകൾ ഓർത്തഡോക്സ് വിശ്വാസത്തിന്റെ ഒരു അടിസ്ഥാനഘടകമാണ്. കാരണം ക്രിസ്തു പിതാവായ ദൈവത്തിന്റെ സന്നിധിയിൽ സദാ ലോകം മുഴുവനും വേണ്ടി മദ്ധ്യസ്ഥത അണച്ചുകൊണ്ടിരിക്കയാണ്. പട്ടക്കാരൻ വി. കുർബാനയും സകല മനുഷ്യർക്കും വേണ്ടിയാണ് അണയ്ക്കുന്നത്. ഇവിടെ ജീവിച്ചിരിക്കുന്നവർ എന്നും വാങ്ങിപ്പോയവർ എന്നും വ്യത്യാസമില്ല. എല്ലാവരും ക്രിസ്തുവിന്റെ സഭയിൽ സജീവരാണ്. വി. കുർബാനയിൽ ജീവിച്ചിരിക്കുന്ന വിശ്വാസികളും, വാങ്ങിപ്പോയ സകല വിശ്വാസികളും ഒന്നായി ചേർന്നു സംബന്ധിക്കുന്നു. ഇവർക്ക് അന്യോന്യം ഐക്യവും അഭിവൃദ്ധിയും ഉണ്ടാകുവാൻ വിശ്വാസികളായ നാം കർത്താവിനോട് മദ്ധ്യസ്ഥത യാചിക്കുന്നു. വിശ്വാസികളുടെ ഈ മദ്ധ്യസ്ഥ പ്രാർത്ഥന കർത്താവ് തന്റെ മദ്ധ്യസ്ഥതയോടൊപ്പം പിതാവായ ദൈവത്തിനു സമർപ്പിക്കുന്ന പ്രധാന മുഹൂർത്തമാണ് തുബ്ദേനുകൾ. വെറും വിശ്രമത്തിനുള്ള സമയമല്ല തുബ്ദേനുകൾ എന്നു വിശ്വാസികൾ മനസ്സിലാക്കണം.

തുബ്ദേനുകൾ മൊത്തം ആറെണ്ണമാണ്. ആദ്യത്തെ മൂന്നെണ്ണം ജീവനോടിരിക്കുന്നവർക്കു വേണ്ടിയും, രണ്ടാമത്തെ മൂന്നെണ്ണം വാങ്ങിപ്പോയ വിശ്വാസികൾക്കു വേണ്ടിയുമാണ്. ഒരു തുബ്ദേനിൽ മൂന്നു മദ്ധ്യസ്ഥ പ്രാർത്ഥനകൾ ഉണ്ട്. ശുശ്രൂഷക്കാരൻ വായിക്കുമ്പോൾ അതേ വിഷയത്തെപ്പറ്റി പട്ടക്കാരൻ രഹസ്യ പ്രാർത്ഥന (ഗ്ഹന്താകൾ)

Words of Institution and Invocation of the Holy Spirit

സുറിയാനി സഭയുടെ തക്സാ അനുസരിച്ച് വി. കുർബാനയിൽ സ്ഥാപന വചനവും (Words of Institution) പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനയും (Invocation of the Holy Spirit) ഉണ്ട്. വി. യാക്കോബിന്റെ തക്സായിൽ Words of Institution ഇപ്രകാരമാണ്. "പാപമില്ലാത്ത വൻ പാപികളായ നമുക്കുവേണ്ടി തിരുവിഷ്ടത്തോടെ മരണമനുഭവിപ്പാൻ ഒരുങ്ങിയപ്പോൾ, വി. കൈകളിൽ അപ്പമെടുത്ത് സ്തോത്രം ചെയ്ത, വാഴ്ത്തി ++ ശുദ്ധീകരിച്ച് + മുറിച്ച് # വിശുദ്ധ ശ്ലീഹന്മാർക്കു നൽകി, അവരോടരുൾ ചെയ്തു. ഇതു വാങ്ങി ഭക്ഷിപ്പിൻ, നിങ്ങൾക്കു വേണ്ടിയും അനേകർക്കു വേണ്ടിയും മുറിക്കപ്പെടുകയും പാപമോചനത്തിനും നിത്യജീവനുമായി നൽകപ്പെടുകയും ചെയ്യുന്ന എന്റെ ശരീരമാകുന്നു ഇത്."

"അപ്രകാരം തന്നെ കാസയും എടുത്ത് സ്തോത്രം ചെയ്ത് വാഴ്ത്തി + + ശുദ്ധീകരിച്ച് + പരിശുദ്ധ ശ്ലീഹന്മാർക്കു നൽകിക്കൊണ്ട് അരുൾ ചെയ്തു. ഇത് നിങ്ങൾ എല്ലാവരും വാങ്ങി പാനം ചെയ്യുവിൻ. നിങ്ങൾക്കു വേണ്ടിയും അനേകർക്കു വേണ്ടിയും ചൊരിയപ്പെടുകയും പാപമോചനത്തിനും നിത്യജീവനുമായി നൽകപ്പെടുകയും ചെയ്യുന്ന എന്റെ രക്തമാകുന്നു ഇത്." വി. മത്തായി 26: 26–29 വരെയുള്ള വാക്യങ്ങളുടെ പരാവർത്തനമാണിത്.

Invocation of the Holy Spirit, പരിശുദ്ധാത്മാവ് അപ്പവീഞ്ഞുകൾ മേൽ ആവസിച്ച് അവയെ യേശുക്രിസ്തുവിന്റെ ശരീരരക്തങ്ങളാക്കിത്തീർക്കുന്നതിനുവേണ്ടിയുള്ള പ്രാർത്ഥനയാണ്. ഇത് യാക്കോബിന്റെ തക്സായിൽ ഇങ്ങനെ കാണുന്നു. "പരിശുദ്ധാത്മാവ് ആവസിച്ച്, ഈ അപ്പത്തെ ജീവപ്രദമായ ശരീരവും + രക്ഷാകരമായ ശരീരവും + ഞങ്ങളുടെ ദൈവമായ മ്ശിഹാ തമ്പുരാന്റെ ശരീരവും + ആക്കിത്തീർക്കുമാറാകട്ടെ."

"ഈ കാസായെ പുതിയ നിയമത്തിന്റെ രക്തവും + രക്ഷാകരമായ രക്തവും + ഞങ്ങളുടെ ദൈവമായ മ്ശിഹാ തമ്പുരാന്റെ രക്തവും ആക്കിത്തീർക്കുമാറാക്കട്ടെ." സുറിയാനി സഭ Words of Institution ഉം Invocation of the Holy Spirit ഉം സ്വീകരിക്കുമ്പോൾ പാശ്ചാത്യർ Words of Institution കൊണ്ട് മാത്രം തൃപ്തിപ്പെടുന്നു.

കടപ്പാട്: റവ. ഡോ. വി.സി. ശമുവേൽ – സ്വാനുഭവവേദിയിൽ.

sNmÃns ¡ m - ncn ¡ pw. i p{ i q j ¡ക്കാരന്റെ പ്രാർത്ഥന കഴിയുമ്പോൾ ജനം കുറിയേലായിസ്സോൻ എന്ന് പ്രതിവാക്യം ചൊല്ലുന്നു. തുടർന്ന് പട്ടക്കാരൻ അതേ വിഷയത്തെപ്പറ്റി പരസ്യമായി ഒരു പ്രാർത്ഥന (പ്ശാത്താകൾ) നടത്തുന്നു. അങ്ങനെ ആറു തുബ്ദേനുകളായി പതിനെട്ടു പ്രാർത്ഥനകളാണ് ഉള്ളത്.

ഒന്നാമത്തെ തുബ്ദേനിൽ സത്യവിശ്വാസികളായ എല്ലാ മേൽപ്പട്ടക്കാരെയും പ്രത്യേകിച്ച് സഭാ തലവൻമാരായ അന്ത്യോഖ്യായിലെ മാർ ഇഗ്നാത്തിയോസിനെയും പൗരസ്ത്യ കാതോലിക്കാ മാർ ബസേലിയോസിനെയും യെറുശലേമിലെ മാർ ഗ്രീഗോറിയോസിനെയും അതാതു ഭദ്രാസനമെത്രാപ്പോലീത്തയെയും ഓർത്തു പ്രാർത്ഥിക്കുന്നു.

രണ്ടാമത്തെ തുബ്ദേനിൽ വിശ്വാസികളായ എല്ലാവരെയും, മൂന്നാമത്തേതിൽ സത്യവിശ്വാസികളായ ഭരണകർത്താക്കന്മാരെയും ഓർക്കുന്നു. നാലാമത്തെ തുബ്ദേനിൽ ദൈവമാതാവിനെയും, സകല വാങ്ങിപ്പോയ പരിശുദ്ധരെയും ശുദ്ധിമതികളെയും ഓർക്കുന്നു. അഞ്ചാം തുബ്ദേനിൽ ഓർത്തഡോക്സ് വിശ്വാസത്തിന് അടിസ്ഥാനമിട്ട നിഖ്യാ (എ.ഡി. 325), കുസ്തന്തീനോപോലീസ് (എ.ഡി. 381), എഫേസൂസ് (എ.ഡി. 431) എന്നീ മൂന്നു സാർവ്വത്രിക സുന്നഹദോസുകളെയും സഭയുടെ വിശ്വാസത്തെ അഭംഗുരം കാത്തുസൂക്ഷിക്കാൻ കഷ്ടപ്പെട്ട സകല പരിശുദ്ധന്മാരെയും ഓർക്കുന്നു. ആറാമത്തെ തുബ്ദേനിൽ സകല വാങ്ങിപ്പോയവരെയും ഓർക്കുന്നു.



Join the friendship circle of
Georgian Mirror on Facebook

അഞ്ചാം തുബ്ദേന്റെ പ്രത്യേകതകൾ എന്തെല്ലാം?

ദീർഘനേരം വായിച്ചു പല ആവർത്തി കേട്ട് വിരസത തോന്നിയിട്ടുള്ള ഒന്നാണ് അഞ്ചാം തുബ്ദേൻ. പക്ഷേ അതിന്റെ പ്രാധാന്യവും പ്രത്യേകതയും നമ്മുടെ വിശ്വാസികളായ എത്ര പേർക്ക് അറിയാം. ആയതിനാൽ ആ സുന്നഹദോസുകളെക്കുറിച്ചും പിതാക്കന്മാരെക്കുറിച്ചും ഒരു ചെറിയ വിവരണം ആവശ്യമെന്നു തോന്നുന്നു.

പ്രത്യേകതകൾ

അഞ്ചാം തുബ്ദേന്റെ ആദ്യഭാഗത്ത് ഓർത്തഡോക്സ് സത്യവിശ്വാസത്തിന് അടിസ്ഥാനമിട്ട മൂന്നു സാർവത്രിക സുന്നഹദോസുകളെയും രണ്ടാമത്തെ ഭാഗത്ത് സഭയുടെ സത്യവിശ്വാസത്തെ അഭംഗുരം കാത്തുസൂക്ഷിച്ച 26 ൽ പരം പരിശുദ്ധ പിതാക്കന്മാരെയും ഓർക്കുന്നു. മേൽപ്പറഞ്ഞ കാര്യങ്ങളെ കുറിച്ച് ഒരു ചെറു വിവരണം താഴെ കൊടുക്കുന്നു.

നിഖ്യാസുന്നഹദോസ് (എ.ഡി. 325)

റോമാ ചക്രവർത്തിയായിരുന്ന കുസ്തന്തിനോസ് എ.ഡി. 325 ൽ നിഖ്യായിൽ വിളിച്ചുകൂട്ടിയ സുന്നഹദോസാണ് ആദ്യത്തെ സാർവത്രിക സുന്നഹദോസ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 318 സഭാ പിതാക്കന്മാർ ഇതിൽ പങ്കെടുത്തു. അലക്സാന്ത്രിയൻ വൈദികനായ അറിയൂസിന്റെ വേദവിപരീത ഉപദേശത്തെക്കുറിച്ച് ചർച്ച ചെയ്യാനാണ് സുന്നഹദോസ് വിളിച്ചുകൂട്ടിയത്. വചനം (പുത്രൻ) സൃഷ്ടിയാണെന്നും, പിതാവിനു തുല്യനല്ലെന്നും, പിതാവിനെക്കാൾ താണവനാണെന്നും പുത്രൻ സൃഷ്ടിയാണെന്നതിനാൽ പുത്രനില്ലാത്ത ഒരവസ്ഥ ഉണ്ടായിരുന്നെന്നും ഉള്ള അബദ്ധോപദേശമാണ് അറിയൂസ് പഠിപ്പിച്ചത്. ഈ ഉപദേശത്തെ സുന്നഹദോസിൽ സംബന്ധിച്ച 318 പിതാക്കന്മാർ, വേദവിപരീതമാണെന്നു പ്രഖ്യാപിക്കുകയും "പുത്രൻ സാരാംശത്തിൽ പിതാവിനോട് സമത്വമുള്ളവൻ" എന്ന തത്വം അംഗീകരിക്കുകയും ചെയ്തു.

കുസ്തന്തിനോപോലീസിലെ സുന്നഹദോസ് (എ.ഡി. 381)

ചക്രവർത്തിയായിരുന്ന തേവോദോസിയോസ് എ.ഡി. 381 ൽ കുസ്തന്തിനോപോലീസിൽ വിളിച്ചു ചേർത്ത രണ്ടാം സാർവ്വത്രിക സുന്നഹദോസിൽ 150 സഭാ പിതാക്കന്മാർ സംബന്ധിച്ചു. പരിശുദ്ധാത്മാവിന്റെ ദൈവത്വത്തിനെതിരായി കുസ്തന്തീനോസ് ബിഷപ്പായിരുന്ന മക്കദോനിയോസിന്റെ പഠിപ്പിക്കലിന് എതിരായിട്ടാണ് സുന്നഹദോസ് വിളിച്ചുകൂട്ടിയത്. പരിശുദ്ധാത്മാവ് പിതാവിനോടു സമസാരാംശമുള്ള ആളല്ലെന്നും സത്യദൈവമല്ലെന്നും ഒരു സൃഷ്ടി മാത്രമായിരുന്നുവെന്നും അദ്ദേഹം പഠിപ്പിച്ചു. സുന്നഹദോസ് ഈ വേദവിപരീതത്തെ തള്ളി. വിശ്വാസ പ്രമാണത്തോടൊപ്പം പരിശുദ്ധാത്മാവിനെക്കുറിച്ച് "സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽനിന്നു പുറപ്പെട്ട് പിതാവിനോടും പുത്രനോടുംകൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും നിബിയന്മാർ മുഖാന്തിരം സംസാരിച്ചവനുമായ വിശുദ്ധ റൂഹായിലും ഞങ്ങൾ വിശ്വസിക്കുന്നു" എന്ന ഭാഗം കൂട്ടിച്ചേർത്തു.

എഫേസൂസ് സുന്നഹദോസ് (എ.ഡി. 431)

ചക്രവർത്തിയായ തെവോദോസിയോസ് രണ്ടാമൻ എ.ഡി. 431 ൽ എഫേസൂസിൽ വിളിച്ചുകൂട്ടിയ മൂന്നാമത്തെ സാർവ്വത്രിക സുന്നഹദോസാണിത്. കുസ്തന്തീനോസ് പോലീസിലെ ബിഷപ്പും അന്ത്യോഖ്യാ വേദശാസ്ത്രജ്ഞനുമായ നെസ്തോറിയോസിന്റെ പഠിപ്പിക്കലിന് എതിരായിട്ടാണ് ഈ സുന്നഹദോസ് വിളിച്ചുചേർത്തത്. അദ്ദേഹം "ക്രിസ്തുവിലുള്ള മനുഷ്യത്വത്തിന്റെയും ദൈവത്വത്തിന്റെയും യോജിപ്പിനെ" ചോദ്യം ചെയ്തു. മറിയാം മനുഷ്യത്വത്തിന്റെ മാത്രം മാതാവായിരുന്നുയെന്നും ആയതിനാൽ മറിയാമിനെ ക്രിസ്തുവിന്റെ മാതാവ് എന്നല്ലാതെ ദൈവമാതാവ് എന്നു വിളിക്കാൻ പാടില്ലയെന്നു പഠിപ്പിച്ചു. ഈ ഉപദേശത്തെ സുന്നഹദോസ് തള്ളിക്കളയുകയും "കന്യകമറിയം ദൈവമാതാവ് തന്നെയാണെന്ന്"വിശ്വാസപ്രമാണത്തിൽ കൂട്ടിച്ചേർക്കുകയും ചെയ്തു.

(തുടരും)

മതവും രാഷ്ട്രീയവും

■ ഫാ. ജോൺസൺ പുഞ്ചക്കോണം

മതവും രാഷ്ട്രീയവും തമ്മിൽ സർഗ്ഗാത്മകമായ ഒരു ബന്ധം നിലനിർത്തുകയാണ് ഭാരതത്തിന് ഇന്നിന്റെ ആവശ്യം. ഇന്നു കാണുന്ന സാമൂഹ്യ ധാർമ്മിക ഉന്നതിക്ക് മതങ്ങൾ ശക്തമായ സ്വാധീനം ചെലുത്തിയിട്ടുണ്ട് എന്ന യാഥാർത്ഥ്യം ചിലരെങ്കിലും വിസ്മരിക്കുന്നു. സാമൂഹ്യ സന്തുലിതാവസ്ഥ പരിരക്ഷിക്കുവാൻ മതങ്ങൾ പ്രത്യേകിച്ച് ക്രിസ്തീയ സഭകൾ നൽകിയിട്ടുള്ള സംഭാവനകൾ വിസ്മരിക്കരുത്.

കേരളത്തിൽ ഉടലെടുത്ത സ്റ്റേറ്റ് കോൺഗ്രസ് പ്രസ്ഥാനം കേരളത്തിലെ ക്രൈസ്തവ സഭയുടെ നേതൃത്വത്തിലുള്ള വിവിധ സമുദായങ്ങളുടെ സംഭാവനയാണ് എന്നതാണ് ചരിത്രം. കേരളത്തിൽ പള്ളിയോടനുബന്ധിച്ചു ആരംഭിച്ച പള്ളിക്കൂടങ്ങളാണ് ഇന്നു കാണുന്ന സാമൂഹ്യ ഉന്നതിക്ക് പ്രധാനകാരണമായത്. അത് പിന്നീട് രാഷ്ട്രീയസാമൂഹ്യ അവബോധത്തിലേക്കും, പ്രസ്ഥാനങ്ങളിലേക്കും വഴിമാറി. അതുകൊണ്ട് തന്നെ രാഷ്ട്രീയ പാർട്ടികളുടെ ആരംഭത്തിന് കാരണമായത് മതങ്ങളാണ് എന്നു നിസ്സംശയം പറയാം.

മതം എന്നാൽ വർഗ്ഗീയത എന്നോ വിഭാഗീയത എന്നോ പ്രചരിപ്പിക്കുവാൻ ശ്രമിക്കുന്നവർ രാഷ്ട്രീയ ഭൂതകണ്ണാടിയിലൂടെ ഇരുട്ടാക്കുവാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. എക്കാലത്തും ഇവിടെ എല്ലാ രാഷ്ട്രീയ കക്ഷികളും മതത്തെ പരമാവധി ചൂഷണം ചെയ്തു ഉപയോഗിക്കുവാനാണ് ശ്രമിക്കുന്നത്. സമൂഹത്തിലെ ചില വിഭാഗങ്ങളോട് ചില പ്രത്യേക താൽപര്യങ്ങൾ പുലർത്തുകയും ചില വിഭാഗങ്ങളെ അവഗണിക്കുകയും ചെയ്യുമ്പോൾ മത നേതാക്കന്മാർ പ്രതികരിക്കുന്നത് സ്വാഭാവികം മാത്രം. തെരഞ്ഞെടുപ്പ് അടുക്കുമ്പോൾ എല്ലാ രാഷ്ട്രീയ പാർട്ടികളും ഒളിഞ്ഞും തെളിഞ്ഞും മതനേതാക്കന്മാരുടെ സ്വാധീനം ഉപയോഗിക്കുവാൻ ശ്രമിക്കും എന്നത് യാഥാർത്ഥ്യമാണ്.

എല്ലാവർക്കും തുല്യനീതി എന്നതാണ് മതങ്ങൾ പ്രത്യേകിച്ച് ക്രിസ്തീയ സഭകൾ എക്കാലത്തും ഉയർത്തിപ്പിടിച്ചിട്ടുള്ളത്. സ്വന്ത മതത്തെ ആത്മാർത്ഥമായി സ്നേഹിക്കുകയും മറ്റു മതങ്ങളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്യുന്നതിലൂടെയാണ് മതസഹിഷ്ണുത അന്വർത്ഥമാകുന്നത്. സാമൂഹ്യനീതി ഉറപ്പാക്കേണ്ടത് മതങ്ങളുടെ ധർമ്മമാണ്.

ന്യൂനപക്ഷ-ഭൂരിപക്ഷ വ്യത്യാസമില്ലാതെ എല്ലാ വിഭാഗങ്ങളുടെയും ന്യായമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടണം. മതപ്രീണന സ്വഭാവം എക്കാലവും രാഷ്ട്രീയക്കാർ തങ്ങളുടെ താൽക്കാലിക ലാഭത്തിനു വേണ്ടി പിന്തുടരുന്ന യാഥാർത്ഥ്യമാണ്. നിവിലുള്ള സാഹചര്യത്തിൽ തങ്ങൾക്കു ലഭിക്കേണ്ട അർഹമായ പ്രാതിനിധ്യം സംരക്ഷിക്കപ്പെടാതെ വരുമ്പോഴാണ് പ്രതികരിക്കേണ്ടിവരുന്നത്. അതിനെവർഗ്ഗീയവൽക്കരിക്കുവാൻ ശ്രമിക്കുന്നത് നീതിയുക്തമല്ല.

അനീതി കൊടികുത്തിവാഴുന്നിടത്തു വിഭാഗീയ ഇല്ലാതാകണമെങ്കിൽ എല്ലാവർക്കും തുല്യനീതി ലഭ്യമാക്കുന്ന സംസ്കാരം നടപ്പിലാക്കണം. അടിസ്ഥാനവിദ്യാഭ്യാസമോ പ്രത്യേക കഴിവുകളോ പ്രവർത്തന പാരമ്പര്യമോ ഇല്ലാത്തവർ പോലും ഇന്ന് വിഭാഗങ്ങളുടെ സ്വാധീനത്താൽ പദവികൾ കയ്യടക്കുന്നു എന്നത് യാഥാർത്ഥ്യമാണ്.

ന്യൂനപക്ഷ-ഭൂരിപക്ഷ വ്യത്യാസമില്ലാതെ എല്ലാ വിഭാഗങ്ങളുടെയും കഴിവുള്ള നേതാക്കന്മാരുടെ പ്രാതിനിധ്യം നിലനിർത്തുവാൻ രാഷ്ട്രീയക്കാർ ശ്രദ്ധിക്കണം. സമൂഹത്തിൽ എല്ലാവർക്കും തുല്യനീതി ലഭിക്കുന്നു എന്ന ബോദ്ധ്യം ജനങ്ങൾക്ക് ഉണ്ടാവുകയും വേണം.

നിങ്ങൾക്കു താൽപര്യം ഇല്ലെങ്കിൽ രാഷ്ട്രീയത്തിൽ നിങ്ങൾ ഇടപെടുകയില്ല, നിങ്ങൾ ഇടപെടുന്നില്ലെങ്കിൽ നിങ്ങളുടെ താൽപര്യം സംരക്ഷിക്കപ്പെടുകയില്ല. നിങ്ങളുടെ ശബ്ദം അവിടെ കേൾക്കപ്പെടുകയുമില്ല.

ഇവിടെ മുസ്ലിം ലീഗ് ഇത്ര സീറ്റ് വേണമെന്ന് ആവശ്യപ്പെട്ടാൽ അത് തെറ്റല്ല!

എസ്.എൻ.ഡി.പി. സീറ്റ് ആവശ്യപ്പെട്ടാൽ അത് തെറ്റല്ല!

എൻ.എസ്.എസ്. സീറ്റ് ആവശ്യപ്പെട്ടാൽ അതു തെറ്റല്ല!

ചിലരെ കൂടെ നിർത്തുവാൻ വേണ്ടി അടുത്തകാലത്ത് കേന്ദ്രമന്ത്രി സ്ഥാനം നൽകിയതും തെറ്റല്ല?

സ്വന്തം മക്കളെ പിൻഗാമികളാക്കുവാൻ ശ്രമിക്കുന്നതും തെറ്റല്ല?

കത്തോലിക്കാ സഭ ഇന്ന സ്ഥാനാർത്ഥി ആയിരിക്കണം എന്ന് ആവശ്യപ്പെട്ടാൽ അതും തെറ്റല്ല!

ഓർത്തഡോക്സുകാരായ രാഷ്ട്രീയ നേതാക്കന്മാരെ തഴയരുത് എന്ന് രാഷ്ട്രീയ പാർട്ടികളോട് ആവശ്യപ്പെട്ടത് പാപമാണ് പോലും!

മുഖംമൂടിയണിഞ്ഞ അവസരവാദികളായ കുറെ സാമൂഹ്യ പരിഷ്കർത്താക്കൾ സടകുടഞ്ഞെഴുന്നേൽക്കുന്നു.

രാഷ്ട്രീയക്കാരെയും വാർത്താമാധ്യമങ്ങളെയും നേരായവിധത്തിൽ പ്രയോജനപ്പെടുത്തുന്നതിൽ നാം പരാജയപ്പെടുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. ഉചിതമായ സമയത്ത് വേണ്ടവിധത്തിൽ പ്രതികരിക്കുവാൻ നാം ഇനിയും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അഭിപ്രായവ്യത്യാസങ്ങൾ എപ്പോഴും എല്ലായിടത്തും ഉണ്ടാകും. എന്നാൽ സഭാ നേതൃത്വം ഒരു തീരുമാനം അറിയിച്ചാൽ അതിൽ ഉറച്ചുനിന്ന് നടപ്പിലാക്കുവാനാണ് നാം ശ്രദ്ധിക്കേണ്ടത്. പല കാരണങ്ങൾകൊണ്ടാണ് ഓർത്തഡോക്സ്കാരായ രാഷ്ട്രീയ നേതാക്കന്മാരെ തഴയരുത് എന്ന് രാഷ്ട്രീയ പാർട്ടികളോട് പരിശുദ്ധ കാതോലിക്ക ബാവയും സഭാ സെക്രട്ടറിയും ഉൾപ്പെടെയുള്ള സഭാ നേതൃത്വം ആവശ്യപ്പെട്ടത്. ഭാരതത്തിലെ പരമോന്നത നീതിപീഠത്തിൽനിന്നും മലങ്കര സഭയ്ക്ക് ഒരു വിധി തീർപ്പ് ഉണ്ടായിട്ടും അത് നടപ്പിലാക്കി തരേണ്ട കേരളത്തിലെ ഭരണകൂടം ചില രാഷ്ട്രീയക്കാരുടെ ഇടപെടൽമൂലം ഒഴിഞ്ഞുമാറുകയാണ് ചെയ്തത്. ചില കേസുകളുടെ വിധി വരുമ്പോൾ മാത്രം സുപ്രീംകോടി വിധി ശരിയാണെന്നും അതു നടപ്പിലാക്കണമെന്നും വാദിക്കുന്ന ഒരു രാഷ്ട്രീയ സംസ്കാരമാണ് കേരളത്തിൽ ഇന്നു നിലനിൽക്കുന്നത്. നീതിയും ന്യായവും നടപ്പിലാക്കി കിട്ടുവാൻ വേണ്ടി സഭാ നേതൃത്വം എടുക്കുന്ന നിലപാടുകളോടു യോജിച്ചു പ്രവർത്തിക്കുകയാണ് അഭികാമ്യമായിട്ടുള്ളത്. ഓർത്ത

കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങൾ

■ ജോസ് കുര്യൻ പുളിയേറിൽ

പ. മലങ്കര ഓർത്തഡോക്സ് സഭയിൽ പൗരസ്ത്യ കാതോലിക്കേറ്റ് സ്ഥാപിക്കപ്പെട്ടതിന്റെ ശതാബ്ദി കൊണ്ടാടുക വഴി പ. സഭയുടെ യശസ്സിനും സൽക്കീർത്തിക്കും മാറ്റ് കൂട്ടുവാൻ തക്കവിധം വി. യോഹന്നാൻ 8:32ൽ പറയുംപ്രകാരം "സത്യം നിങ്ങളെ സ്വതന്ത്രരാക്കുമെന്ന" ആപ്തവാക്യത്തിന് ഊന്നൽ നൽകി പ. സഭ ക്രമീകരിക്കുന്ന പദ്ധതിയാണ് കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങൾ. 2009 ഡിസംബർ 21 ന്, പ. മാർത്തോമ്മാ ശ്ലീഹയാൽ സ്ഥാപിതമായ നിരണം വലിയ പള്ളിയിൽ വച്ച് ആഘോഷങ്ങളുടെ ലോഗോ സമ്പൂർണ്ണ അംശവസ്ത്രധാരികളായ 101 വൈദികരുടെ സഹകരണത്തോടെ ആഘോഷ കമ്മിറ്റി ചെയർമാൻ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ നടന്ന സമൂഹബലിക്കു ശേഷം പ. കാതോലിക്കാ ബാവാ തിരുമേനി അനാവരണം ചെയ്യുകയുണ്ടായി. ആഘോഷ പരിപാടികൾ സഭാതലത്തിലും ഭദ്രാസനതലത്തിലും ഇടവകതലത്തിലും നടത്തപ്പെടണമെന്നാണു പ്രതീക്ഷിക്കുന്നത്.

ഇടവകതലം 2011 ജനുവരി 3 ന് എല്ലാ ഇടവകകളിലും ഒരുക്ക പ്രാർത്ഥനയും 2011ലെ ദൈവമാതാവിന്റെ വാങ്ങിപ്പുപെരുനാളിനോട് (ഓഗ.1-15) ചേർന്നുള്ള ദിവസങ്ങളിൽ ഒരുക്കധ്യാനവും ക്രമീകരിക്കുക, 2011 ആദ്യം (തീയതി പിന്നാലെ) ന്യൂഡൽഹിയിൽ അന്തർദ്ദേശീയ പ്രശസ്തർ പങ്കെടുക്കുന്ന സമ്മേളനവും അതിന്റെ മുന്നോടിയായി ന്യൂഡൽഹി വിജ്ഞാൻ ഭവനിൽ വച്ച് മലങ്കര സഭാ മാനേജിങ് കമ്മിറ്റിയും, പരിശുദ്ധ സുന്നഹദോസും സമ്മേളിക്കുക, അതേദിവസം പ. സഭയിലെ എല്ലാ ഇടവകകളിലും പതാകാദിനമായി ആചരിക്കുക. ഇടവകതലത്തിൽ സൗകര്യംപോലെ ഓർത്തഡോക്സ് വിശ്വാസം, മലങ്കരസഭയുടെ പാരമ്പര്യം, ദേശീയത, കുടുംബനവീകരണം, പരിസ്ഥിതി സംരക്ഷണം എന്നീ വിഷയങ്ങളെ അധികരിച്ച് പഠനക്ലാസുകൾ ക്രമീകരിക്കുക, 2012ൽ 80 വയസ്സ് പൂർത്തിയാകുന്നവരെ പ. കാതോലിക്കാ ബാവാ തിരുമേനി സമ്മാനിക്കുന്ന ആശംസാ കൽപന നൽകി ആദരിക്കുക, ഇടവകകളിൽ നടത്തപ്പെടുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ ശതാബ്ദി സ്മാരകങ്ങളായി മാറ്റുക എന്നിവയാണ്.

ഭദ്രാസനതലം 2011 ലെ കാതോലിക്കാ ദിനത്തിൽ ശതാബ്ദി വിളംബര സമ്മേളനങ്ങൾ നടത്തപ്പെടണം. മുംബൈ, ചെന്നൈ, കൊൽക്കത്ത, ബാംഗ്ലൂർ, അഹമ്മദാബാദ് ഭദ്രാസനകേന്ദ്രങ്ങളിൽ സർവ്വമത എക്യുമെനിക്കൽ സമ്മേളനങ്ങൾ നടത്തുക, എൻ.സി.സി.ഐ, ഡബ്ല്യു.സി.സി. എന്നിവയുമായി സഹകരിച്ച് ക്രമീകരിക്കാവുന്ന സമ്മേളനങ്ങളും മറ്റു സാംസ്കാരിക സമ്മേളനങ്ങളും നടത്തുക, കേരളത്തിലെ രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക നേതാക്കളെ പങ്കെടുപ്പിച്ച് തിരുവനന്തപുരം ചുങ്കത്തറ എന്നീ സ്ഥലങ്ങളിൽ കാതോലിക്കേറ്റ് സ്മൃതി സംഗമങ്ങൾ ഒരുക്കുക, 2011 ലെ കാതോലിക്കാ ദിനത്തിൽ ആഘോഷങ്ങളോടൊപ്പം ജീവകാരുണ്യ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കുക,

---

ഡോക്സുകാരായ പക്കാ രാഷ്ട്രീയക്കാരുണ്ട്. ഇരുകൂട്ടരെയും വെറുപ്പിക്കാതെ പോകണം എന്ന നിലപാടായിരിക്കും അവർ സ്വീകരിക്കുന്നത്.

യേശുക്രിസ്തു അന്ന് നിലനിന്നിരുന്ന രാഷ്ട്രീയത്തിൽ ഇടപെട്ടിരുന്നില്ല എന്നാണ് മിക്ക ക്രൈസ്തവരും വിശ്വസിക്കുന്നത്. അങ്ങനെ വിശ്വസിക്കുവാനാണ് നമുക്ക് താൽപര്യവും. എന്നാൽ ക്രിസ്തു അങ്ങനെ ആയിരുന്നില്ല. സമൂഹത്തിലെ നിലവിലുള്ള തെറ്റായ വ്യവസ്ഥിതിയെ കർത്താവ് ചോദ്യം ചെയ്തു. അധികാരവർഗ്ഗത്തിന്റെ മനുഷ്യത്വമില്ലാത്ത പ്രവൃത്തികൾക്കെതിരെ ചാട്ടവാർ എടുത്തു. ദൈവരാജ്യം സ്ഥാപിക്കപ്പെടണം എന്നു പ്രസംഗിച്ചു. റോമാ സീസറിനെദൈവത്തെപ്പോലെ ആരാധിക്കണം എന്ന തെറ്റായ നടപടികളെ ഇല്ലാതാക്കി.

ദൈവം എല്ലാ മനുഷ്യരെയും തുല്യരായി സൃഷ്ടിച്ചു. വിവേചനം മനുഷ്യനിർമ്മിതമാണ്. ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിന്റെ നിവാസികളും യഹോവയ്ക്കുള്ളതാകുന്നു (സങ്കീ.24:1).

മനുഷ്യരെക്കാൾ ദൈവത്തെ നാം അനുസരിക്കേണ്ടവരാകുന്നു

കൈസർക്കുള്ളത് കൈസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുപ്പിൻ എന്ന കൽപന നാം പാലിക്കണം.

നിങ്ങൾ ലോകത്തിന്റെ ഉപ്പാകുന്നു... നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു (മത്താ. 5:13-16).

സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള സകല അധികാരങ്ങളും എനിക്ക് നൽകപ്പെട്ടിരിക്കുന്നു ആകയാൽ നിങ്ങൾ പുറപ്പെട്ടു.... സകല ജാതികളെയും ശിഷ്യരാക്കിക്കൊള്ളുവിൻ (മത്താ. 28:18).

സമൂഹത്തിലെ അധഃസ്ഥിതരുടെയും പീഡിതരുടെയും പക്ഷം ചേർന്ന് അവർക്കു വേണ്ടി പ്രവർത്തിക്കുന്നവരായിരിക്കണം ക്രിസ്തീയ സമൂഹം.

ഊമനു വേണ്ടി നിന്റെ വായ് തുറക്കുക. ക്ഷയിച്ചുപോകുന്ന ഏവരുടെയും കാര്യത്തിൽ തന്നെ. നിന്റെ വായ് തുറന്നു നീതിയോടെ ന്യായം വിധിക്കുക. എളിയവനും ദരിദ്രനും ന്യായപാലനം ചെയ്തുകൊടുക്കുക. (സദൃ. 30:8,9) ഈ വാക്യങ്ങൾ എല്ലാം തന്നെ ക്രിസ്തീയ സഭ രാഷ്ട്രീയത്തിൽ നിന്ന് അകന്നു മാറി നിൽക്കണമെന്നല്ല മറിച്ച് രാഷ്ട്രത്തിന്റെ പുനർനിർമാണ പ്രവർത്തനങ്ങളിൽ ഭാഗഭാക്കുകൾ ആകുകയാണ് ഉത്തമമായിട്ടുള്ളത് എന്ന് ഉദ്ബോധിപ്പിക്കുന്നു.

ആത്മീയ പ്രസ്ഥാന പ്രവർത്തകരുടെ നേതൃത്വത്തിൽ നടത്തപ്പെടാവുന്നതും 2 വർഷം നീണ്ടുനിൽക്കുന്നതുമായ പരിപാടികൾ നടപ്പിലാക്കുക, 2012 ലെ കാതോലിക്കാദിനം മേഖലാടിസ്ഥാനത്തിലും സമീപ ഭദ്രാസനങ്ങളുടെ ചുമതലയിലും ശാസ്താംകോട്ട, കാർത്തികപ്പള്ളി, പാമ്പാക്കുട, പഴഞ്ഞി, നിരണം എന്നീ കേന്ദ്രങ്ങളിൽ വച്ച് ആഘോഷിക്കുക, വിദേശരാജ്യങ്ങളിലും യുക്തവും യോഗ്യവുമായ പരിപാടികൾ നടത്തുക എന്നിവയാണ്.

സഭാതലം 2011 ൽ നസ്രാണി പൈതൃകം വിളംബരം ചെയ്യുന്ന ഒരു പ്രദർശനം പരുമലയിൽ, ഇതിനോടൊപ്പം വൈദികർ, സർക്കാർ ജീവനക്കാർ, വ്യവസായികൾ, മാധ്യമപ്രവർത്തകർ, ശാസ്ത്രസാങ്കേതിക വിദഗ്ധർ, കലാകാരൻമാർ, വൈദ്യശാസ്ത്ര വിദഗ്ദ്ധർ, പ്രവാസികൾ, യുവാക്കൾ എന്നിവരുടെ പ്രത്യേക സമ്മേളനങ്ങൾ പരുമലയിൽ വച്ച്, 2012 സെപ്റ്റംബറിൽ കോട്ടയത്ത് വച്ച് പ. കാതോലിക്കാ ബാവാ തിരുമേനി വിളിച്ചുചേർക്കുന്ന ആഗോളതലത്തിലുള്ള ഇതര സഭാ മേലദ്ധ്യക്ഷ സമ്മേളനം, പരിശുദ്ധ അബ്ദേദ് മിശിഹാ പാത്രിയർക്കീസിന് ഉചിതമായ സ്മാരക നിർമ്മാണം, 2011 ലെ കാതോലിക്കാ ദിനനിധി സമാഹരണവുമായി ബന്ധപ്പെട്ട് തിരുവിതാംകോട് മുതൽ ബത്തേരി വരെ കാതോലിക്കേറ്റ് സ്മൃതിയാത്ര, 2012 സെപ്റ്റംബറിൽ എറണാകുളം മറൈൻ ഡ്രൈവിൽ ചേരുന്ന അത്യുജ്ജ്വല മഹാസമ്മേളനവും അതിന് മുന്നോടിയായി പതാക, കൊടിമര, വിളംബര ഘോഷയാത്രകളും. ശതാബ്ദി സ്മാരകമായി ഒട്ടേറെ ഈടുറ്റ ഗ്രന്ഥങ്ങളുടെയും മറ്റും പ്രസിദ്ധീകരണം, നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ, നിത്യസ്മാരകങ്ങളായി പരിലസിക്കാവുന്ന ഏതാനും പ്രോജക്ടുകൾ തുടങ്ങുക എന്നിവയാണ്.

ആഘോഷകമ്മിറ്റി കേന്ദ്ര ഓഫീസ് പ്രവർത്തിക്കുന്നത് കോട്ടയം ദേവലോകം അരമനയിലാണ്. ശതാബ്ദി ആഘോഷവുമായി ബന്ധപ്പെടുവാൻ ആഗ്രഹിക്കുന്നവർ വിശദാംശങ്ങൾക്കായി കേന്ദ്ര ഓഫീസുമായി ബന്ധപ്പെടുക.

കാതോലിക്കേറ്റ് ശതാബ്ദി
ആഘോഷ കമ്മിറ്റി ഓഫീസ്
കാതോലിക്കേറ്റ് അരമന,
ദേവലോകം, കോട്ടയം - 38
ഫോൺ: 04812578500,
samss _ Â: 9605098109
e-mail:cccco@mosc.in
jose-puliyeril@gmail.com

കാതോലിക്കേറ്റ് ശതാബ്ദി ലോഗോയുടെ വ്യാഖ്യാനം

1. പരിശുദ്ധ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ കർത്തൃശിഷ്യനായ പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ എ.ഡി. 52 ൽ സ്ഥാപിതമായ പുരാതനവും അതിശ്രേഷ്ഠ പാരമ്പര്യത്തിന്റെ ഉടമയുമായ ഒരു സഭയാണ്.
2. ഭാരതരാജ്യത്തിന്റെ ഭൂപടം സൂചിപ്പിക്കുന്നത് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ തികച്ചും ഭാരതീയമായ ഒരു ക്രൈസ്തവ സഭയാകുന്നു എന്നാണ്.
3. 1912 കാതോലിക്കേറ്റ് ഭാരതത്തിൽ സ്ഥാപിതമായ കാര്യവും തുടർന്ന് 2012 - മലങ്കര സഭയിൽ കാതോലിക്കേറ്റ് ദൈവകരുണയാൽ സുസ്ഥിരമായി നിലകൊണ്ട 100 വർഷങ്ങളെയും ചൂണ്ടിക്കാട്ടുന്നു.
4. കേരള സംസ്ഥാനത്തിന്റെ ഭാഗത്ത് കാതോലിക്കേറ്റ് എംബ്ലം കാണിച്ചിരിക്കുന്നത് മുഖാന്തിരമായി പ. മാർത്തോമ്മാ ശ്ലീഹായുടെ ശ്ലൈഹിക സിംഹാസനം കേരളത്തിലാണ് സ്ഥാപിതമായതെന്ന വസ്തുത വെളിപ്പെടുത്തുന്നു.
5. ഭാരതത്തിന്റെ ഒത്ത നടുക്ക് പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ ചിത്രം സ്ഥാപിച്ചിരിക്കുക വഴി പരിശുദ്ധൻ ഭാരതം മുഴുവന്റെയും കിഴക്കൊക്കെയുടെയും കാവൽപിതാവും, അപ്പോസ്തോലനുമെന്നു വ്യക്തമാക്കുന്നു. നമ്മുടെ കർത്താവിന്റെ പ്രത്യേക താൽപര്യപ്രകാരവും നിർദ്ദേശമനുസരിച്ചും പ. മാർത്തോമ്മാ ശ്ലീഹാ എ.ഡി. 52 ൽ ഭാരതത്തിലെത്തിയ കാര്യവും അനുസ്മരിക്കുന്നു.
6. ഭാരതത്തിന്റെ ഭൂപടത്തിൽ മുഴുവനുമായി കാതോലിക്കേറ്റ് പതാകയുടെ നിറം പകർന്നിരിക്കുന്നതിനാൽ പ.സഭയുടെ രാഷ്ട്രത്തോടുള്ള കൂറും ആദരവും അനാവരണം ചെയ്യുന്നു.
7. ലോഗോയ്ക്ക് ചുറ്റുമുള്ള വൃത്താകൃതി പ. മലങ്കരസഭ ദൈവത്തിന്റെ അളവറ്റ കരുണയാൽ ആഗോള സഭയായി ഉയർന്നിരിക്കുന്നതായി ഉറക്കെ പ്രഖ്യാപിക്കുന്നു.
8. ഭാരത ഭൂപടത്തിന്റെ ചുറ്റും ദേശീയ പതാകയുടെ നിറം പകർന്നിരിക്കുന്നതിനാൽ മലങ്കര സഭ ഭാരതത്തിന്റെ അതിർത്തികൾക്ക് പുറത്തും ഭാരതസഭയായി നിലകൊണ്ട് ശക്തിപ്രാപിച്ച് വരുന്നുവെന്നു പ്രസ്താവിക്കുന്നു.
9. സത്യം നിങ്ങളെ സ്വതന്ത്രരാക്കുമെന്ന വേദവാക്യം ആഘോഷങ്ങളുടെ ആപ്തവാക്യമായി സ്വീകരിക്കുക വഴി മലങ്കരസഭയുടെ അടിസ്ഥാനവും നാരായവേരും ലോകാരംഭത്തിനു മുമ്പേ നിലനിന്നിരുന്നതും മായമില്ലാത്തതുമായ വൈദിക തീരുമാനമാണെന്നും, വി. യോഹന്നാൻ 1:1ൽ പറയും പ്രകാരം വചനം ദൈവത്തോടുകൂടെയും വചനം ദൈവവുമാണെന്നും ഉച്ചൈസ്ഥരം ഉദ്ഘോഷിക്കുകയും ചെയ്യുന്നു.
10. വിവിധങ്ങളായ കാരണങ്ങളാൽ അസ്വാതന്ത്ര്യം അനുഭവിച്ച് വരുന്ന ആധുനിക മനുഷ്യരോട് ഏവരെയും വഴിയും സത്യവും ജീവനുമായ യേശുതമ്പുരാൻ സ്വതന്ത്രമാക്കുമെന്ന് ഓർമ്മപ്പെടുത്തുകയും, ഉറപ്പ് വാഗ്ദാനം ചെയ്യുകയുമാണ്.
11. ഏറ്റവും പുറമേയുള്ള വൃത്താകാരം ഓർത്തഡോക്സിയുടെ മാന്യതയും ശ്രേഷ്ഠതയും ഔന്നത്യവും ഉറപ്പിച്ചും തറപ്പിച്ചും പ്രഖ്യാപിക്കുന്നു. നമ്മുടെ പ. സഭ ലോകത്തെമ്പാടുമുള്ള ഓർത്തഡോക്സ് സഭകളുമായി ഉറ്റ സൗഹൃദത്തിലും സഹകരണത്തിലും, സഹവർത്തിത്വത്തിലുമാണെന്നു വിളിച്ചോതുകയും ചെയ്യുന്നു.

(ലേഖനകർത്താവ് കാതോലിക്കേറ്റ് സ്ഥാപനശതാബ്ദി ആഘോഷ കമ്മിറ്റി ഓഫീസ് സെക്രട്ടറിയാണ്)

സഖറിയാ മാർ അന്തോണിയോസ് കാരുണ്യനിലയം

■ ഫാ. സൈമൺ ജോസഫ്



കൊച്ചി ഭദ്രാസന മുൻ മെത്രാപ്പോലീത്ത അഭിവന്ദ്യ സഖറിയാ മാർ അന്തോണിയോസ് തിരുമേനി തുടങ്ങിയതും പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ രക്ഷാധികാരിയും കൊച്ചി ഭദ്രാസനമെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമേനി അദ്ധ്യക്ഷനുമായി ട്രാവൻകൂർ - കൊച്ചിൻ ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് (രജി. ന. 515/06) കൊച്ചി കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളജിനു സമീപം പ്രവർത്തിക്കുന്നതുമായ സഖറിയാ മാർ അന്തോണിയോസ് കാരുണ്യനിലയം ചുരുങ്ങിയ രണ്ടര വർഷക്കാലംകൊണ്ട് നിർധനരായ രോഗികളുടെയും പ്രയാസപ്പെടുന്നവരുടെയും അത്താണിയും സഭയുടെ അഭിമാനവുമായി തീർന്നിട്ടുണ്ട്.



5540 ച.അടി കെട്ടിടഭാഗവും മെഡിക്കൽ കോളജിന് ഒന്നര കി.മീ. ദൂരത്ത് 40 സെന്റ് സ്ഥലവും കാരുണ്യനിലയത്തിന് സ്വന്തമായി കഴിഞ്ഞു. ഇതിലേക്കായി ആകെ ഒന്നര കോടി രൂപയിലധികം ഇതിനോടകം സംഭാവനയായി ലഭിച്ചിട്ടുണ്ട്. ജാതിമതഭേദമെന്യേ എല്ലാ ആളുകളുടെയും നിസീമമായ സഹകരണം ഉണ്ടായിട്ടുണ്ട് എന്നത് നന്ദിയോടെ, പ്രാർത്ഥനയോടെ ഓർക്കുന്നു.

250ൽ പരം രോഗികൾക്കും അവരുടെ സഹായികൾക്കും ഉച്ചഭക്ഷണവും 40ൽ പരം രോഗികൾക്ക് മരുന്നും ഞായർ ഒഴികെ ഉള്ള എല്ലാ ദിവസങ്ങളിലും സൗജന്യമായി നൽകുന്നു. 17ൽ പരം രോഗികൾക്ക് വിശ്രമസൗകര്യവും ഒരുക്കിയിട്ടുണ്ട്.

വർദ്ധിച്ചുവരുന്ന ചികിൽസാ ചെലവ് പാവപ്പെട്ട രോഗികളെയും അവരുടെ കുടുംബാംഗങ്ങളെയും വലയ്ക്കുകയും അവരുടെ മാനസിക ശാരീരിക അവസ്ഥയെ ഏറെ പരിതാപകരമാക്കുകയും ചെയ്യുന്നു. ഈ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് സൗജന്യമായോ സൗജന്യ നിരക്കിലോ രോഗികൾക്ക് വേണ്ട കൗൺസലിംഗ്, ലാബ്, എക്സ്-റേ, സ്കാനിംഗ്, ഡയാലിസിസ് സെന്റർ, ബ്ലഡ് ബാങ്ക്, ആംബുലൻസ് എന്നീ സൗകര്യങ്ങൾ ഭാവിയിൽ ക്രമീകരിക്കുവാൻ കാരുണ്യനിലയം ലക്ഷ്യമിടുന്നു.

പ്രമേഹം, രക്തസമ്മർദ്ദം, ഹൃദയ സംബന്ധമായ മറ്റു രോഗങ്ങൾ എന്നിവയാൽ വലയുന്നവർക്ക് ഓരോ രോഗത്തിനും മാസംതോറും 90 ൽ അധികം ഗുളിക ആവശ്യമായി വരുന്നു. കാരുണ്യനിലയത്തിൽ നിന്ന് അവർക്ക് മരുന്നുകൾ നൽകുമ്പോൾ നിറകണ്ണുകളോടെ, ഈ മരുന്നു ലഭിച്ചില്ലെങ്കിൽ മരുന്നു കഴിക്കുകയില്ല എന്നു പറയുന്ന പാവപ്പെട്ടവരുടെ അവസ്ഥ ഏറെ സങ്കടകരവും നമ്മുടെ കണ്ണുകളെ ഈറനണിയിക്കുന്നതുമാണ്. ഇവരുടെ കണ്ണീരൊപ്പാൻ സാന്ത്വനവും ആശ്വാസവുമേകാൻ നമുക്കൊത്തൊരുമിക്കാം.

നിങ്ങളുടെ അദ്ധ്വാനഫലത്തിൽ നിന്നും ഒരു നിശ്ചിത തുക വിശേഷാവസരങ്ങളിൽ (ജൻമദിനം, വിവാഹ വാർഷികം, പ്രിയപ്പെട്ടവരുടെ ഓർമ്മ) മരുന്നുവിതരണത്തിനും ഭക്ഷണവിതരണത്തിനുമായി മാറ്റിവയ്ക്കുന്നത് ഏറ്റവും ഉചിതമായിരിക്കും. ഇതിലേക്ക് മാസംതോറും 50,000/- രൂപയോളം നമുക്ക് ചെലവുണ്ട്. സംഭാവനയുടെ വലിപ്പച്ചെറുപ്പമല്ല, പലതുള്ളി പെരുവെള്ളം എന്ന പഴഞ്ചൊല്ല് നമുക്കോർക്കാം. ലോകത്തിലുള്ള എല്ലാവരുടെയും സങ്കടങ്ങൾക്ക് അറുതിവരുത്തുവാൻ കഴിഞ്ഞില്ലെങ്കിലും കുറച്ചുപേരെയെങ്കിലും ആ നല്ല ശമരിയാക്കാരനെപ്പോലെ ഹൃദയത്തോട് ചേർത്തുപിടിക്കാം. പ്രാർത്ഥിക്കുക, പ്രവർത്തിക്കുക, സഹായിക്കുക ഇതാകട്ടെ നമ്മുടെ മുദ്രാവാക്യം.

വിശദവിവരങ്ങൾക്ക്:

വർക്കിംഗ് പ്രസിഡന്റ്
Mobile: 94470 10386
E-mail: rev.fr.simonjoseph@gmail.com
web: karunyanilayamcochin.org.
Ph.: 0484 - 2110726

St. George Orthodox Valiyapally, Palarivattom

ആരാധനാ സമയം

ഞായറാഴ്ച പ്രഭാതനമസ്കാരം - രാവിലെ 6.30ന്
ഞായറാഴ്ച വിശുദ്ധ കുർബ്ബാന- രാവിലെ 7.30ന്
രണ്ടാം ശനിയാഴ്ചയും മാറാനായ പെരുന്നാളുകളിലും
വി.കുർബ്ബാന- രാവിലെ 6.45ന്
എല്ലാ ദിവസവും സന്ധ്യാനമസ്കാരം
- വൈകിട്ട് 6.30ന്
എല്ലാ ശനിയാഴ്ചകളിലും സന്ധ്യാ നമസ്കാരത്തെ
തുടർന്ന് രോഗികൾക്കുവേണ്ടിയുള്ള പ്രാർത്ഥനയും
പ. പരുമല തിരുമേനിയുടെ നാമത്തിലുള്ള
മദ്ധ്യസ്ഥ പ്രാർത്ഥനയും

സെന്റ് ജോർജ് ബുക്സ്റ്റാൾ പാലാരിവട്ടം

പാലാരിവട്ടം സെ. ജോർജ് ഓർത്തഡോക്സ് വലിയപള്ളിയുടെ സംരംഭമായ സെ. ജോർജ് ബുക്സ്റ്റാളിൽ ആരാധനാ പുസ്തകങ്ങൾ, നമസ്കാരക്രമങ്ങൾ, വി. കുർബാനക്രമം, സുവിശേഷ ഗീതങ്ങൾ, ബൈബിൾ, സഭാചരിത്രം, സഭാ വിജ്ഞാനകോശം എന്നിങ്ങനെയുള്ള ഗ്രന്ഥങ്ങൾക്കു പുറമെ പള്ളി സംബന്ധമായ വിവിധ വസ്തുക്കളും (മെഴുകുതിരി, എണ്ണ, ഫോട്ടോകൾ, ചിത്രങ്ങൾ, Miniature icons, CDs, Pendants, Lockets, കുരിശുകൾ തുടങ്ങിയവ) ലഭ്യമാണ്. എല്ലാ ദിവസവും വൈകുന്നേരത്തും ഞായറാഴ്ച, പെരുന്നാളുകൾ എന്നീ ദിവസങ്ങളിൽ വി. കുർബാനയ്ക്കു ശേഷവും ബുക്ക് സ്റ്റാൾ പ്രവർത്തിക്കുന്നതാണ്.

Phone : 0484 2346096

ഒരു നവോത്ഥാനനായകന്റെ അറിയപ്പെടാത്ത ഏടുകൾ



■ **പോൾ മണലിൽ**

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമൻ കേരളത്തിന്റെ ആദ്യ നവോത്ഥാനനായകനാണെന്ന ആശയം അവതരിപ്പിക്കുന്ന ഗ്രന്ഥമാണ് ഫാ. ഡോ. ജേക്കബ് കുര്യൻ സംശോധനം ചെയ്തു തയ്യാറാക്കിയ 'യുഗതേജസ്സ്'. പത്തൊമ്പതാം നൂറ്റാണ്ടിൽ കേരളത്തിലെ സാമൂഹിക ജീവിതവുമായി ബന്ധപ്പെട്ട വ്യത്യസ്ത മേഖലകളിൽ നേതൃത്വം നൽകി പ്രവർത്തിച്ച പുലിക്കോട്ടിൽ രണ്ടാമൻ ആധ്യാത്മിക, സാമുദായിക, സാംസ്കാരിക, വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ സാമൂഹ്യ വിപ്ലവത്തിന്റെ ചാലകശക്തിയായി വർത്തിച്ചതായി വിശദീകരിക്കുന്ന അമ്പതോളം പഠനങ്ങളും കുറിപ്പുകളുമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം.

പുലിക്കോട്ടിൽ രണ്ടാമൻ ഒരു ബഹുമുഖ വ്യക്തിത്വമായിരുന്നു. ശ്രീനാരായണഗുരു (1854-1928) ജനിക്കുന്നതിനു മുമ്പുതന്നെ അജ്ഞതകൾക്കും അന്ധവിശ്വാസങ്ങൾക്കും ജാതിവിവേചനങ്ങൾക്കും എതിരേ പോരാടിയ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് (1833-1909) കേരള പ്രബുദ്ധതയുടെ മുഖ്യ ശിൽപിയായിരുന്നു. വിദ്യകൊണ്ട് പ്രബുദ്ധരാകുവിൻ എന്ന് ശ്രീനാരായണഗുരു ഉദ്ഘോഷിപ്പിക്കുന്നതിനു മുമ്പ് കേരളത്തിൽ ഇരുനൂറ്റിയമ്പതോളം സ്കൂളുകൾ സ്ഥാപിച്ച് വിദ്യാ പ്രബുദ്ധതയുടെ പ്രവാചകനായി പുലിക്കോട്ടിൽ രണ്ടാമൻ.

ഇന്നത്തെ കേരളം തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ മൂന്നായി മുറിഞ്ഞുകിടന്നിരുന്ന കാലത്ത് കേരള പതാക എന്ന പേരിൽ അഖണ്ഡ കേരളത്തിന്റെ കാഹളം ഉയർത്തിക്കൊണ്ട് പത്രപ്രവർത്തനരംഗത്തേക്ക് കടന്നുവന്ന പ്രതിഭാശാലിയായിരുന്നു പുലിക്കോട്ടിൽ രണ്ടാമൻ. ഭാരതത്തിനു സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുമ്പ് പൗരസ്ത്യ ആധ്യാത്മിക പാരമ്പര്യത്തിൽ അധിഷ്ഠിതമായ തദ്ദേശീയ സഭയുടെ സ്വാതന്ത്ര്യം ഉദ്ഘോഷിച്ചു അദ്ദേഹം. തന്റെ സമുദായത്തിന് ഒരു ജനാധിപത്യ ഭരണ സംവിധാനം വിഭാവനം ചെയ്യുക വഴി മലങ്കര ഓർത്തഡോക്സ് സഭയുടെ ദേശീയ വീക്ഷണത്തിന് പുലിക്കോട്ടിൽ രണ്ടാമൻ വ്യവസ്ഥിതിയും ദർശനവും അവതരിപ്പിച്ചു. സുറിയാനി ക്രിസ്ത്യാനി അസോസിയേഷനും മലങ്കര മഹാജനസഭയും അഭിവൃദ്ധിനീ സംഘവും മറ്റും സമാരംഭിച്ച അദ്ദേഹമാണ് പിൽക്കാലത്ത് കേരളത്തിൽ രൂപംകൊണ്ട എസ്.എൻ.ഡി.പി. യോഗത്തിന്റെയും നായർ സർവീസ് സൊസൈറ്റിയുടെയും യോഗക്ഷേമ സഭയുടെയും മറ്റും മാർഗ്ഗദർശിയെന്നു ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും കേരള ചരിത്രത്തിലെ നവോത്ഥാനകാലം അന്വേഷിക്കുന്നവർക്ക് ഈ യാഥാർത്ഥ്യത്തെ തള്ളിക്കളയാൻ കഴിയില്ല.

